Reg. No. C. 101, M. 2293

ഒറ്റപ്രതിക്കു 2ണ.

St: Mary's C. G. H. S.
Ernakulam

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 | 1127 വൃശ്ചികം 26—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 ഡിസംബർ 12 | ലക്കം 16

## ലോകത്തിൽ കാണുന്ന തിന്മ


(കെ. പി. ജേക്കബ് ബി. എസ്‌സി., ഇരിങ്ങാലക്കുട)

ദൈവം ഉദ്ദേശിക്കുന്ന യഥാർത്ഥവും, ശാശ്വതവുമായ സമാധാനത്തിൽ രണ്ടു പ്രധാന സംഗതികൾ ഉണ്ടു്. ഒന്നാമതായി, ക്രിസ്തുവിന്റെ സമാധാനം ആന്തരികമായിട്ടുള്ളതാണു്. നമ്മുടെ ഹൃദയങ്ങളിലാണു് ദൈവം അതു സ്ഥാപിക്കുന്നതു്. നമ്മുടെ കർത്താവു് ഭൂമിയിൽ അവതരിച്ചു്, പാപത്തിലും അഴിമതിയിലും മുങ്ങിക്കിടന്നിരുന്ന മനുഷ്യവർഗ്ഗത്തോടു് "നിങ്ങൾ കുണ്ഠിതപ്പെടേണ്ട, ഞാനിവിടെ വന്നിരിക്കുന്നതിനാൽ നിങ്ങളെ അലോഹ്യപ്പെടുത്താതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണു്. നിങ്ങൾ ഇപ്പോൾ എപ്രകാരമാണോ, അതുപോലെതന്നെ തുടർന്നുകൊള്ളുക. നിങ്ങൾക്കിഷ്ടമുള്ളതു ചെയ്യുക. ഇഷ്ടമുള്ളതിൽ വിശ്വസിക്കുക. ഇഷ്ടമുള്ളപോലെ ജീവിക്കുക" എന്നു് പറഞ്ഞിരിക്കുവാൻ നിർവ്വാഹമില്ല.

തീർച്ചയായും ഇല്ല. അഴിമതി കൊണ്ടു അന്ധരായ മനുഷ്യർക്കു് സമാധാനത്തിന്റെ ശുഭ്രവസ്ത്രം സമ്മാനിക്കുവാനും, അങ്ങനെ എല്ലാം ശരിപ്പെടുത്തുവാനും അവിടുന്നു് കരുതിയിട്ടില്ലതന്നെ. കാൽവരിയിലെ ആ ഭയങ്കരരംഗം—നമ്മുടെ രക്ഷകന്റെ രക്തത്തിലും, കണ്ണുനീരിലും, പങ്കപ്പാടിലും കലാശിച്ച ആ ദാരുണസംഭവം — ഇത്തരത്തിലുള്ള അർത്ഥശൂന്യമായ ചിന്താഗതിയെ എന്നന്നേക്കുമായി തള്ളിക്കളയുന്നു.

രണ്ടാമതായി, ക്രിസ്തുനാഥൻ ഭൂമിയിൽ അവതരിച്ചതു്, മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്ന അവന്റെ മനഃസ്വാതന്ത്ര്യം അവനിൽനിന്നും എടുത്തു്, ഭൂമിയിൽ ഒരു കൃത്രിമസമാധാനം സ്ഥാപിക്കുവാനല്ല. മനുഷ്യനെ ബലാൽക്കാരമായി നന്മചെയ്യിക്കുവാൻ അവിടുന്നു് ഉദ്ദേശിച്ചിട്ടില്ല. നിർബന്ധിതമതം ദൈവത്തിനും മനുഷ്യനും ഒരുപോലെ അപമാനകരമാണു്.

മനുഷ്യന്റെ മനസ്സിലും, ഹൃദയത്തിലും, ആന്തരികമായി ഒരു പരിവർത്തനം ഉണ്ടാക്കുവാനാണു് നമ്മുടെരക്ഷകൻ അവതരിച്ചതു്. നമ്മുടെ അഴിമതികൾക്കും പാപങ്ങൾക്കും പരിഹാരമായി തന്നെത്തന്നെ പിതാവായ ദൈവത്തിനു് ബലിയർപ്പിക്കുന്നതിനാണു് അവിടുന്നു് ഇഹലോകത്തിൽ പിറന്നതു്. വിശ്വാസത്തിന്റെ വെളിച്ചത്തിലൂടെ, നമ്മുടെ മനസ്സിനെ അവിടുത്തെ സത്യത്തിലേക്കു് നയിക്കുവാനും, അങ്ങനെ തെറ്റായ മാർഗ്ഗങ്ങളിൽനിന്നു് പിന്തിരിക്കുവാനുമാകുന്നു അവിടുന്നു് ആഗതനായതു്. പരസ്നേഹംവഴി, നമ്മുടെ ഹൃദയം അവിടുത്തെ സ്നേഹം മനസ്സിലാക്കുവാനും, അങ്ങനെ മനുഷ്യഹൃദയത്തിൽനിന്നും സ്വാർത്ഥവും അധർമ്മവും നിർമ്മാർജ്ജനം ചെയ്യുവാനുമാണു് അവിടുന്നു് ഭൂജാതനായതു്. അവിടുത്തെ വരപ്രസാദങ്ങളുടെ സഹായത്താൽ, അവിടുത്തെ സ്വീകരിക്കുവാൻ സന്നദ്ധരാകുന്നവരെ, വാസ്തവമായും സത്യമായും പുനർജ്ജീവിപ്പിക്കുവാനാണു് അവിടുന്നു് മനുഷ്യനായി അവതരിച്ചതു്. അവിടുന്നു വന്നതു് നമ്മുടെ സ്വാതന്ത്ര്യം നശിപ്പിക്കുവാനല്ല; നേരെമറിച്ചു് അതു പരിപൂർണ്ണമാക്കുവാനാണു്. മനുഷ്യൻ പറുദീസായിൽനിന്നു് സ്വമനസ്സാലെ പുറത്തുപോന്നതിനാൽ, അവൻ മടങ്ങിച്ചെല്ലുന്നതും സ്വമനസ്സാലെ വേണമെന്നു് അവിടുന്നു് ആഗ്രഹിക്കുന്നു.



പറവൂർ കോട്ടയ്ക്കാവു് പള്ളിയിൽ 1951 നവംബർ 13, 14, 15 തിയതികളിൽ മെത്രാപ്പോലീത്താ തിരുമനസ്സിലെ പൗരോഹിത്യസുവർണ്ണജൂബിലി പ്രമാണിച്ചു നടത്തപ്പെട്ട നാല്പതുമണിയാരാധനയ്ക്കുവേണ്ടി തയ്യാർചെയ്ത മനോഹരമായ പന്തലിന്റെ ഫ്രണ്ടു്വ്യൂ.

ഇവയിൽനിന്നെല്ലാം, ദൈവത്തിന്റെ പരിപാടിയിൽ, ഇഹലോകത്തിൽ തിന്മയുണ്ടായിരിക്കുവാനുള്ള താൽക്കാലികാനുവാദം അവിടുന്നു നൽകുന്നതായിവേണം കരുതുവാൻ. ദൈവം നമുക്കു പ്രദാനംചെയ്യുന്ന കുരിശുകളുടെ മഹത്തായ രഹസ്യവും ഇതിൽതന്നെയാണു് അടങ്ങിയിരിക്കുന്നതു്.

ആദ്യമായും, അവസാനമായും, എല്ലായ്പോഴും ഒരു കാര്യം നാം ഓർക്കണം. അതായതു് തിന്മയുണ്ടാകുവാൻ ദൈവം തിരുമനസ്സാകുന്നില്ല. അതുപോലെ തിന്മയില്ലാതാകുവാനും അവിടുന്നു് തിരുമനസ്സാകുന്നില്ല. എന്നാൽ തിന്മയുണ്ടാകുന്നതിനുള്ള അനുവാദം നൽകുവാൻ (തിന്മയെ തടയാതിരിപ്പാൻ) അവിടുന്നു തിരുമനസ്സാകുന്നു.

തിന്മയുണ്ടാകുവാൻ ദൈവം ഇച്ഛിക്കുന്നുവെന്നു പറയുന്നതു് അങ്ങേഅറ്റത്തെ ദൈവദൂഷണമാകുന്നു. സർവ്വനന്മസ്വരൂപിയായ ദൈവത്തിനു് ഏതെങ്കിലും തരത്തിൽ തിന്മചെയ്യുന്നതിനു് അസാദ്ധ്യമാണു്. നേരെമറിച്ചു് തിന്മയില്ലാതാകുവാനും ദൈവം തിരുമനസ്സാകുന്നില്ല. ദൈവം സർവ്വശക്തനാണു്. അവിടുന്നു് വിചാരിക്കുന്നതെല്ലാം അതുപോലെ നടക്കുന്നു. ലോകത്തിൽ തിന്മയുണ്ടാകരുതെന്നു് അവിടുന്നു് തിരുമനസ്സായാൽ, താൻ സർവ്വശക്തനാകയാൽ, പിന്നെ തിന്മയുണ്ടാകയില്ല. ഏതായാലും ലോകത്തിൽ തിന്മയുണ്ടു് — വളരെയധികമുണ്ടു്. ദൈവം തിന്മയുണ്ടാകുവാൻ അനുവദിക്കുന്നതുകൊണ്ടുമാത്രമാണു് ലോകത്തിൽ തിന്മയുള്ളതു്. എന്തെങ്കിലും വിശേഷാൽ ഗുണങ്ങൾ ഉന്നംവച്ചുകൊണ്ടല്ലാതെ തിന്മയുണ്ടാകുവാൻ ദൈവം അനുവദിക്കുന്നില്ല.

ഈ സത്യം ക്രിസ്തുനാഥൻതന്നെ ഗോതമ്പിന്റെയും കളകളുടേയും ഉപമവഴി നമ്മെ പഠിപ്പിച്ചിട്ടുണ്ടു്. "അവൻ മറ്റൊരു ഉപമ അവർക്കു പറഞ്ഞുകൊടുത്തു. സ്വർഗ്ഗരാജ്യം ഒരു മനുഷ്യൻ തന്റെ നിലത്തു് നല്ലവിത്തു് വിതച്ചതിനോടു് സദൃശമാകുന്നു. മനുഷ്യൻ ഉറങ്ങുമ്പോൾ അവന്റെ ശത്രു വന്നു്, ഗോതമ്പിന്റെ ഇടയിൽ കള വിതച്ചു് പൊയ്ക്കളഞ്ഞു. ഞാറു വളർന്നു കതിരായപ്പോൾ കളയും കാണായ്വന്നു. അപ്പോൾ വീട്ടുടയവന്റെ ദാസന്മാർ അവന്റെ അടുക്കൽ ചെന്നു: യജമാനനേ, വയലിൽ നല്ല വിത്തല്ലയോ വിതച്ചതു്? പിന്നെ കള എവിടെനിന്നു വന്നു എന്നു ചോദിച്ചു. ഇതു ശത്രു ചെയ്തതാകുന്നു എന്നു് അവൻ അവരോടു പറഞ്ഞു. ഞങ്ങൾ പോയി അതു പറിച്ചുകൂട്ടുവാൻ സമ്മതമുണ്ടോ എന്നു്

ദാസന്മാർ അവനോടു ചോദിച്ചു. അതിനു അവൻ: ഇല്ല, പക്ഷെ കളപറിക്കുമ്പോൾ ഗോതമ്പുംകൂടെ പിഴുതുപോകും. രണ്ടുംകൂടെ കൊയ്ത്തോളം വളരട്ടെ. കൊയ്ത്തുകാലത്തു് ഞാൻ കൊയ്യുന്നവരോടു് മുമ്പെ കളപറിച്ചുകൂട്ടി ചുട്ടുകളയേണ്ടതിനു് കെട്ടുകളായി കെട്ടുവാനും, ഗോതമ്പു് എന്റെ കളപ്പുരയിൽ കൂട്ടിവെപ്പാനും കല്പിക്കും എന്നു പറഞ്ഞു"

പലസ്തീനായിലെ യഹൂദരോടാണു് ക്രിസ്തുനാഥൻ ഇതരുളിച്ചെയ്തതു്. അവർക്കു ഇക്കഥ വളരെ സുപരിചിതമായിരുന്നു. പലസ്തീനായിലും മററു പൗരസ്ത്യരാജ്യങ്ങളിലും ഗോതമ്പിനോടു് അസാമാന്യസാദൃശ്യം വഹിക്കുന്ന ഒരുതരം കളകളും സാധാരണയായി കണ്ടുവരുന്നു. ഒരു കൃഷിക്കാരനോടു് പകരംപോക്കുവാൻ അവന്റെ ശത്രു ഗോതമ്പു വിതച്ച വയലുകളിൽ ഈ കളയുടെ വിത്തു് വിതയ്ക്കുന്നു. ഗോതമ്പിനോടൊപ്പം കളകളും മുളച്ചുവളരുന്നു.

ആരംഭത്തിൽ ഈ കളകൾ, നല്ല സസ്യങ്ങളിൽനിന്നു് തിരിച്ചറിയുക പ്രയാസമാണു്. എന്നാൽ കൊയ്ത്തുകാലമാകുമ്പോൾ അവ എളുപ്പം തിരിച്ചറിയുവാൻ കഴിയുന്നു. സസ്യങ്ങൾ വളർന്നുകൊണ്ടിരിക്കുമ്പോൾ, ഈ കളകൾ പിഴുതുകളയുവാൻ പരിശ്രമിച്ചാൽ രണ്ടുതരത്തിലുള്ള അപകടങ്ങൾ ഉണ്ടാകാവുന്നതാണു്. ഒന്നാമതു് കളകളുടെ വേരുകൾ, നല്ല സസ്യങ്ങളുടെ വേരുകളുമായി കൂടിപ്പിണഞ്ഞു് കിടക്കുന്നുണ്ടാകും. രണ്ടാമതു്, വളരുന്നകാലത്തു് കളകളും, നല്ല സസ്യങ്ങളും തമ്മിലുള്ള സാദൃശ്യം അന്യൂനമാകയാൽ, കളകൾക്കുപകരം നല്ല സസ്യങ്ങൾ പിഴുതുകളയുവാൻ ഇടയാകും.

ഈ രണ്ടുകാരണങ്ങളാൽ, ബുദ്ധിമാനായ കൃഷിക്കാരൻ രണ്ടുതരം സസ്യങ്ങളും കൊയ്ത്തുകാലംവരെ ഒരുമിച്ചു വളരുവാൻ അനുവദിക്കുന്നു. ദൈവവും ഈ കൃഷിക്കാരനെപ്പോലെയാണു്. നന്മയെ സുരക്ഷിതമാക്കുവാൻ, തിന്മയുടെ വളർച്ചയെ താൻ അനുവദിക്കുന്നുവെന്നാണു് ക്രിസ്തുനാഥൻ നമ്മെ പഠിപ്പിച്ചതു്. തിന്മയെ അപ്പഴപ്പോൾ ലോകത്തിൽനിന്ന കററുന്നതു് ഏതെങ്കിലുംതരത്തിൽ നന്മക്കു് ദൂഷ്യമായിത്തീരും എന്നതാണു് ദൈവപരിപാടിയനുസരിച്ചു് ഭൂമിയിൽ തിന്മ കാണുന്നതിനുള്ള കാരണം.

നാം നമ്മുടെ ചുററുപാടും ഒന്നു കണ്ണോടിച്ചാൽ ഇതെങ്ങനെയെന്നു് നിഷ്പ്രയാസം മനസ്സിലാക്കാം. ഇന്നു ഭക്ഷണത്തിനിരിക്കുമ്പോൾ മേശപ്പുറത്തു് ഒരു റൊട്ടി നാം കാണുന്നു. നാം അതു ഒരു കടയിൽനിന്നു് വാങ്ങിയതാകാം. കടക്കാരനാകട്ടെ അതു ഏതെങ്കിലും ബേക്കറിയിൽനിന്നു വാങ്ങിച്ചിരിക്കും. ആ റൊട്ടി ഉണ്ടാക്കുന്നതിനാവശ്യമായ "മാവു്" ബേക്കറിയുടമസ്ഥൻ ഒരു മില്ലിൽനിന്നും വാങ്ങുന്നു. അതിനുള്ള ഗോതമ്പു് മില്ലുടമസ്ഥൻ കൃഷിക്കാരനിൽനിന്നു് വാങ്ങുന്നു. കൃഷിക്കാരനാകട്ടെ തന്റെ കൃഷി നന്നാകുവാൻ ഏററവും ദൈവാനുഗ്രഹത്തെ ആശ്രയിച്ചുനില്ക്കുന്നു.

ചുരുക്കത്തിൽ, ആ റൊട്ടിക്കും നമുക്കും ഇടയ്ക്കു്, നമ്മുടെ സൗകര്യാർത്ഥം എന്തെങ്കിലും ചെയ്യുന്ന നൂറുകണക്കിനാളുകൾ ഉള്ളതായി നാം കാണുന്നു. ഒരു ചെറിയ റൊട്ടിയെ സംബന്ധിച്ചിടത്തോളം ഇതു വാസ്തവമെങ്കിൽ; മററു വൻകാര്യങ്ങളിൽ ഇതു് എങ്ങനെ ആയിരിക്കും? ഓരോ വ്യക്തിയും തിന്മചെയ്യുന്നഉടനെ, ദൈവകോപംമൂലം ഭൂമുഖത്തുനിന്നും നിഷ്കാസനംചെയ്യപ്പെടുന്നുവെന്നു് വിചാരിക്കുക. മനുഷ്യവർഗ്ഗം എന്തുമാത്രം അധഃപതിക്കുമെന്നു് ഒന്നു ചിന്തിച്ചുനോക്കുക! ഇതുവരെ ജീവിച്ചിട്ടുള്ള ശാസ്ത്രജ്ഞന്മാരിലും, കണ്ടുപിടിത്തക്കാരിലും പലരുംതന്നെ വിശുദ്ധരായിരുന്നില്ല എന്നു നമുക്കറിയാം. നമ്മുടെ ഓരോ ആവശ്യങ്ങളും സാധിതപ്രായമാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ആയിരക്കണക്കിനുള്ള വ്യക്തികളെല്ലാം വിശുദ്ധരല്ലതന്നെ. മററുള്ളവർ സമാധാനത്തിലും ഐശ്വര്യത്തിലും ജീവിക്കുന്നതിനുവേണ്ടി സമരംചെയ്യുന്ന പടയാളികളെല്ലാംതന്നെ വിശുദ്ധരെന്നു് വിചാരിക്കുവാൻ നിവൃത്തിയില്ല.

നമ്മുടെ ഓരോരുത്തരുടേയും ജീവിതം ഒന്നു പരിശോധിക്കുക. നാം ആരുംതന്നെ കുററമററവരല്ല. എല്ലാ മനുഷ്യഹൃദയങ്ങളിലും നന്മയോടൊപ്പം അല്പം തിന്മയെങ്കിലും കലന്നിരിക്കും. "നമുക്കു പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ ....സത്യം നമ്മിൽ ഇല്ലാതാകുന്നു." (1 യോഹ. 1: 8). ദൈവത്തിൽനിന്നു് രക്ഷയുടെ വരങ്ങളും പ്രതീക്ഷിച്ചുകൊണ്ടാണു് നാം ഓരോരുത്തരും ജീവിക്കുന്നതു്. നമുക്കോരോരുത്തർക്കുംവേണ്ടി എന്തുമാത്രം ക്ഷമയോടെയാണു് ദൈവം കാത്തുനില്ക്കുന്നതു്! ഇന്നത്തെ പാപിനാളത്തെ വിശുദ്ധനായിക്കാണുവാൻ എത്രയോ ക്ഷമയോടെയാണു് അവിടുന്നു കാത്തുനില്ക്കുന്നതു്! എത്രയോ പ്രാവശ്യം അങ്ങനെ പാപികൾ വിശുദ്ധരായിത്തീരുന്നു! കത്തോലിക്കാതിരുസ്സഭ പാപികളുടെ മാനസാന്തരംമൂലം എത്രയോ ധന്യയായിത്തീർന്നിരിക്കുന്നു! എത്രയോ മഗ്ദലനകളും അഗസ്റ്റിൻമാരുമാണു് അവരുടെ പ്രായശ്ചിത്തം, സാക്ഷാത്തായ സ്നേഹം, പാണ്ഡിത്യം എന്നിവകൊണ്ടു് തിരുസ്സഭയേയും, മനുഷ്യവർഗ്ഗത്തെയും മോടിപിടിപ്പിച്ചിട്ടുള്ളതു്!

നിങ്ങൾ ഒരുപക്ഷെ പറയുമായിരിക്കും—ശരിതന്നെ. കുറേയൊക്കെതിന്മ, ദൈവം അവിടുത്തെ ദയാതിരേകംകൊണ്ടു് അനുവദിച്ചുകൊള്ളട്ടെ. പക്ഷെ ഇത്രയും വർദ്ധമാനമായ തോതിൽ കാണുന്നതു് ശരിയല്ല എന്നു്. അതിൻതരം പറയുക വളരെ എളുപ്പമാണു്. എന്തുമാത്രം തിന്മ ദൈവം അനുവദിക്കണമെന്നതാണു് പ്രശ്നം. നമ്മുടെ അല്പബുദ്ധികൊണ്ടു്, അതു അവിടുത്തെ തീരുമാനത്തിനു് വിട്ടുകൊടുക്കേണ്ടതാണെന്നു് കാണുവാൻ കഴിയും. തിന്മയുടെ വളർച്ച ദൈവം എപ്പോഴും വീക്ഷിച്ചുകൊണ്ടാണിരിക്കുന്നതു് എന്നതിൽ സംശയത്തിനവകാശമില്ല. ദൈവം ഒരിക്കലും പരിഹസിക്കപ്പെടുന്നില്ല. ആവശ്യമുള്ളതുമാത്രം ദൈവം അനുവദിക്കുന്നു. ആ പരിധിവിട്ടാൽ ദൈവികവിധി അവിടുന്നു പുറപ്പെടുവിക്കുന്നു.

ക്രിസ്തുവിന്റെ ആഗമനത്തിനു് ശതാബ്ദങ്ങൾക്കുമുമ്പുതന്നെ, തത്വചിന്തകനായ പ്ലേറോ, ദൈവനീതി മനുഷ്യനെ എങ്ങനെ ബാധിക്കുന്നുവെന്നു് വെളിപ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹം പറഞ്ഞു: "ദൈവം, പഴയപാരമ്പര്യം ഉദ്ഘോഷിക്കുന്നതുപോലെ, എല്ലാത്തിന്റെയും ആദിയും, മദ്ധ്യവും, അന്ത്യവും കൈയിലടക്കിക്കൊണ്ടു്, തന്റെ പ്രകൃത്യനുസൃതമായി വാഴുന്നു. അവിടുത്തെ നീതി എപ്പോഴും അദ്ദേഹത്തെ പിൻതുടരുന്നു. ദൈവികനിയമങ്ങളിൽനിന്നു് വ്യതിചലിക്കുന്നവരെ അതു പിടികൂടുന്നു. ആ നിയമങ്ങളെ അനുസരിക്കുകയും, ആദരിക്കുകയും ചെയ്യുന്നവർ ആനന്ദംകണ്ടെത്തുന്നു. എന്നാൽ അഹംഭാവത്തിലും, ധനത്തിലും, മാനത്തിലും, സൗന്ദര്യത്തിലും മതിമറക്കുന്നവർ—മൗഢ്യത്തിലും, യൗവനത്തിലും, മററുള്ളവരെ നിന്ദിക്കുന്നതിലും വ്യാപൃതരാകുന്നവർ—തങ്ങളെ നയിക്കുവാനും ഭരിക്കുവാനും ആരും ആവശ്യമില്ലെന്നു് ധരിക്കുകയും, അതേസമയം മററുള്ളവരെ നയിക്കുവാൻ തങ്ങൾ പ്രാപ്തരെന്നു വിശ്വസിക്കുകയും ചെയ്യുന്നവർ—ദൈവത്തിൽനിന്നു് അകലുന്നു. അങ്ങനെ ദൈവത്തിൽനിന്നും അകലുന്നവൻ തന്നെപ്പോലുള്ള മററുള്ളവരേയും കൂട്ടത്തിൽ ചേർത്തു്, തന്റെ അഭീഷ്ടങ്ങൾ പ്രവർത്തിക്കുന്നു. പലരും അങ്ങനെയുള്ളവരെ മഹാന്മാരായികരുതുന്നു. എന്നാൽ അല്പകാലത്തിനുള്ളിൽ ദൈവനീതി അവരെ ശിക്ഷിക്കുന്നു. അവരും അവരുടെ കുടുംബവും, രാജ്യവും ഒരുപോലെ നശിപ്പിക്കപ്പെടുന്നു."

2300 വർഷങ്ങൾക്കുമുമ്പാണു് പ്ലേറോ ഇതെഴുതിയതു്. എങ്കിലും, ഹിററ്ലറിനേയും നാസികളേയുംകുറിച്ചു് ചിന്തിക്കുമ്പോൾ, മുസ്സോലിനിയേയും ഫാസിസ്റ്റുകളേയും നോക്കുമ്പോൾ ഇതു വളരെ സുപരിചിതമായി നമുക്കു് തോന്നുന്നില്ലേ! സ്റ്റാലിനേയും, കമ്മ്യൂണിസ്റ്റുകളേയും കുറിച്ചു് ചിന്തിക്കുമ്പോൾ ഇതു വളരെ ആശാസപ്രദമായി നാം കാണുന്നില്ലേ!

തീർച്ചയായും ഇഹലോകത്തിൽ വളരെയധികം തിന്മയുണ്ടു്. അതിനെക്കുറിച്ചു ചിന്തിച്ചു നിരാശാഭരിതരാകുമ്പോൾ, ഇന്നും ലോകത്തെ നിയന്ത്രിക്കുന്നതു് ദൈവംതന്നെയാണു് എന്നകാര്യം ഓർക്കുന്നതു് നന്നായിരിക്കും. ലോകം ഒരു നാടകവേദിയാണു്. പിശാചുക്കളും മാലാഖമാരും, മനുഷ്യരും അവരുടെ ഭാഗങ്ങൾ അഭിനയിക്കുന്നു. ദൈവമാണു് ഇതിന്റെയെല്ലാം പിന്നണിയിൽ! അദ്ദേഹം എല്ലാം വീക്ഷിച്ചുകൊണ്ടിരിക്കുന്നു. തിരശ്ശീല വീഴുന്നതു് അവിടുത്തെ നിശ്ചയമനുസരിച്ചാണു്. അദ്ദേഹം തിരുമനസ്സാകുമ്പോൾ അതുയരുന്നു. അതുപോലെ അവിടുന്നു വിചാരിക്കുമ്പോൾ ഒരു രംഗം അവസാനിക്കുന്നു—നടനം നില്ക്കുന്നു—കർട്ടൺ വീഴുന്നു.

ഗോതമ്പിനേയും, കളകളേയും കുറിച്ചുള്ള ഉപമയുടെ ബാക്കികൂടെ മനസ്സിലാക്കുന്നതു് നന്നായിരിക്കും. "അനന്തരം യേശു പുരുഷാരത്തെ പറഞ്ഞയച്ചിട്ടു് വീട്ടിൽവന്നു, ശിഷ്യന്മാർ അവന്റെ അടുക്കൽചെന്നു: വയലിലെ കളയുടെ ഉപമ തെളിയിച്ചുതരേണം എന്നു് അപേക്ഷിച്ചു അതിനു അവൻ ഉത്തരംപറഞ്ഞതു: നല്ലവിത്തു വിതെക്കുന്നവൻ മനുഷ്യപുത്രൻ; വയൽ ലോകം; നല്ലവിത്തു രാജ്യത്തിന്റെ പുത്രന്മാർ, കള ദുഷ്ടന്റെ പുത്രന്മാർ, അതു വിതച്ചശത്രുപിശാചു്; കൊയ്ത്തു ലോകാവസാനം; കൊയ്യുന്നവർ ദൂതന്മാർ. കളകൂട്ടി തീയിട്ടു് ചുടുംപോലെ ലോകാവസാനത്തിൽ സംഭവിക്കും. മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും, അവർ അവന്റെ രാജ്യത്തിൽനിന്നു എല്ലാ ഇടർച്ചകളേയും അധർമ്മം പ്രവർത്തിക്കുന്നവരേയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളയും; അവിടെ കരച്ചിലും, പല്ലുകടിയും ഉണ്ടാകും. അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ."

അതെ. ഒരുദിവസം ഇവയെല്ലാം—സമരങ്ങളും, ദുഃഖങ്ങളും, വേദനകളും—അവസാനിക്കും. വി. ഗ്രന്ഥത്തിന്റെ ആദ്യംതൊട്ടു് അവസാനംവരെ ദൈവത്തിന്റെ ഈ പ്രവചനം വ്യക്തമായി കാണുന്നു. അപ്പോൾ ദൈവവും, അവിടുത്തെ സ്നേഹിതരും, അനന്തമായ സമാധാനത്തിലും, സന്തോഷത്തിലും, സ്വർഗ്ഗരാജ്യത്തിൽ നിത്യമായി ജീവിക്കും.

നാം ഇപ്പോൾ കലങ്ങിമറിഞ്ഞ ഒരു ലോകത്തിലാണു് ജീവിക്കുന്നതു്. ലോകത്തിന്റെ ഈ അപൂർണ്ണത നമ്മുടെ രക്ഷകൻ, തന്റെ ശരീരവും ആത്മാവുംവഴി മനസ്സിലാക്കിയിട്ടുണ്ടു്. ബെദ്ലഹമിലെ ഭയങ്കരമായ ദാരിദ്ര്യത്തിൽക്കൂടി അവിടുന്നു ഭൂമിയിൽ പ്രവേശിച്ചു കാൽവരിയിലെ കഠിനമായ വേദനകളിൽക്കൂടി ഇവിടംവിട്ടു നമ്മോടു് ഓരോരുത്തരോടും ചുമക്കുവാൻ ആവശ്യപ്പെടുന്ന കുരിശുകളുടെ സ്വഭാവം അവിടുന്നു അനുഭവംകൊണ്ടുതന്നെ അറിഞ്ഞിട്ടുണ്ടു്. തിന്മയാൽ നാം വലയപ്പെട്ടിരിക്കുന്നുഎങ്കിലും—വിവിധതരത്തിലുള്ള പ്രയാസങ്ങൾ നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നുവെങ്കിലും, അവിടുന്നു് നമ്മുടെ സമീപത്തുനിന്നുകൊണ്ടു് "ദൈവത്തെ സ്നേഹിക്കുന്നവർക്കു് എല്ലാം നന്മയ്ക്കു കാരണമായിത്തീരുന്നു" എന്നുപറഞ്ഞു വേണ്ട പ്രോത്സാഹനങ്ങൾനൽകിക്കൊണ്ടിരിക്കുന്നു.

കൂടുതൽ നന്മയ്ക്കു് കാരണമാകാത്തതരത്തിൽ, ദൈവം ഒരിക്കലും തിന്മ അനുവദിക്കുന്നില്ല (Sign Jan. '50)

കുടുംബപംക്തി

# സ്വഭാവത്തിന്റെ പ്രാധാന്യം

(ശ്രീ നരിക്കുഴി)

ആത്മാവു്, ശരീരം—ഉത്തമാംശം, അധമാംശം—എന്നീ രണ്ടു വ്യത്യസ്തഘടകങ്ങളുടെ സമ്മിശ്രഫലമാണു് മനുഷ്യൻ. അതാണു് അവനിൽ കാണുന്ന ഉൽകർഷങ്ങൾക്കും അപകർഷങ്ങൾക്കും കാരണം. സ്വർല്ലോകഭൂലോകങ്ങൾക്കു മദ്ധ്യേ ഇളകിമറിഞ്ഞു്, സുകൃതത്തിനും ദുഷ്കൃതത്തിനും ഇടയ്ക്കു തട്ടിമുട്ടി നിരന്തരപോരാട്ടത്തിനു വിധേയനായി രാപകൽ കഴിച്ചുകൂട്ടുന്ന ഒരു പ്രത്യേകജീവിയാണു് മനുഷ്യൻ. ഈ ജീവിതായോധനത്തിൽ സകലവിധ പ്രത്യാഘാതങ്ങളേയും പിന്നിട്ടു് നിർദ്ദിഷ്ടലക്ഷ്യത്തിൽ ചെന്നുചേരുവാൻ സഹായിക്കുന്നതു് സ്വഭാവമല്ലാതെ മറെറാന്നുമല്ല. ഇതാണു് സ്വഭാവത്തിന്റെ പരമപ്രധാനമായ ഒരു പ്രവർത്തനം. കൂടാതെ, വ്യക്തിപരവും സാമൂഹികവുമായ നന്മയെ ലാക്കാക്കി ഓരോരുത്തരുടേയും അഭിവാഞ്ഛകളേയും ധാർമ്മികശക്തികളേയും പിടിച്ചിണക്കിക്കൊണ്ടുപോകുന്നതിനു് സ്വഭാവമാണു് ശരിയായ നേതൃത്വം വഹിക്കുന്നതു്. തന്നെയല്ലാ, ഒരു മനുഷ്യനെ ആര്യചരിതനാക്കി, സമുദായത്തിന്റേയും രാഷ്ട്രത്തിന്റേയും അഭിമാനസ്തംഭമാക്കിത്തീർക്കുന്നതും സ്വഭാവമാണു്. ഇത്രമാത്രമോ! പേരും പെരുമയും, ഐശ്വര്യവും അഭിവൃദ്ധിയും, സംതൃപ്തിയും സമാധാനവും എല്ലാം സൽസ്വഭാവത്തിന്റെ മിന്നൽപ്രഭകളാണു്.

സ്വഭാവരൂപവൽക്കരണത്തിന്റെ പ്രാധാന്യം എത്രയെന്നു് അതിൽനിന്നും കരഗതമാകുന്ന വിശിഷ്ടഫലങ്ങളിൽനിന്നു സുവിദിതമാണു്. ഇതാ ഒരു യുവാവു്: സുമുഖൻ; ദൃഢഗാത്രൻ. എന്നും എവിടെയും, ചെയ്യാമെന്നും ചെയ്യണമെന്നുമാണു് ആ ഊർജ്ജസ്വലന്റെ ഭാവം. അടുക്കളയിലും അങ്ങാടിയിലും, പാഠശാലയിലും പാർക്കിലും തന്റെ നേതൃത്വം വേണം നടമാടുവാൻ; മററുള്ളവരുടെ അഭിപ്രായങ്ങളും അവകാശങ്ങളും എന്തുമായിക്കൊള്ളട്ടെ; ഛേ, അവയെല്ലാം വെറും പഴത്തൊലികൾ; എന്നെല്ലാമാണു് ആ യുവാവിന്റെ വിചാരം. അതനുസരിച്ചാണു് പ്രവൃത്തിയും. ആ സുഹൃത്തിൽ വേരുറയ്ക്കുവാൻ പോകുന്ന ഈ ദുർവാസനയെ പിഴുതുമാററിയില്ലെങ്കിൽ, അനതിവിദൂരമായ ഭാവിയിൽ അയാളിൽ നാം ദർശിക്കുന്നതു് ഒരു മത്ത്യരാക്ഷസന്റെ കരാളരൂപമായിരിക്കും; വിധ്വംസകപ്രവർത്തകന്റെ തനിനിറമായിരിക്കും. നേരേമറിച്ചു്, അയാളിൽ സ്വഭാവരൂപവൽക്കരണത്തിനു സാരമായ സ്ഥാനം ലഭിച്ചിരുന്നിരിക്കട്ടെ. എങ്കിൽ അതു സമുദായത്തിന്റേയും രാജ്യത്തിന്റേയും ഒരു ഭാഗ്യമായിരിക്കും. എന്തുകൊണ്ടെന്നാൽ, ചുറുചുറുപ്പും പ്രഭാവവുമുള്ള ആ യുവാവിന്റെ ദുർമ്മാർഗ്ഗഗമനം നിരോധിക്കപ്പെട്ടു് സന്മാർഗ്ഗപുരോഗമനം സുകരമാകുന്നു; സത്യവും നീതിയും സംസ്ഥാപിക്കപ്പെടുന്നു. അങ്ങനെ അവനും മററുള്ളവർക്കും മനസ്സമാധാനവും സന്തുഷ്ടിയും സംജാതമാകുന്നു. സ്നേഹം, വിനയം, ശാലീനത എന്നിവയുടെ സൽഫലങ്ങൾ അവനിൽനിന്നും അനവരതം നമുക്കു അനുഭവപ്പെടുകയും ചെയ്യുന്നു.

ഇതാ മറെറാരു യുവാവു്: എന്തൊരു പച്ചപ്പാവം! ഒരു മിണ്ടാപ്രാണി! മനുഷ്യരുടെ തലകണ്ടാൽമതി, പ്രത്യേകിച്ചു് മുതിർന്നവരെ കണ്ടാൽ നിവൃത്തിയുണ്ടെങ്കിൽ ഓടി ഒളിച്ചുകളയും. ഈ സമ്പ്രദായം ആ ചെറുപ്പക്കാരനിൽ രൂഢമൂലമാകുകയാണെങ്കിൽ മനുഷ്യകുലത്തിനു് അവനെക്കൊണ്ടു എന്തുഗുണമാണുണ്ടാകുന്നതു്! ഇക്കൂട്ടരുടെ സംഖ്യ വർദ്ധിക്കുവാൻ അനുവദിക്കുന്നപക്ഷം എത്ര പേരുടെ സ്തുത്യർഹമായ സേവനമാണു് നഷ്ടപ്പെടുന്നതു! എന്നാൽ, ആരെങ്കിലും ഇങ്ങനെയുള്ള ഒരാളുടെ പരിതഃസ്ഥിതി മനസ്സിലാക്കി, അയാളെ ഉത്തേജിപ്പിക്കുവാൻ തുനിയുന്നുവെങ്കിൽ ഫലം അത്ഭുതാവഹമായിരിക്കും. ആ യുവാവിനെ ഓരോ വിഷയത്തിൽ പ്രത്യേകം ഉത്സാഹിപ്പിക്കുക; കൂടെക്കൂടെ അകാര്യത്തിൽ തട്ടിയുണർത്തുക; ശോഭനമായ ഭാവിയിലേക്കു് അയാൾ പ്രേരിതനാകും. കാലക്രമത്തിൽ അയാൾ ബഹുമാന്യനും പ്രശസ്തനുമായ ഒരു വ്യക്തിയായി രൂപാന്തരപ്പെടുവാൻ എളുപ്പമുണ്ടു്. അന്നു് അവനെ ഒരു ആദർശദീപമായി എണ്ണുവാൻ ആളുകളുണ്ടാകും. അന്നു് അവനിൽനിന്നു അറിവും അഭിപ്രായവും നുകരുവാൻ പലരും പാറന്നെത്തും.

നോക്കണം, വേറൊരു യുവാവു്: തിപ്പൊരിയൻ. അതുജോലി, ഇതുജോലി, എപ്പോഴും ജോലി. പക്ഷേ, ഒന്നിലും കാര്യമായി ശ്രദ്ധ ചെലുത്തുകയില്ലെന്നു മാത്രം. ഫലമോ? നാസ്തി. ഇങ്ങനെപോകുന്നുവെങ്കിൽ ആ യുവാവിന്റെ മോഹ




# എന്തിൽ ആനന്ദിക്കണം?

നമ്മുടെ കർത്താവിൽ എപ്പോഴും നിങ്ങൾ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു: നിങ്ങൾ സന്തോഷിക്കുവിൻ. നിങ്ങളുടെ വിനയം സകല മനുഷ്യർക്കും അറിയപ്പെടട്ടെ. നമ്മുടെ കർത്താവു സമീപസ്ഥനായിരിക്കുന്നു. ഒന്നിനെക്കുറിച്ചും നിങ്ങൾ വിചാരപ്പെടേണ്ട. മറിച്ച്, നിങ്ങളുടെ യാചനകൾ പ്രാർത്ഥനമൂലവും, അപേക്ഷമൂലവും, സ്തോത്രം മൂലവും ദൈവസന്നിധിയിൽ എപ്പോഴും അറിയപ്പെടട്ടെ. അപ്പോൾ, സകല അറിവിനേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും മനസ്സുകളേയും ഈശോമിശിഹായിൽ കാത്തുകൊള്ളും. (ആഗമനം 3-ാം ഞായർ; ലേഖനം: പിലിപ്പ്. IV, 4—7)

ദിഗന്തങ്ങളിലെങ്ങും കീർത്തിപ്പെരുമ പരത്തിയിട്ടുള്ള അമേരിക്കയിലെ പ്രസിഡണ്ട് വിൽസൻ തന്റെ പ്രസിഡണ്ട് സ്ഥാനം നഷ്ടപ്പെട്ടശേഷം ഒച്ചപ്പാടൊന്നും കൂടാതെ തന്റെ വീട്ടിൽ ഒരു സ്വൈരജീവിതം നയിച്ചുകൊണ്ടിരുന്നു. ജനലിൽക്കൂടി നോക്കിയാൽ വിദൂരത്തിൽ വാഷിംഗ്ടണിലെ "ക്യാപിറ്റോൾ" (Capitol) എന്ന ഉന്നതസൗധം കാണാമായിരുന്നു. അതായിരുന്നു അമേരിക്കൻ പ്രസിഡണ്ടിന്റെയും ഗവമെണ്ടിന്റെയും ആസ്ഥാനരംഗം. ഒരുദിവസം രാത്രിയിൽ "ക്യാപിറ്റോൾ" ആലക്തികദീപങ്ങളുടെ പ്രഭാപൂരത്തിൽ ആറാടിക്കൊണ്ടിരുന്നപ്പോൾ ജനലിൽക്കൂടി കണ്ണഞ്ചിക്കുന്ന ആ വിദൂരകാഴ്ചയെ നോക്കിക്കൊണ്ടു വിൽസൻ നിശ്ചലനായി ഇരിപ്പുറപ്പിച്ചു. കുറെ കഴിഞ്ഞപ്പോൾ അദ്ദേഹം അസ്വസ്ഥചിത്തനായി; കണ്ണുകളിൽനിന്നു അശ്രുകണങ്ങൾ ഉരുണ്ടുവീണുതുടങ്ങി. യാദൃച്ഛികമായി മുറിയിൽ കടന്നുവന്ന അദ്ദേഹത്തിന്റെ ഭാര്യ കരങ്ങളിൽ ശിരസ്സും താങ്ങി കരഞ്ഞുകൊണ്ടിരിക്കുന്ന തന്റെ ഭർത്താവിനെക്കണ്ടപ്പോൾ ഉടനെ ഓടിച്ചെന്നു ശിരസ്സിൽ തടവിക്കൊണ്ടു "എന്തുപററി? തലവേദനയുണ്ടോ?" എന്നു പ്രേമസമന്വിതം ചോദിച്ചു. വിദൂരത്തിൽത്തന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു വിൽസൻ പറഞ്ഞു: "ഇല്ല, പ്രിയേ; എന്നാൽ, അതാ നോക്കുക. ആ മിന്നിത്തിളങ്ങുന്ന മണിമന്ദിരത്തിൽ ഒരുകാലത്തു ഞാൻ എത്ര പ്രൗഢിയോടുകൂടി അമേരിക്കയുടെ, എന്നല്ല ലോകത്തിന്റെയും, ആരാധനാപാത്രമായി ഭരണം നടത്തി. എന്നാൽ ഇപ്പോഴത്തെ എന്റെ സ്ഥിതിയെന്ത്? ഐഹികമായ പ്രൗഢിയുടേയും സ്ഥാനങ്ങളുടേയും വ്യർത്ഥതയെപ്പററി ഞാൻ അല്പം ചിന്തിച്ചുപോയെന്നുമാത്രം"......വളരെ കൊല്ലങ്ങൾക്കുമുമ്പ് സകലവിധ സമൃദ്ധിയിലും സുഖഭോഗങ്ങളിലും ജ്ഞാനത്തിലും പ്രൗഢിയിലും മുങ്ങിക്കുളിച്ചശേഷം ശ്ലോമോൻ ചക്രവർത്തി ഉന്നയിച്ച അഭിപ്രായത്തിന്റെ ഒരു പ്രതിധ്വനിതന്നെയായിരുന്നു ഇതും: "മായകളുടെ മായ; എല്ലാം മായയും ആത്മാവിന്റെ ക്ലേശവും മാത്രം."

മനുഷ്യർ ആനന്ദത്തെ ആഗ്രഹിക്കുന്നു, ആരായുന്നു, ആശ്ലേഷിക്കുന്നു; എന്നാൽ മരുഭൂമിയിലെ മരീചികപോലെ അതു അവർക്കു കരഗതമാകാതിരിക്കുന്നു. സമൃദ്ധിയുടെ മടിത്തട്ടിൽ വളർന്നു ധനത്തിന്റെ മഞ്ജുശിഞ്ജിതത്തിൽ രസംതേടുന്നവർ ധാരാളം; അധൃഷ്യമായ ആജ്ഞാബലവും അധികാരവും സ്ഥാനമാനങ്ങളും വെച്ചുപുലർത്തി അതിൽ ആനന്ദം കണ്ടെത്തുവാൻ പരിശ്രമിക്കുന്നു വേറെ ചിലർ; ജഡികങ്ങളായ നിഷിദ്ധസന്തോഷങ്ങളിൽ നീന്തിക്കുളിച്ചുകൊണ്ട് ആനന്ദനിർവൃതിയടയുവാൻ വെമ്പൽകൊള്ളുന്നു മററു ചിലർ; വിശിഷ്ടങ്ങളായ ഭക്ഷ്യപേയങ്ങൾ മതിവരെ അനുഭവിച്ചുകൊണ്ടു ആനന്ദമടയുവാൻ അഭിലഷിക്കുന്നവരും അനവധി. എന്നാൽ ഇതുകൊണ്ടൊന്നും മനുഷ്യൻ സംതൃപ്തനാകുന്നില്ല; ആനന്ദമനുഭവിക്കുന്നില്ല. ക്ഷണഭംഗുരങ്ങളായ അല്പസന്തോഷങ്ങൾ അനുഭവപ്പെട്ടേക്കാമെങ്കിലും വലിയ ഹൃദയഭാരവും മനോവ്യഥയും അസ്വസ്ഥതയും നിരാശയുമായിരിക്കും അനന്തരഫലങ്ങൾ. ഈ പരമാർത്ഥം ചരിത്രം നമ്മെ പഠിപ്പിക്കുന്നു, അനുഭവം നമുക്ക് ഇതിനു സാക്ഷ്യം നൽകുന്നു; വേദഗ്രന്ഥങ്ങൾ ഉച്ചൈസ്തരം ഇതിനെ ഉൽഘോഷിക്കയും ചെയ്യുന്നു.

എന്നാൽ പിന്നെ എന്തിലാണ് നാം ആനന്ദം കണ്ടെത്തേണ്ടത്? ഇന്നത്തെ ലേഖനത്തിൽ വി. പൗലോസ്ശ്ലീഹാ ഈ ചോദ്യത്തിനു നമുക്കു മറുപടി നൽകുന്നുണ്ട്: "നമ്മുടെ കർത്താവിൽ നിങ്ങൾ സന്തോഷിക്കുവിൻ." സ്വർഗ്ഗത്തിലേക്കു ദൃഷ്ടികളയർത്തി പ്രപഞ്ചകർത്താവിനെ നമ്മുടെ വത്സലപിതാവെന്നു അഭിസംബോധന ചെയ്യാൻ കഴിയുമെന്നതിൽ നമുക്ക് ആനന്ദിക്കാം; ക്രിസ്തുവിന്റെ തിരുരക്തത്താൽ പരിത്രാണം ചെയ്യപ്പെട്ട നാം അങ്ങേ സഹോദരീസഹോദരന്മാരാണെന്നുള്ളതിൽ നമുക്ക് ആനന്ദിക്കാം. അജ്ഞാനാന്ധകാരത്തെ അകററി വിജ്ഞാനവെളിച്ചം വിതറുന്ന അബദ്ധരഹിതമായ ക്രൈസ്തവവിശ്വാസം ഹസ്തലബ്ധമായതിൽ നമുക്ക് ആനന്ദിക്കാം; അശുദ്ധിയുടെ അടിമത്തത്തിൽനിന്നു ദൈവമക്കളുടെ മഹനീയമായ സ്വാതന്ത്ര്യത്തിലേക്ക നാം ആനീതരായതിൽ നമുക്ക് ആനന്ദിക്കാം. നാം പരിശുദ്ധാരൂപിയുടെ ആലയങ്ങളും സ്വർഗ്ഗരാജ്യത്തിനു അവകാശികളുമായതുകൊണ്ടു നമുക്ക് ആനന്ദിക്കാം. "അവരുടെ കണ്ണുകളിൽനിന്നു കണ്ണുനീരെല്ലാം തുടച്ചുകളയും; ഇനി മരണം ഉണ്ടാകയില്ല; കരച്ചിലോ, മുറവിളിയോ, ദുഃഖമോ ഇനിയുണ്ടാകയില്ല; എന്തെന്നാൽ "അവയെല്ലാം കഴിഞ്ഞുപോയി" എന്നിങ്ങനെ വെളിപാടിന്റെ പുസ്തകത്തിൽ പ്രകീർത്തിതമായിട്ടുള്ള സ്വർഗ്ഗീയഭാഗ്യം നാം ഒരിക്കൽ അനുഭവിക്കുമെന്നുള്ള പ്രത്യാശയിൽ നമുക്ക് ആനന്ദിക്കാം.

നല്ല മനസ്സാക്ഷിയിലുള്ള ആനന്ദം പാപരഹിതമായ ജീവിതത്തിലുള്ള ആനന്ദം; ദൈവചിത്തമനുസരിച്ചുള്ള ഒരുവന്റെ കടമകൾ നിർവ്വഹിച്ചുകഴിയുന്നതിലുള്ള ആനന്ദം—ഇതാണ് സാക്ഷാത്തായ ആനന്ദം. ഭൗതികങ്ങളായ ആനന്ദങ്ങളിൽ പൂത്തന്നെ ആറാടിയാലും ഒരു പാപിക്കു ആനന്ദം സിദ്ധിക്കുകയില്ല; ഇതിനുള്ള ഒന്നാന്തരം ഉദാഹരണം ഹേറോദേസ് രാജാവുതന്നെ. നേരേമറിച്ച് നല്ല മനസ്സാക്ഷിയും പാപരഹിതമായ ജീവിതവും ചുമതലാനിർവ്വഹണത്താലുള്ള കൃതകൃത്യബോധവുമുണ്ടെങ്കിൽ എത്രതന്നെ മർദ്ദനങ്ങൾക്കും പീഡനങ്ങൾക്കും ഒരുവൻ വിധേയനായാലും യഥാർത്ഥമായ ആനന്ദം അവൻ അനുഭവിക്കും; ഇതിനുള്ള ഒന്നാന്തരം ഉദാഹരണം വി. സ്നാപകയോഹന്നാനും. വിശുദ്ധന്മാരെല്ലാവരുംതന്നെ "കർത്താവിൽ ആനന്ദം" കണ്ടെത്തിയവരാണ്. ജീവിതത്തിലെ ഗതിവിഗതികളിലും സുഖദുഃഖവിപര്യയങ്ങളിലും ആനന്ദം പുലർത്തുവാൻ നമ്മെ പര്യാപ്തരാക്കുന്ന ഒരു തത്വസംഹിതയാണ് ക്രിസ്തുമതത്തിനുള്ളത്. ഒരു ക്രിസ്ത്യാനി എല്ലായ്പോഴും കർത്താവിൽ ആനന്ദിക്കണം. ആരാച്ചാർക്കു കഴുത്തു നീട്ടിക്കൊടുക്കുമ്പോഴും തന്റെ താടിമീശയെപ്പററി ഫലിതങ്ങൾ പറയുവാൻ കഴിഞ്ഞ വി. തോമസ്മൂറിനെപ്പോലെ ജീവിതത്തിലും മരണത്തിലും, സാഹചര്യങ്ങൾ എന്തുതന്നെയായാലും, ആനന്ദം കണ്ടെത്തുവാൻ ഒരു ക്രിസ്ത്യാനിക്കു കഴിയും; അവന്റെ വിശ്വാസം അത്യന്തം സുദൃഢമാണ്; അവന്റെ പ്രത്യാശ അത്യന്തം സുശക്തമാണ്; അവന്റെ ജീവിതം തദനുരൂപമാക്കുവാൻ അവൻ പരിശ്രമിക്കയും ചെയ്യണമെന്നുമാത്രമേയുള്ളു. മരണാനന്തരജീവിതത്തിലുള്ള വിശ്വാസവും പ്രതീക്ഷയുമില്ലാത്ത ഭൗതികവാദികൾ "നമുക്കു ഇന്നു തിന്നുകുടിച്ചു സന്തോഷിക്കാം; നാളെ നാം മരിച്ചുപോകും" എന്നു പറഞ്ഞുകൊണ്ടു സുഖഭോഗങ്ങളിൽ മുഴുകി ജീവിക്കുമെങ്കിലും അവർക്കു യഥാർത്ഥമായ ആനന്ദം അനുഭവിക്കാൻ സാദ്ധ്യമല്ല; കാരണം, കൊലയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നവൻ തന്റെ വധത്തിന്റെ തലേദിവസം വിഭവസമൃദ്ധമായ "കൊലച്ചോറ്" ഉണ്ണുമ്പോൾ ഏതുതരത്തിലുള്ള ആനന്ദം അനുഭവിക്കുമോ ആ തരത്തിലുള്ളതായിരിക്കും ഇക്കൂട്ടരുടേയും ആനന്ദം.

യാതൊരു മനുഷ്യനോ, ലൗകികാധികാരികൾക്കോ, ഈ ആനന്ദത്തെ നമ്മിൽനിന്നു അപഹരിച്ചുകളയുവാൻ സാദ്ധ്യമല്ല എന്നുള്ളതു് അതിനു മാററു കൂട്ടുന്നുണ്ടു്. ആരോഗ്യവും ധനവും സ്ഥാനവും പ്രതാപവും മററും നമ്മുടെ ഇഷ്ടത്തിനെതിരായും നഷ്ടപ്പെട്ടുപോയേക്കാം; എന്നാൽ "കർത്താവിലുള്ള ആനന്ദം" നാം സമ്മതിച്ചാൽമാത്രമേ നമ്മിൽനിന്നു അപഹൃതമാകയുള്ളു. ആദ്ധ്യാത്മികമായ ഈ ആനന്ദം പ്രത്യേകവ്യക്തികൾക്കോ വർഗ്ഗക്കാർക്കോ മാത്രം അനുഭവിക്കാവുന്ന ഒന്നല്ല; പ്രത്യുത, ധനവാനും ദരിദ്രനും, പണ്ഡിതനും പാമരനും, ആരോഗ്യവാനും രോഗിക്കും, ഭരണാധിപനും ഭരണീയനും. മുതലാളിക്കും തൊഴിലാളിക്കും—എല്ലാവർക്കും ഈ ആനന്ദം അനുഭവിക്കാവുന്നതാണ്. ക്ലേശങ്ങളിലും നമ്മുടെ ആനന്ദം അപഹൃതമാകയില്ല; "നീതിയെപ്രതി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു, ഞാൻനിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കയും പീഡിപ്പിക്കയും നിങ്ങൾക്കു വിരോധമായി സകല ദുഷ്കാര്യങ്ങളും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ, അപ്പോൾ നിങ്ങൾ ആനന്ദിച്ചു സന്തോഷിക്കുവിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചിരിക്കുന്നു." (മത്താ. V,10—12) മർദ്ദിക്കപ്പെട്ടപ്പോഴും അപഹസിക്കപ്പെട്ടപ്പോഴും ശ്ലീഹന്മാർ ആനന്ദമനുഭവിച്ചിരുന്നതായി നാം വായിക്കുന്നു. ഓരോ ക്രിസ്ത്യാനിക്കും ഈ ആനന്ദമനസ്ഥിതി കൂടിയേ കഴിയൂ—ആന്തരികമായ ആനന്ദം. നമ്മുടെ വീടുകളിൽനിന്നു ഗ്ലാനതയെ ആട്ടിയോടിക്കണം. ഭർത്താവു ഭാര്യയ്ക്കും, ഭാര്യ ഭർത്താവിനും, മക്കൾ മാതാപിതാക്കന്മാർക്കും ആനന്ദനിദാനങ്ങളായി വർത്തിക്കണം. ക്ലേശങ്ങളിലും രോഗങ്ങളിലും പട്ടിണിയിലും ഈ ആന്തരികമായ ആനന്ദത്തെ കൈവെടിയരുതു്. ക്രിസ്തീയമായ വിശ്വാസവും പ്രതീക്ഷയും കുടികൊള്ളുന്നവനിൽ ഗ്ലാനതയ്ക്കും വിഷാദാത്മകതയ്ക്കും ഒട്ടുംതന്നെ സ്ഥാനമില്ല.

(ജെ. ചെമ്മണൂർ)

---

നയൗപനം നഷ്ടത്തിലും ഭാവിജീവിതം പരാജയത്തിലും അങ്ങു കലാശിക്കും; അല്ലാതെ തരമില്ല ഭാഗ്യവശാൽ ഇയാളെയും നേർവഴിക്കു തിരിച്ചുവിട്ടാൽ, ഉത്തരവാദബോധവും ചിന്താശീലവും കൈവരുത്തി അവൻ തന്റെ ജീവിതയാത്ര ശ്രേയസ്കരമാക്കും. അതിൽ വിജയം നേടും.

ഇപ്രകാരം സ്വഭാവരൂപവൽക്കരണം കൊണ്ടു സിദ്ധിക്കാവുന്ന വിജയമുദ്രകൾ അസംഖ്യങ്ങളാണ്. സാമ്രാജ്യങ്ങളെ കെട്ടിപ്പണിയുവാൻ കെല്പുള്ള സ്വരാജ്യസ്നേഹികൾ, രാഷ്ട്രീയപ്രവർത്തകന്മാർ, ചിന്തകന്മാർ തുടങ്ങിയ ധീരകേസരികളെ സ്വഭാവരൂപവൽക്കരണം നമുക്കു പ്രദാനം ചെയ്യുന്നു. ജീവിതത്തിന്റെ ഏതു തുറയിലും ഏതു പരിതഃസ്ഥിതിയിലും അനീതിക്കും അധർമ്മത്തിനുമെതിരായി അണിനിരന്നു്, നീതിയും ധർമ്മവും സംസ്ഥാപിക്കുന്നതിനു ഇച്ഛിക്കുവാനും തദർത്ഥം ചങ്കുറപ്പോടെ പ്രവർത്തിക്കുവാനും പോരുന്ന ആത്മശക്തിയുള്ള വീരാത്മാക്കളെ മുന്നണിയിലേക്കു ഇറക്കിവിടുവാൻ സൽസ്വഭാവത്തിനുള്ള കഴിവ് അനന്യസാധാരണമാണ്. ഉറച്ചുതെളിഞ്ഞ സ്വഭാവത്തിന്റെ പടച്ചട്ട ഉടുത്തിരിക്കുന്ന ഒരു യുവാവിനെ വിസ്തൃതലോകത്തിന്റെ വിദൂരവിദൂരതയിലേക്കു 'നിർഭയം പായിക്കാം. വെന്നിക്കൊടിയും പൊക്കിപ്പിടിച്ചുകൊണ്ടു് അവൻ മുന്നേറും. നിശ്ചയം.

(തുടരും)



മലയാളകഥാപ്രസംഗപ്രസ്ഥാനത്തിൽ ഒരു മധുരപരിവർത്തനമാണ് കാഥികൻ ജോസഫ് പീറ്റേഴ്സൻ പാട്ടിയുടെ കാതും കരളും കുളിർപ്പിക്കുന്ന, കാമ്പും കനവും കലാഭംഗിയുമേറിയ, ആദർശോജ്ജ്വലവും സർവ്വോപരി സാഹിത്യാസ്വാദനപ്രധാനവുമായ

## കഥാപ്രസംഗം

അതിലെ ഒരുജ്ജ്വലപരിവർത്തനമാണ്, തിരുനാൾ, ക. സംഘടനാവാർഷികം എന്നീ ആഘോഷപരിപാടികൾക്കനുയോജ്യമായവിധത്തിൽ വി. വേദപുസ്തകപശ്ചാത്തലത്തിൽ സംഗീതവിദഗ്ദ്ധരടങ്ങിയ പുതിയ പാർട്ടിയോടും വൈദികമേലദ്ധ്യക്ഷന്മാരുടെ അനുഗ്രഹാശീസ്സുകളോടുംകൂടി ഇതാ ഇപ്പോൾ തയ്യാറായിരിക്കുന്ന പുളകോൽഗമകരമായ പുതിയ പുണ്യകഥ:—

"മരിയാ ഗൊരേത്തി"

ജനുവരിമാസത്തേക്കുള്ള ബുക്കിങ്ങ് ആരംഭിച്ചിരിക്കയാൽ നിങ്ങളുടെ ആർഡർ നിശ്ചിത തീയതി കാണിച്ച് താഴെ വിലാസത്തിൽ ഉടൻ അയക്കുക:—

K. P. Joseph Optician, Broadway, Ernakulam.

## "നിങ്ങളുടെ ഫോട്ടോ"

നിങ്ങൾക്കിഷ്ടമുള്ള സൈസ്സിലും കളറിലും ഏററവും പരിഷ്കൃതരീതിയിൽ മിതമായ ചാർജിനു കൃത്യസമയത്തു ചെയ്തുതരുവാൻ ഞങ്ങൾ എപ്പോഴും തയ്യാർ.

ലോയൽ സ്റ്റുഡിയോ

H. O. തൊടുപുഴ, Br. ആലുവാ

## കമ്മ്യൂണിസ്റ്റുകാരുടെ കടുംകൈ

ചൈനയിലെ കമ്മ്യൂണിസ്റ്റുഗവമെന്റു ഇതിനകം 16 അനാഥശാലകൾ കൈക്കേറിയതായി വാർത്ത ലഭിച്ചിരിക്കുന്നു. അവ നടത്തിവന്ന കന്യാസ്ത്രീകളുടെമേൽ ഇല്ലാക്കുററങ്ങൾ ആരോപിച്ച് തടങ്കലിൽ വച്ചിരിക്കയാണ്. ചിലരെല്ലാം വധിക്കപ്പെട്ടിട്ടുണ്ടു്. ഈയിടെ മൂന്നു വിദേശീയ മെത്രാന്മാരെക്കൂടി അവർ കാരാഗൃഹത്തിലടച്ചിട്ടുണ്ടു്. അങ്ങനെ അവിടത്തെ കമ്മ്യൂണിസ്റ്റുഗവമെന്റ് തടവിലാക്കിയിരിക്കുന്ന മിഷനറിമെത്രാന്മാരുടെ സംഖ്യ 20 ആയി വർദ്ധിച്ചിരിക്കുന്നു.

# വിശുദ്ധപദദാനപ്രഖ്യാപനം

(വെരി റവ. ഫാ. സി. ററി. കൊട്ടാരം,
ബി. എ., എൽ. ററി., എൽ. ഡി., എഫ്. ആർ. എസ്. എ.)

ഖ്യാപകവിഭാഗത്തിൽപ്പെട്ട ഒരു ദൈവദാസനെ അഥവാ, ഒരു ദൈവദാസിയെ, വിശുദ്ധപദത്തിലേക്കുയർത്തുന്നതുസംബന്ധിച്ച് കത്തോലിക്കാ തിരുസഭയിൽ ഇന്നു നിലവിലിരിക്കുന്ന നടപടിക്രമത്തിന്റെ ഒരു സാമാന്യവിവരണം നൽകുവാൻ കഴിഞ്ഞ എട്ടു ലേഖനങ്ങളിലായി ഞാൻ ശ്രമിച്ചിട്ടുണ്ടു്. പ്രസ്തുത വിവരണത്തിൽനിന്നും ആർക്കും നിഷ്പ്രയാസം ഗ്രഹിക്കുവാൻ കഴിയും നാമകരണ സംബന്ധമായ ഇന്നത്തെ നടപടിക്രമം എത്ര ദൈർഘ്യവും, ക്ലേശാ



വഹവും, വ്യയഹേതുകവുമാണെന്നു്. മധ്യശതകങ്ങളിൽ നിലവിലിരുന്ന നടപടിക്രമം വിശദാംശങ്ങളിൽ പലതിലും ഇന്നത്തേതിൽ നിന്നു വ്യത്യസ്തമായിരുന്നു. അർഹനായ ഒരു ദൈവദാസനെ ശീഘ്രം ധന്യപദവിയിലേക്കും, തുടന്നു് വിശുദ്ധപദവിയിലേക്കും ഉയർത്തുന്നതിനു് അന്നത്തെ നടപടിക്രമം അനുവദിച്ചിരുന്നു. ആ കാലഘട്ടങ്ങളിൽ നടന്ന ഏതാനും നാമകരണക്കേസുകൾ ഈ വസ്തുത വെളിവാക്കുന്നുമുണ്ടു്.

കാന്റർബറിയിലെ ആർച്ചുബിഷപ്പായിരുന്ന തോമസ് ബെക്കററിനെ കാന്റർബറി കത്തീഡ്രൽ ദേവാലയത്തിൽവച്ചു് അതിദാരുണമായി വധിച്ചതു് 1170 ഡിസംബർ 29-ാംനു-യായിരുന്നു; 1173 ഫെബ്രുവരി 21-ാംനു- അദ്ദേഹത്തെ തിരുസിംഹാസനം ഒരു വിശുദ്ധനായി പ്രഖ്യാപിച്ചു. അസ്സിസ്സിയിലെ ഫ്രാൻസിസ് സ്വർഗ്ഗപ്രാപ്തനായതു് 1226-ലാണു്; 1228 ൽ അദ്ദേഹം വിശുദ്ധനായി പ്രഖ്യാപനംചെയ്യപ്പെട്ടു. പാദുവായിലെ അന്തോനീസ് മരണംപ്രാപിച്ചതു് 1231 ജൂൺ 13-ാംനു-യാണു്; 1232 ജൂൺ 3-ാംനു- അദ്ദേഹത്തിന്റെ വിശുദ്ധപദപ്രഖ്യാപനം നടന്നു. കാസ്സൽനായിലെ പത്രോസ് 1208 ജനുവരി 15-ൽ പരലോകപ്രാപ്തനായി; കഷ്ടിച്ചു് രണ്ടുമാസമേ വേണ്ടിവന്നുള്ളു (1208 മാർച്ചു് 12) അദ്ദേഹം വിശുദ്ധപദത്തിലേക്കുയർത്തപ്പെടുവാൻ. സ്ഥലദൈർഘ്യത്തെ ഭയന്നു് കൂടുതൽ ഉദാഹരണങ്ങൾ കുറിക്കുന്നില്ല. ആധുനികകാലത്തു് ലിസ്യുവിലെ വി. കൊച്ചുത്രേസ്യാ, വി. മരിയാഗൊരേത്തി, വി. ജോൺ ബോസ്കോ, എന്നിവരുടെ നാമകരണനടപടികൾ അതിശീഘ്രം പുരോഗമിച്ചുവന്നു ചുണ്ടിക്കാണിക്കാമെങ്കിലും മധ്യശതകങ്ങളിലെ കേസുകളോടു താരതമ്യപ്പെടുത്തിയാൽ ഇവയുടെ പുരോഗതി ഒട്ടും വിസ്മയാവഹമല്ല.

ആധുനികകാലത്തെ ലോകപരിതസ്ഥിതികൾ പരിഗണിച്ചാൽ നാമകരണനടപടികളിൽ ഓരോ അടിയും മുമ്പോട്ടുവയ്ക്കുന്നതു് വളരെയധികം സൂക്ഷ്മതയോടും അവധാനതയോടുംകൂടി വേണമെന്നുള്ളതിൽ പക്ഷാന്തരമില്ല. തെളിവുശേഖരണത്തിലും കേസ് വിസ്താരത്തിലും ചതിവും വഞ്ചനയും അകററിനിറുത്തുവാൻ വേണ്ടത്ര മുൻകരുതലുകൾ നടപടിക്രമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. തല്പരകക്ഷികളുടെ സ്വാധീനം ഫലപ്രദമാകാതിരിക്കാനും പരമാവധി ശ്രദ്ധ ഇതിൽ ചെലുത്തിയിട്ടുണ്ടു്. രൂപതക്കോടതിയിൽ കേസ് ആരംഭിച്ചശേഷം സുപ്രീംകോടതിയായ റീത്തുകളുടെ തിരുസംഘം വിധിതീർപ്പുഴുതുന്നതുവരെ ഏതൊരു വ്യക്തിക്കും ദൈവദാസനെ സംബന്ധിച്ചോ, കേസിലെ തെളിവുശേഖരണം സംബന്ധിച്ചോ, കേസിൽ ഉദ്യോഗസ്ഥരായിവർത്തിക്കുന്നവരുടെ ചുമതലാബോധരാഹിത്യത്തെ സംബന്ധിച്ചോ ഏതൊരാക്ഷേപവും നേരിട്ടു തിരുസംഘത്തിന്റെ ശ്രദ്ധയിൽ പെടുത്തുവാനുള്ള സ്വാതന്ത്ര്യം തിരുസിംഹാസനം നൽകിയിട്ടുണ്ടു്. ഏതൊരാക്ഷേപം ഏതൊരു ഘട്ടത്തിൽവച്ചു ലഭിച്ചാലും അതേപ്പററി അന്വേഷണം നടത്തണമെന്നു കർക്കശമായ നിയമമുണ്ടു്. ആരെങ്കിലും അനാവശ്യമായ ആക്ഷേപങ്ങൾ പുറപ്പെടുവിച്ചു് കേസ് നടത്തിപ്പിനു താമസം വരുത്തുവാനിടവന്നാലും അതു കാര്യമായി തിരുസിംഹാസനം ഗണിക്കാറില്ല. അത്ര അടിയന്തിരമായി തീരുമാനിക്കേണ്ട ഒന്നുമല്ലല്ലോ നാമകരണക്കേസു്.

മാനുഷികമായ ശ്രദ്ധയുടെ പരമാവധി ചെലുത്തിയും അതിലുപരിയായി പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനധീനമായും തീരുമാനിക്കപ്പെടുന്ന നാമകരണക്കേസുകളുടെ വിധിതീർപ്പുകളെപ്പററി കത്തോലിക്കാവിശ്വാസികൾക്കു യാതൊരു സന്ദേഹവുമില്ല.

കാനോനികനടപടികൾക്കു വേണ്ടി വരുന്ന ധനവ്യയം ഭാരിച്ച ഒന്നാണെന്നു മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. വിദൂരസ്ഥലങ്ങളിൽനിന്നും സാക്ഷികളെ പടികെട്ടി വരുത്തി വിസ്തരിക്കുക, വിദഗ്ദ്ധന്മാരായ ഡോക്ടർമാർ മുതലായവർക്കു് അവരുടെ സേവനത്തിനു പ്രതിഫലംനൽകുക, വൈഷമ്യമേറിയ തെളിവുശേഖരണം നടത്തുക, റിക്കാർട്ടുകൾ ഭാഷാന്തരപ്പെടുത്തി അച്ചടിപ്പിക്കുക, ആദിയായവ ചിലവിനങ്ങളിൽ ഒഴിച്ചുകൂടാത്തവയാണു്. ഒന്നാം ലോകമഹായുദ്ധത്തിനുമുമ്പുനടന്ന ചില നാമകരണക്കേസുകളുടെ പണച്ചെലവിനെപ്പററി ഫാദർ ബെക്കാറി എന്നൊരു ജസ്വിററു വൈദികൻ അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ പ്രസ്താവിച്ചുകാണുന്നു. സാധാരണഗതിയിൽ അക്കാലങ്ങളിൽ കാനോനികനടപടിയുടെ ആരംഭംമുതൽ വിശുദ്ധപദപ്രഖ്യാപനച്ചടങ്ങുവരെക്കും രണ്ടുലക്ഷത്തിൽ കുറയാതെയും, വി. പത്രോസിന്റെ ബസ്സിലിക്കായിൽവച്ചു് സാഘോഷം നിർവ്വഹിക്കപ്പെടുന്ന നാമകരണപ്രഖ്യാപനച്ചടങ്ങിനു് ഒരുലക്ഷത്തിൽ കുറയാതെയും, അങ്ങനെ മൊത്തം മൂന്നുലക്ഷത്തിൽ കുറയാതെ വരുന്ന ഒരു സംഖ്യയോളം രൂപാ ചെലവിടേണ്ടിവരുമായിരുന്നുവത്രെ. ഇന്നത്തെ പരിതഃസ്ഥിതിയിൽ മേല്പറഞ്ഞ തുകയുടെ ഒരു പത്തിരട്ടിവന്നാലും അതിൽ അതിശയിക്കാനില്ല. ഫാദർ ബെക്കാറി ഡോളർ നാണയത്തിൽ കുറിച്ചിരിക്കുന്ന സംഖ്യ ഞാൻ ഇൻഡ്യൻനാണയത്തിൽ ലേക്കുകയാണു ചെയ്തിട്ടുള്ളതു്. യൂറോപ്പിൽവച്ചു മരണമടഞ്ഞ ദൈവദാസന്മാരുടെ നാമകരണക്കേസുകൾക്കു് വേണ്ടിവന്ന തുകയാണു് ഫാദർ ബക്കാറി സൂചിപ്പിക്കുന്നതു്. യൂറോപ്പിന്റെ ഏതുഭാഗത്തുനിന്നും റോമിലേക്കുള്ള യാത്രച്ചെലവിൽ തീർച്ചയായും അധികമായിരിക്കുമല്ലോ ഇൻഡ്യയിൽനിന്നു റോമിലേക്കുള്ള യാത്രച്ചെലവു്. തന്നിമിത്തം ഇൻഡ്യാക്കാരനായ ഒരു ദൈവദാസന്റെയോ ദാസിയുടെയോ കാനോനികനടപടികൾക്കു് മേൽസൂചിപ്പിച്ചതിലും അധികം പണച്ചെലവുണ്ടാകാതെ തരമില്ല. പണച്ചെലവിനെ ഭയന്നു് നാമകരണനടപടികൾക്കു് ഒരു രാജ്യക്കാരും ഇതേവരെ അമാന്തംവരുത്തിയിട്ടില്ല. തങ്ങളുടെ രാജ്യത്തുനിന്നു് ഒരു ദൈവദാസൻ അഥവാ ഒരു ദൈവദാസി വിശുദ്ധപദത്തിലേക്കുയർത്തപ്പെടുന്നതിൽ അഭിമാനംകൊള്ളുന്ന കത്തോലിക്കർ ഉദാരമായി ഇതിലേക്കു സംഭാവനകൾ നൽകുക സ്വാഭാവികം മാത്രമാണു്. നാമകരണനടപടികൾക്കുള്ള പണച്ചെലവിന്റെ ആധിക്യത്തെപ്പററി പരാമർശിക്കവെ യൂറോപ്പിലെ ഒരു കന്യകാമഠത്തിന്റെ ചാപ്ലൻ ഒരിക്കൽ ആ മഠത്തിലെ കന്യകകളോടു് താഴെ കാണുന്നവിധം ഉപദേശിച്ചതായി കേട്ടിട്ടുണ്ടു്: "നിങ്ങൾ വിശുദ്ധകളായിത്തീരാൻ ആഗ്രഹിക്കണം, ശ്രമിക്കണം; എന്നാൽ വിശുദ്ധകളായി പ്രഖ്യാപിക്കപ്പെടുവാൻ ആഗ്രഹിച്ചേക്കരുതു്!"

വിശുദ്ധ തോമ്മാശ്ലീഹാ കേരളീയ കത്തോലിക്കാസഭ സ്ഥാപിച്ചിട്ടു് പത്തൊമ്പതു ശതാബ്ദങ്ങൾ പൂർത്തിയാകുന്ന ഈ വേളയിൽ കേരളീയസഭയുടെ അരുമജനങ്ങളിൽ ഒരാളെ സംബന്ധിച്ചു് അപ്പസ്തോലികനടപടികൾ സമാരംഭിക്കുവാൻ ഇടയാകുന്നെങ്കിൽ അതിൽ നമുക്കേവർക്കും സന്തോഷത്തിനും അഭിമാനത്തിനും അവകാശമുണ്ടു്. പാവനസ്മരണാർഹയായ സിസ്റ്റർ അൽഫോൻസായെ സംബന്ധിച്ചു് രൂപതാദ്ധ്യക്ഷനു് തന്റെ സ്വന്തം അധികാരത്തിലും ഉത്തരവാദിത്വത്തിലും നടത്താവുന്ന പ്രാരംഭാന്വേഷണങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. ഏവംവിധമുള്ള അന്വേഷണങ്ങളുടെ റിപ്പോർട്ടും, അന്വേഷണഫലമായി ലഭിക്കുന്ന സംഗതങ്ങളായ രേഖകളും യഥാവിധി റീത്തുകളുടെ തിരുസംഘത്തിനു സമർപ്പിക്കപ്പെടും. തിരുസംഘം അവയെപ്പററി പഠനംനടത്തിയശേഷം തീരുമാനിക്കും സിസ്റ്റർ അൽഫോൻസായെ സംബന്ധിച്ചു് അപ്പസ്തോലികനടപടികൾ സ്വീകരിക്കണമോ വേണ്ടയോ എന്നു്. സിസ്റ്റർ അൽഫോൻസാ അൾത്താരയുടെ ബഹുമാനം അർഹിക്കുന്നുവെങ്കിൽ, ദൈവഹിതം അതാണെങ്കിൽ, ആ സഹോദരിയെ സംബന്ധിച്ചു് കാനോനികനടപടികൾ ആരംഭിക്കാനിടവരുമെന്നും, കാലത്തിന്റെ തികവിൽ ആ കന്യക ധന്യയായും, തുടന്നു വിശുദ്ധയായും പ്രഖ്യാപിക്കപ്പെടുമെന്നും നമുക്കു പ്രതീക്ഷിക്കാം; അതിനായി വിനയപൂർവ്വം നമുക്കു പ്രാർത്ഥിക്കയുംചെയ്യാം.

("വിശുദ്ധപദപ്രഖ്യാപനം" എന്ന ശീർഷകത്തിൽ പ്രസിദ്ധപ്പെടുത്തിവന്ന ലേഖനപരമ്പര ഇതോടുകൂടി സമാപിക്കുന്നു. ഈ ലേഖനങ്ങൾ ഒരു പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കുമെന്നു കാണിച്ചു് പലരും കത്തുകളയച്ചിട്ടുണ്ടു്. അതേപ്പററി ലേഖകൻ ആലോചിച്ചുവരികയാണു്. ആർക്കെങ്കിലും ഈ ലേഖനങ്ങൾ ഒരു പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ഭാരം കയ്യേൽക്കുവാൻ സന്മനസ്സുള്ളപക്ഷം വിവരം ലേഖകനെ അറിയിക്കുന്നതു നന്നായിരിക്കും. ലേഖകന്റെ മേൽവിലാസം: റവ. ഫാദർ സി. ററി. കൊട്ടാരം, സെൻറ് മൈക്കിൾസ് ഹൈസ്കൂൾ, പ്രവിത്താനം, അന്തിനാടു്.)

—

## മെഡിക്കൽസിസ്റ്റേഴ്സ് ഓഫ് സെൻറ ജോസഫ്

സന്യാസജീവിതം നയിച്ചു ആതുരശുശ്രൂഷ ചെയ്യാനാഗ്രഹിക്കുന്ന സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായ കത്തോലിക്ക യുവതികൾക്കു നല്ല അവസരം. കൂടുതൽ വിവരങ്ങൾക്കു എഴുതി അയക്കുക.
സിസ്റ്റർ സുപ്പീരിയർ, ധർമ്മഗിരി, കോതമംഗലം.

## തള്ളയെ രക്ഷിക്കുവാൻ ശിശുവിനെ അപായപ്പെടുത്തരുതു്

തള്ളയുടെ ജീവനെ രക്ഷിക്കുന്നതിനു വേണ്ടി ശിശുവിന്റെ ജീവനെ അപായപ്പെടുത്തുന്നതിനു് മനഃപൂർവ്വം ശ്രമിച്ചുകൂടാ എന്നുള്ളതു് കത്തോലിക്കാസഭയുടെ അചഞ്ചലമായ നിയമമാകുന്നു എന്നു പന്ത്രണ്ടാംപിയൂസ് മാർപ്പാപ്പാ തിരുമേനി ആവർത്തിച്ചു സ്ഥിരീകരിച്ചിരിക്കുന്നു.

ശിശുജനനത്തെ സംബന്ധിച്ച ഒരുമാസംമുമ്പു് തിരുമേനി ചെയ്ത പ്രഭാഷണം ഇംഗ്ലണ്ടു മുതലായ പ്രൊട്ടസ്റ്റൻറു ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ നിശിതമായ വാദപ്രതിവാദത്തിനു് വിഷയമായിരിക്കയാണു്. തിരുമേനി മുൻപുചെയ്ത പ്രസ്താവനയെ ഒരിക്കൽക്കൂടി വിശദീകരിച്ചിരിക്കുന്നു.

തിരുമേനി പ്രസ്താവിച്ചു: "ഒരു ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി നിർദ്ദോഷമായ ഒരു മനുഷ്യജീവനെ നശിപ്പിക്കുവാൻ ചെയ്യുന്ന ശ്രമം, അതു മററൊരു ജീവനെ രക്ഷിക്കുവാൻവേണ്ടിയാണെങ്കിൽത്തന്നെയും, നിയമവിരുദ്ധമാകുന്നു. ഇവിടെ തള്ളയുടേയും പിള്ളയുടേയും ജീവനെ തുല്യമായി ബാധിക്കുന്നു.

ഏതൊരു കാരണമായാലും ശിശുവിന്റെ ജീവനെക്കാൾ മാതാവിന്റെ ജീവനു പരിഗണന നൽകണമെന്നു് തിരുസഭ ഒരുകാലത്തും പഠിപ്പിച്ചിട്ടില്ല. ഒന്നുകിൽ, ശിശു അല്ലെങ്കിൽമാതാവു് എന്നിങ്ങനെ രണ്ടിൽ ഏതെങ്കിലുമൊന്നെന്നുള്ള പ്രശ്നം ഉന്നയിക്കുന്നതു് അബദ്ധമാണു്. പ്രത്യക്ഷമായി മാതാവിന്റെയോ ശിശുവിന്റെയോ ജീവനെ നശിപ്പിക്കുവാൻ പാടുള്ളതല്ല.

രണ്ടു കേസുകളിലും ഒരേഒരു കർത്തവ്യം അവശേഷിക്കുന്നു; അമ്മയുടേയും ശിശുവിന്റേയും ജീവനെ രക്ഷിക്കുന്നതിനു് പരമാവധി ശ്രമിക്കുക.




മാനേജർ: "ചെലവായ ഈ പണമെല്ലാം താനെന്താ ഇടത്തുവശത്തു് വരവിന്റെ കോളത്തിൽ എഴുതിയിരിക്കുന്നതു്?"

പുതിയ ക്ലാർക്കു്: "ഞാൻ ഇടത്തുകയ്യനാണെന്നു വന്നയന്നുതന്നെ സാറിനോടു പറഞ്ഞതാണല്ലോ."

* * *

യാത്രക്കാരൻ: "ഈ കാറിയ വട ആരു തിന്നും? മാനേജരെ വിളിക്കൂ."

ഹോട്ടലിലെ ജോലിക്കാരൻ: "മാനേജരെ വിളിച്ചിട്ടു പ്രയോജനമില്ലാ സാർ. ഇത്തരം വട മാനേജരും തിന്നാറില്ല."

* * *

മോഷണക്കുററത്തിനു് ചാർജ്ജുചെയ്യപ്പെട്ടിരുന്ന പ്രതി ദയനീയത നിഴലിക്കുന്ന ഒരു കള്ളനോട്ടത്തോടെ തന്റെ കഥ തുടന്നു: "ഞാനെന്തുചെയ്യും ഏമാനേ! എനിക്കു ഭക്ഷണമില്ലായിരുന്നു, വസ്ത്രമില്ലായിരുന്നു, വീടില്ലായിരുന്നു, സ്നേഹിതന്മാരുമില്ലായിരുന്നു."

ജഡ്ജി: "ആകട്ടെ, ആറുമാസക്കാലത്തേക്കു താനിനി ബുദ്ധിമുട്ടേണ്ടിവരികയില്ല. താമസസ്ഥലവും ഭക്ഷണവും വസ്ത്രവും എല്ലാം സൗജന്യമായി ലഭിക്കും. തനിക്കു പററിയ കൂട്ടുകാരേയും കിട്ടും."

* * *

സ്റ്റേററു കോൺഗ്രസ്സു ബഹളക്കാലത്തു് കുറെപ്പേർചേന്നു ഒരു യോഗംകൂടാൻശ്രമിക്കയിൽ ഒരു ലാത്തിച്ചാർജ്ജ് ഉണ്ടായത്രെ. ജനങ്ങളിൽ അധികംപേരും പിരിഞ്ഞുപോയശേഷം ഒരു വൃദ്ധൻ കോടതിയിൽ പോകുംവഴി ഒരുകെട്ടു ആധാരങ്ങളുമായി അതിലെ വന്നു. കാലിന്റെ "വണ്ണക്കട"ത്തിനിട്ടു് കാനേസ്റ്റബിൾ ഒരടി. വൃദ്ധൻ കാലു തിരുമ്മുകയും കാര്യം മനസ്സിലാകാതെ പോലിസുകാരനെ സൂക്ഷിച്ചുനോക്കുകയും മാത്രമേ ചെയ്തുള്ളു. പോലിസുകാരൻ പിന്നീടൊട്ടു് ആ പാവത്തെ ഉപദ്രവിച്ചതുമില്ല. കിഴവൻ വീട്ടിൽ ചെന്നപ്പോൾ ഭാര്യ ചോദിച്ചു, കാലിൽ എന്തുപററിയെന്നു്. "നീ എന്തറിഞ്ഞിട്ടു ചോദിക്കുന്നെടീ? കാലമൊക്കെ മാറിപ്പോയില്ലേ! ഇപ്പം മീററിംഗെല്ലാം കഴിഞ്ഞിട്ടു് ഒരടികൂടി ഉണ്ടത്രെ."



കമ്മ്യൂണിസത്തിന്റെ ആദ്യത്തെ പടി



കമ്മ്യൂണിസത്തിന്റെ രണ്ടാമത്തെ പടി

# വോട്ടറന്മാർ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

തിരു-കൊച്ചി സംസ്ഥാനത്തു് അസംബ്ലിയിലേക്കും പാർലിമെന്റിലേക്കുമുള്ള തിരഞ്ഞെടുപ്പു് സമാരംഭിക്കുന്നതു് ഡിസംബർ 10-ാംനു-യാണല്ലോ. അന്നു് വടക്കാഞ്ചേരി, ചിറ്റൂർ, നെന്മാറ, കടപ്ര, തിരുവല്ല, പത്തനംതിട്ട, ഓമല്ലൂർ, റാന്നി, ഈ നിയോജകമണ്ഡലങ്ങളിൽ പോളിംഗ് നടക്കുന്നു. വോട്ടർമാർ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെപ്പററി പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിജ്ഞാപനത്തിൽനിന്നും ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:-

### ബാലററുപേപ്പർ
(വോട്ടിംഗ് കടലാസ്)

1) സംസ്ഥാനനിയമസഭയിലേക്കുള്ളതു്. ഇതിൽ തവിട്ടുനിറത്തിലുള്ള ഒരു ഫലനരേഖ കാണും. 2) കേന്ദ്രജനപ്രതിനിധിസഭയിലേക്കുള്ളതു് ഇതിൽ മേല്പറഞ്ഞതുപോലെയുള്ള രേഖ ഇളംപച്ചനിറത്തിലായിരിക്കും. 3) പട്ടികജാതിക്കാർക്കായി സംവരണംചെയ്തിട്ടുള്ള "സീററുകൾ"ക്കുള്ളതു്. ഈ ബാലററുപേപ്പറിൽ ഏ എന്ന അക്ഷരവുംകൂടി അച്ചടിച്ചുകാണും. 4) "ടെൻഡേർഡ് ബാലററുപേപ്പർ"—ഒരു വോട്ടറുടെപേരിൽ വോട്ടുചെയ്തുകഴിഞ്ഞതിൽ പിന്നീടു് അതേ പേരിൽത്തന്നെ മററാരാൾകൂടി വോട്ടുചെയ്യുന്നതിനായി വരുന്നപക്ഷം ഉപയോഗിക്കേണ്ടതു്. 5) "പോസ്റ്റൽ ബാലററുപേപ്പർ". പട്ടാളത്തിലും വിദേശകാര്യാലയങ്ങളിലും ഉദ്യോഗം വഹിക്കുന്നവർ തടങ്കൽപുള്ളികൾ, തെരഞ്ഞെടുപ്പുകേന്ദ്രങ്ങളിലെ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവരുടെ ഉപയോഗത്തിനായുള്ളതു്.

### ബാലററുപെട്ടികൾ

ഓരോ സ്ഥാനാർത്ഥിക്കുമായി നൽകിയിട്ടുള്ള തെരഞ്ഞെടുപ്പുചിഹ്നം അതാതു ബാലററുപെട്ടിയുടെ പുറത്തുണ്ടായിരിക്കും.

പട്ടികജാതിക്കാർക്കുള്ള സ്ഥാനാർത്ഥികളുടെ ബാലററുപെട്ടികളിൽ തെരഞ്ഞെടുപ്പുചിഹ്നത്തിനു ചുററും ഒരു കട്ടിയായ കറുത്തവരകൂടി കാണും.

### വോട്ടെടുപ്പുനടപടികൾ

1) സമ്മതിദായകന്മാരുടെ ക്രമനമ്പർ പോളിംഗ്സ്റ്റേഷനിൽ ചെല്ലുന്നതിനു മുമ്പുതന്നെ ഓരോ വോട്ടറും, വോട്ടേഴ്സ് ലിസ്റ്റിൽ തനിക്കുള്ള നമ്പർ എന്താണെന്നു മനസ്സിലാക്കിയിരിക്കുന്നതു് നന്നു്. പോളിംഗ് സ്റ്റേഷനിലെത്തിക്കഴിഞ്ഞാൽ പ്രവേശനസ്ഥലത്തു ഡ്യൂട്ടിയിൽ നിൽക്കുന്ന ഉദ്യോഗസ്ഥനിൽനിന്നും, വോട്ടറന്മാർ അവരവർക്കുള്ള നമ്പരുകൾ കുറിച്ചുവാങ്ങിച്ചുകൊള്ളണം.

2) വിരലടയാളമിടുക—നമ്പർ കുറിപ്പോടുകൂടി പോളിംഗ് സ്റ്റേഷനിൽ ഒരു വോട്ടർ പ്രവേശിച്ചുകഴിഞ്ഞാൽ ആ നമ്പർ അനുസരിച്ചുള്ള വോട്ടറാണോ എന്നു പരിശോധിച്ചു നിശ്ചയം വരുത്തിയശേഷം, ആ വോട്ടറുടെ ഇടതുകൈയിലെ പെരുവിരലിൽ (10 ദിവസംവരെ മായാത്ത) മഷികൊണ്ടു ഒരടയാളം ഇടുന്നതിനു വിസമ്മതിക്കുന്നവർക്കു ബാലററുപേപ്പർ കൊടുക്കുന്നതല്ല വിരലടയാളമിട്ടുകഴിഞ്ഞാൽ ആദ്യമായി സംസ്ഥാനനിയമസഭയിലേക്കും, പിന്നീടു കേന്ദ്രജനപ്രതിനിധിസഭയിലേക്കുമുള്ള ബാലററുപേപ്പറുകൾ വോട്ടർക്കു കിട്ടുന്നതാണു്. രണ്ടംഗനിയോജകമണ്ഡലങ്ങളാണെന്നുവരികിൽ അവിടേക്കു രണ്ടു ബാലററുപേപ്പറുകളായിരിക്കും കൊടുക്കുന്നതു്.

ബാലററുപേപ്പർ കിട്ടിയതിനുശേഷം വോട്ടർ തന്റെ വോട്ടുകൊടുക്കുന്നതിനു് ഉദ്ദേശിക്കുന്നില്ലെങ്കിൽ ബാലററുപേപ്പർ പ്രിസൈഡിംഗ് ആഫീസറെ തിരിച്ചേല്പിക്കേണ്ടതാണു്.

3) സംസ്ഥാനനിയമസഭയിലേക്കുള്ള വോട്ടു—ആദ്യമായി സംസ്ഥാനനിയമസഭയിലേക്കുള്ള വോട്ടാണു് കൊടുക്കേണ്ടതു്. ഇതിലേക്കുള്ള സ്ഥാനാർത്ഥികളുടെ എണ്ണമനുസരിച്ചു ബാലററുകൾ (അതായതു തെരഞ്ഞെടുപ്പുചിഹ്നങ്ങളോടുകൂടി) പോളിംഗ് മുറിയിലുണ്ടായിരിക്കും.

സംവരണംചെയ്തിട്ടുള്ള "സീററുകൾ"ക്കായി പ്രത്യേകം പോളിംഗ്മുറികൾ തയ്യാറാക്കുന്നതല്ല.

പോളിംഗ മുറിയിൽ വച്ചിട്ടുള്ള ഏതു ബാലററുപെട്ടിയിലും വോട്ടർക്കു തന്റെ യുക്തംപോലെ ബാലററുപേപ്പർ ഇടാവുന്നതാണു്. രണ്ടംഗനിയോജകമണ്ഡലങ്ങളിലാണെന്നുവരികിൽ അവർക്കുള്ള രണ്ടു ബാലററുപേപ്പറുകളും ഏതെങ്കിലും രണ്ടു ബാലററുപെട്ടികളിൽ ഇട്ടാൽ മതിയാകും. ഒരേ പെട്ടിയിൽത്തന്നെ രണ്ടു ബാലററുപേപ്പറുകളും ഇടാൻ പാടില്ലെന്നു വ്യക്തമായി മനസ്സിലാക്കിയിരിക്കണം. രണ്ടു ബാലററുപേപ്പറുകളും ഒരേ പെട്ടിയിലിടുന്നപക്ഷം അവയിൽ ഒന്നു് അസാധുവായിത്തീരുന്നതാണു്.

വോട്ടറുടെ കൈവശമുള്ള നമ്പർകുറിപ്പു ബാലററുപെട്ടിയിൽ ഇടാൻ പാടില്ല.

4) കേന്ദ്രപ്രതിനിധിസഭയിലേക്കുള്ള വോട്ടു — കേന്ദ്രപ്രതിനിധിസഭയിലേക്കുള്ള വോട്ടാണു് അടുത്തതായി കൊടുക്കേണ്ടതു്.

ഇതിനുള്ള "ബാലററുപേപ്പർ" കിട്ടുമ്പോൾ, നമ്പർകുറിപ്പു കേന്ദ്രസഭയിലേക്കുള്ള പോളിങ്ങ്മുറിക്കുമുന്നിൽനിൽക്കുന്ന ശിപായിയെ ഏല്പിക്കണം. ഈ പോളിങ്ങ് മുറിയിൽചെന്നു കേന്ദ്രസഭയ്ക്കുള്ള വോട്ടു് മേല്പറഞ്ഞരീതിയിൽത്തന്നെ കൊടുക്കേണ്ടതാകുന്നു.

### ശാരീരികാവശതയുള്ള വോട്ടർമാർ

കാഴ്ചയില്ലായ്മ മുതലായ അവശതകൾകൊണ്ടു ബാലററുപെട്ടിയിൽ ബാലററുകടലാസുകളിടുന്നതിനു കഴിവില്ലാത്ത വോട്ടറന്മാരുടെ കാര്യത്തിൽ, പോളിംഗ് ആഫീസറന്മാർ അവരെ പോളിങ്ങ് മുറിയിൽ കൊണ്ടുചെന്നു അവർ ഏതു സ്ഥാനാർത്ഥികൾക്കായി വോട്ടുകൊടുക്കുവാനാഗ്രഹിക്കുന്നുവോ ആ സ്ഥാനാർത്ഥികൾക്കുള്ള ബാലററുപെട്ടികളിൽ ബാലററുകടലാസ് ഇട്ടുകൊടുക്കുന്നതാണു്.

### സമയക്രമീകരണം

ഓരോ പോളിങ്ങ് സ്റ്റേഷനിലേക്കും 700 മുതൽ 900 വോട്ടറന്മാർവരെ ഉണ്ടായിരിക്കും. വോട്ടെടുപ്പു് ഒരു പരിമിതമായ സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടിയിരിക്കുന്നതിനാൽ വോട്ടറന്മാർ ക്രമീകരണം പാലിക്കുന്നതിൽ പ്രത്യേകം നിഷ്കർഷിക്കേണ്ടതാകുന്നു തെരഞ്ഞെടുപ്പുദിവസങ്ങളിൽ പോളിംഗ് സ്റ്റേഷനിൽവന്നു വോട്ടറന്മാർ വോട്ടുകൊടുക്കുകയും സ്ഥലംവിടുകയും ചെയ്യുന്നതു് കഴിയുന്നത്ര വേഗത്തിൽത്തന്നെ ആയിരിക്കണം.

വോട്ടിങ്ങ് അവസാനിപ്പിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞാൽ ബാലററുപേപ്പർ കൊടുക്കുന്നതല്ല.

### യാത്രാസൗകര്യങ്ങൾ

വോട്ടറന്മാർ പോളിങ്ങ്സ്റ്റേഷനിൽ ചെന്നെത്തുന്നതിനുവേണ്ടി വാഹനസൗകര്യങ്ങൾ, സ്ഥാനാർത്ഥികളോ അവരുടെ ഏജൻറന്മാരോ ചെയ്തുകൊടുക്കുന്നതു ക്രിമിനൽകുററമായും, ഒരു ഗുരുതരമായ അഴിമതിയായും കരുതി വേണ്ട കർശനമായ നടപടികൾ കൈക്കൊള്ളുന്നതാണു്. വോട്ടറന്മാർ ഒന്നുകിൽ പോളിങ്ങ് സ്റ്റേഷനിലേക്കു നടന്നുചെല്ലുകയോ അല്ലെങ്കിൽ സ്വന്തമോ പലരും ഒന്നിച്ചുചേർന്നു വാടകയ്ക്കെടുത്തിട്ടുള്ളതോ ആയ വാഹനങ്ങളിൽ (മോട്ടോർകാർ, മോട്ടോർബസ് മുതലായവ ഒഴികെ) ചെല്ലുകയോ ചെയ്യാം. ഇതിലേക്കായി നാടൻവള്ളങ്ങൾ കാളവണ്ടികൾ മുതലായ വാഹനങ്ങൾ ഉപയോഗിക്കുന്നതു നിരോധിക്കപ്പെട്ടിട്ടില്ല. യാതൊരു സ്വാധീനതകൾക്കും വിധേയമാകാതെ വോട്ടു തികച്ചും സ്വതന്ത്രമായി കൊടുക്കുന്നതിനു വേണ്ടിയുള്ള ഒരു നിയന്ത്രണമാണിതു്.

### ആൾമാറാട്ടം

ആൾമാററം തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനു് ഒരു പോളിങ്ങ് സ്റ്റേഷനിലെ പ്രിസൈഡിംഗ് ആഫീസർക്കു വേണ്ട അധികാരങ്ങളുണ്ടു്.

### വോട്ടറന്മാർ ചെയ്യാൻപാടില്ലാത്ത കാര്യങ്ങൾ

1) ഒരു വോട്ടർ പോളിങ്ങ്മുറിയിൽ വോട്ടുചെയ്തുകൊണ്ടിരിക്കുമ്പോൾ മറെറാരു വോട്ടർ അതിനുള്ളിൽ കടക്കരുതു്.

2) പോളിങ്ങ് മുറിയിൽ അധികനേരം നിന്നു പുറത്തു കാത്തുനിൽക്കുന്ന വോട്ടറന്മാർക്കു് അസൗകര്യമുണ്ടാക്കരുതു്.

3) രണ്ടു ബാലററുപേപ്പറുകളും (സംവരണസീററിനുകൂടിയുള്ളതുൾപ്പെടെ) ഒരേ ബാലററുപെട്ടിയിലിടരുതു്.

4) നമ്പർ കുറിപ്പുകൾ ബാലററുപെട്ടിയിലിടരുതു്.

5) സ്ഥാനാർത്ഥികളോ അവരുടെ ഏജൻറന്മാരോ ഏർപ്പാടുചെയ്തുതരുന്ന വാഹനങ്ങളിൽ പോളിങ്ങ്സ്റ്റേഷനിലേക്കു യാത്രചെയ്യരുതു്.

6) വോട്ടിംഗ് സ്വാതന്ത്ര്യം ബലികഴിക്കരുതു്.

THE CATHOLIC SYRIAN BANK LIMITED
(Incorporated in Travancore-Cochin State. Liability of members is limited.)
Head Office: TRICHUR
(ESTABLISHED IN 1920)
Branches: COCHIN, CHALAKUDI, CHITTUR, ERNAKULAM, ERODE, IRINJALAKUDA, KODUMUDI, KARUR, KUNNAMKULAM, KANDASSANKADAVU, PALATHODE (Ernakulam North), TRICHUR, TRIPUNITHUR, THOPPUMPADI (Cochin), TRIVANDRUM, VALANJAMBALAM (Ernakulam South).

SEASON DEPOSITS

| | | | |
|---|---|---|---|
| For | 6 months | Deposit | 4 % |
| ,, | 4 to 5 months | ,, | 3½% |
| ,, | 3 | ,, | 3 % |

No such deposit should run beyond 30th June 1952
K. J. Varghese
General Manager

# ആർക്കെല്ലാം വോട്ടുചെയ്തുകൂടാ?

"ആർക്കെല്ലാം വോട്ടുചെയ്തുകൂടാ" എന്ന ചോദ്യത്തിനു സമാധാനമായി, കേരളത്തിലെ സാഹചര്യങ്ങൾ എല്ലാം പരിഗണിച്ചശേഷം അഭിവന്ദ്യ വൈദികാദ്ധ്യക്ഷന്മാർ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

"രണ്ടു യോഗ്യരായ സ്ഥാനാർത്ഥികളുള്ളപ്പോൾ കൂടുതൽ യോഗ്യനായ സ്ഥാനാർത്ഥിക്കുവേണ്ടി വോട്ടുചെയ്യില്ലെങ്കിൽ നിങ്ങളുടെ വോട്ടുകൾ ഭേദിച്ചുപോകയും നമ്മൾക്കു് ഇഷ്ടമില്ലാത്ത മൂന്നാമതൊരു സ്ഥാനാർത്ഥി ജയിച്ചെന്നുവരികയും ചെയ്യുവാനിടയുണ്ടു് ആകയാൽ എല്ലാവരും ഒരുപോലെ വോട്ടുചെയ്യണം; വോട്ടു് ഏററവും നല്ലതായ ഒരു സ്ഥാനാർത്ഥിക്കുതന്നെ കൊടുക്കണം. ഐക്യമുന്നണിയോടും സോഷ്യലിസത്തോടും ബന്ധപ്പെട്ടിരിക്കുന്നവർ ഏതുപേരിൽ സമീപിച്ചാലും നിങ്ങളുടെ വോട്ടു നിങ്ങൾ കൊടുക്കരുതു്." (എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്)

"കമ്മ്യൂണിസ്റ്റ് പാർട്ടിയിലെയോ ഏതുതരത്തിലുള്ള സോഷ്യലിസ്റ്റ് പാർട്ടിയിലെയോ സ്ഥാനാർത്ഥികൾക്കു്—അവർ വ്യക്തിപരമായി നല്ലവരെന്നു തോന്നിയാലും കത്തോലിക്കരെന്നു ഭാവിച്ചാലും—വോട്ടുചെയ്യരുതു്."

"സ്വീകാര്യമായ പാർട്ടി നിർത്തുന്നയാളോ, സ്വതന്ത്രനോ ആയ ഒരു സ്ഥാനാർത്ഥി തീരെ അയോഗ്യനാണെങ്കിൽ അയാൾക്കു വോട്ടുകൊടുക്കരുതു്. സർവ്വഥാ യോഗ്യനും പ്രാപ്തനുമായ ഒരു സ്ഥാനാർത്ഥിക്കു നിങ്ങളുടെ വോട്ടു കൊടുക്കാവൂ. ഒരു കത്തോലിക്കൻ യോഗ്യനെന്നു കരുതണമെങ്കിൽ അയാൾ നമ്മുടെ മതസത്യങ്ങളെ ആത്മാർത്ഥമായി വിശ്വസിക്കുന്നവനും, വിശ്വാസസന്മാർഗ്ഗനിയമങ്ങളനുസരിച്ചു് ശരിക്കു ജീവിതം നയിക്കുന്നവനും, സാമൂഹ്യാദിപ്രശ്നങ്ങളെക്കുറിച്ചുള്ള തിരുസ്സഭയുടെ പ്രബോധനങ്ങൾ വേണ്ടവണ്ണം ഗ്രഹിച്ചിട്ടുള്ളവനുമായിരിക്കണം. അന്യമതസ്ഥനെങ്കിൽ അയാൾ സത്യസന്ധനും സുശീലനും നീതിനിഷ്ഠനും, മതാനുഷ്ഠാനം, പള്ളി, സെമിനാരി, വിദ്യാഭ്യാസം മുതലായ നമ്മുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കുമെന്നു നമുക്കു ബോദ്ധ്യമുള്ളവനുമായിരിക്കണം.

"നമുക്കു സ്വീകാര്യരായ ഒന്നിലധികം പേർ ഒരേസ്ഥലത്തു സ്ഥാനാർത്ഥികളായി നിൽക്കുന്നപക്ഷം, ഇവരിൽ കൂടുതൽ യോഗ്യതയുള്ള ആൾക്കാണു വോട്ടുചെയ്യേണ്ടതു്. സ്വീകാര്യനായ ഒരു സ്വതന്ത്രനെക്കാൾ സ്വീകാര്യമായ ഒരു പാർട്ടിക്കു കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ സാധിക്കുമെന്നുള്ളതുകൊണ്ടു്, പാർട്ടി സ്ഥാനാർത്ഥി യോഗ്യനെങ്കിൽ അയാൾക്കു വോട്ടുചെയ്യുന്നതു് അഭിലഷണീയമായിരിക്കും." (കൊല്ലം മെത്രാൻ തിരുമനസ്സുകൊണ്ടു്)

"....തിരു-കൊച്ചി, മദ്രാസ് സംസ്ഥാനങ്ങളിലെ സംഗതികൾ പരിശോധിച്ചാൽ കമ്മ്യൂണിസ്റ്റുകളും, സോഷ്യലിസ്റ്റുകളും, ഐക്യമുന്നണി, ഐ എസ്. പി., കെ. എസ്. പി., ആർ. എസ്. പി മുതലായ പല പേരുകളിൽ നിർത്തിയിരിക്കുന്ന സ്ഥാനാർത്ഥികളെയും, അവരോടു രഹസ്യമായും പരസ്യമായും കൂട്ടുകെട്ടു പുലർത്തി സ്വതന്ത്രർ എന്ന പേരിൽ നിൽക്കുന്ന സ്ഥാനാർത്ഥികളെയും വോട്ടുകൊണ്ടോ മററെതെങ്കിലുംവിധത്തിലോ കത്തോലിക്കർ യാതൊരു കാരണവശാലും സഹായിക്കുവാൻ പാടുള്ളതല്ല." (കോട്ടയം മെത്രാൻ തിരുമനസ്സുകൊണ്ടു്)

"നിരീശ്വരന്മാർക്കോ സന്മാർഗ്ഗനിഷ്ഠയില്ലാത്തവർക്കോ വോട്ടുനൽകിക്കൂടാ. കമ്മ്യൂണിസ്റ്റുകാർ, സോഷ്യലിസ്റ്റുകാർ, ഐക്യമുന്നണി, ഐ. എസ്. പി., ആർ. എസ്. പി. മുതലായ പല പേരുകളിൽ നിറുത്തിയിരിക്കുന്ന സ്ഥാനാർത്ഥികളെയും അവരോടു രഹസ്യമായോ പരസ്യമായോ സമ്പർക്കം പുലർത്തി സ്വതന്ത്രർ എന്ന പേരിൽ നിൽക്കുന്ന സ്ഥാനാർത്ഥികളെയും വോട്ടുകൊണ്ടോ മററേതെങ്കിലും വിധത്തിലോ കത്തോലിക്കർ സഹായിക്കുവാൻ പാടുള്ളതല്ല പ്രസ്തുത കക്ഷികളുടെ സ്ഥാനാർത്ഥികളും അവരോടു കൂട്ടുകെട്ടിൽ വർത്തിക്കുന്ന സ്ഥാനാർത്ഥികളും ഏതു വിഭാഗത്തിൽപ്പെട്ടവരായിരുന്നാലും, അവരെല്ലാവരും ഒരുപോലെ നിരോധനത്തിൽ ഉൾപ്പെടുന്നു." (പാലാമെത്രാൻ തിരുമനസ്സുകൊണ്ടു്)

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol 25 ‖ ERNAKULAM, DECEMBER 12, 1951 ‖ No 17


# തിരുനാൾമംഗളം

വി. അംബ്രോസ്, ഒരു സഭാപിതാവാണദ്ദേഹം. വിജ്ഞാനമണ്ഡലത്തിലെ ഒരു സമുജ്ജ്വലതാരവും. ഗാളിൽ (ഫ്രാൻസിൽ) ജനിച്ച ഇദ്ദേഹം മിലാനിലെ മെത്രാനായിരുന്നു. ഗ്രീക്കിൽ "അംബ്രോസ്" എന്നു പറഞ്ഞാൽ "മരണമില്ലാത്തവൻ" എന്നാണർത്ഥം. അതേ, വി. അംബ്രോസ് മരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ വിശുദ്ധിയുടെ പരിമളം ക്രൈസ്തവാന്തരീക്ഷത്തിൽ ഇന്നും പ്രസരിക്കുന്നുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ നാമം സർവ്വോപരി പ്രകീർത്തിക്കപ്പെടുന്നതു വി. അഗുസ്തീനോസിന്റെ ഉപദേഷ്ടാവും ജ്ഞാനസ്നാപകനും എന്നനിലയിലാണ്. വി. അംബ്രോസിന്റെ പ്രസംഗമാണത്രെ വി. അഗുസ്തീനോസിനെ സൽപഥത്തിലേക്കാനയിച്ചതു്. പ്രസ്തുത സ്നേഹിയുടെ പശ്ചാത്തലത്തിൽ മാത്രമല്ല അംബ്രോസ് ജീവിക്കുന്നതു്. അദ്ദേഹത്തിന്റെ നാമധാരികളും അനുയായികളുമായ ക്രിസ്ത്യാനികളിലും അദ്ദേഹം ജീവിക്കുന്നുണ്ട്. വിജയപുരം രൂപതയുടെ അഭിവന്ദ്യമെത്രാനായ ഡോക്ടർ അംബ്രോസ് തിരുമേനി അപ്രകാരം വി. അംബ്രോസിന്റെ ചൈതന്യത്തെ സാക്ഷാൽക്കരിച്ചിരിക്കുന്ന ഒരു മഹാവ്യക്തിയാണ്.



വേദശാസ്ത്രവിശാരദനും സൽഗുണസമ്പന്നനും സന്യാസിപ്രവരനുമായ ഡോക്ടർ അംബ്രോസ് സ്വനാമധേയന്റെ കാലടിപ്പാടുകൾ നോക്കിത്തന്നെയാണു യാത്രചെയ്യുന്നതു്. ആ മഹാവിശുദ്ധന്റെ തിരുനാൾ കഴിഞ്ഞവെള്ളിയാഴ്ചയായിരുന്നു. തിരുമനസ്സിലെ അജഗണങ്ങൾക്കെല്ലാം ആനന്ദദായകമായ ഒരു ദിനമായിരുന്നു അതു്. തിരുമനസ്സിലെ വാത്സല്യാതിരേകത്തിനു സുതരാം പാത്രീഭവിച്ചിട്ടുള്ള സത്യദീപവും ഈ ശുഭാവസരത്തിൽ തിരുമേനിക്കു സകലവിധ മംഗളങ്ങളുമാശംസിക്കയും, വിജയപുരത്തെ സാക്ഷാൽ വിജയത്തിന്റെ പുരമാക്കാൻ വേണ്ട അനുഗ്രഹം ദൈവം തിരുമേനിയുടെ മേൽ വർഷിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കയും ചെയ്യുന്നു.

# ഐ. എസ്. പി. യും കത്തോലിക്കരും

ഐ എസ്. പി. (ഇൻഡ്യൻ സോഷ്യലിസ്റ്റ്പാർട്ടി) അതിന്റെ പ്രമുഖനേതാക്കന്മാരുടെ ഗ്രന്ഥങ്ങളിലും ലേഖനങ്ങളിലും പ്രസംഗങ്ങളിലും, സർവ്വോപരി അതിന്റെ നയപ്രഖ്യാപനങ്ങളിലും, കാൾമാർക്സിന്റെ നിഷിദ്ധങ്ങളായ സിദ്ധാന്തങ്ങളിൽ പലതും സ്വീകരിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയായിട്ടാണ് ഇക്കാലമത്രയും പ്രത്യക്ഷപ്പെട്ടിരുന്നതു്. തന്നിമിത്തം കത്തോലിക്കർക്കു് ആ പാർട്ടിയിൽ ചേരുവാനോ ആ പാർട്ടിയുടെ സ്ഥാനാർത്ഥികൾക്കു് വോട്ടു കൊടുക്കുവാനോ പാടുള്ളതല്ലെന്നു് സ്പഷ്ടവുമായിരുന്നു. എന്നാൽ ഇൻഡ്യായൂണിയനിലെ ഇപ്പോഴത്തെ പൊതുതിരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കി ഐ. എസ്. പി. ഒരു പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. അതിനെ ചർച്ചചെയ്തുകൊണ്ടു് ബോംബെയിൽനിന്നു പുറപ്പെടുന്ന "എക്സാമിനർ" എന്ന കത്തോലിക്കാവാരിക കഴിഞ്ഞ ഒക്ടോബർ 13-ാം തിയതി ലക്കത്തിൽ ഒരു മുഖപ്രസംഗം പ്രസിദ്ധം ചെയ്തിരുന്നു. തിരു-കൊച്ചിയിലെ ഐ. എസ്. പി. ആ മുഖപ്രസംഗം മലയാളത്തിൽ തർജ്ജിമചെയ്തു് ലഘുലേഖകളാക്കി അച്ചടിച്ചു് പ്രചരിപ്പിച്ചുകൊണ്ടിരിക്കയാണ്. എറണാകുളത്തെ "ശ്രീ കേരളം പ്രസ്സി"ൽ അടിച്ച ഒരു ലഘുലേഖയും, ഫോർട്ടുകൊച്ചിയിലെ "ജനശക്തി പ്രസ്സി"ൽ അടിച്ച വേറൊന്നും ഞങ്ങൾക്കു കിട്ടിയിട്ടുണ്ട്. ഈ രണ്ടാമത്തെ ലഘുലേഖയുടെ അവസാനത്തിൽ "ഒരു കത്തോലിക്കൻ" എന്ന പേരുവച്ചു് താഴെക്കാണുന്ന ഒരു കുറിപ്പും ചേർത്തിട്ടുണ്ട്.

"സോഷ്യലിസ്റ്റുകാർക്കും കമ്മ്യൂണിസ്റ്റുകാർക്കും പൊതുതിരഞ്ഞെടുപ്പിൽ കത്തോലിക്കർ വോട്ടുകൊടുക്കരുതെന്നും, കോൺഗ്രസ്സു സ്ഥാനാർത്ഥികൾക്കും മതവിശ്വാസികളായ സ്വതന്ത്രന്മാർക്കും മാത്രമേ വോട്ടുചെയ്യാൻ പാടുള്ളുവെന്നും കത്തോലിക്കാ മതാദ്ധ്യക്ഷന്മാർ ഇടയലേഖനങ്ങളും, സർക്കുലറുകളും പുറപ്പെടുവിക്കുകയും കത്തോലിക്കാ പള്ളികളിൽ "വിളിച്ചു പറയുകയും", സംസ്ഥാനത്തിലെ ചില കത്തോലിക്കാ പത്രങ്ങൾ മുഖപ്രസംഗങ്ങൾ എഴുതുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, "എക്സാമിനർ" പത്രത്തിന്റെ പ്രസ്തുത മുഖപ്രസംഗം വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നതായിരിക്കും."

## ഐ. എസ്. പി. കത്തോലിക്കരെ വഴിപിഴപ്പിക്കുന്നു

കത്തോലിക്കാ മതാദ്ധ്യക്ഷന്മാരുടെ ഔദ്യോഗികമായ നിർദ്ദേശം ഐ. എസ്. പി. സ്ഥാനാർത്ഥികൾക്കു കത്തോലിക്കർ വോട്ടു കൊടുക്കരുതെന്നാണെന്നും, നേരേമറിച്ചു് "എക്സാമിനർ" പത്രത്തിന്റെ മുഖപ്രസംഗത്തിലെ നിർദ്ദേശം വോട്ടു കൊടുക്കണമെന്നാണെന്നും, പരസ്പരവിരുദ്ധങ്ങളായ ഈ നിർദ്ദേശങ്ങളിൽ കത്തോലിക്കാമതാദ്ധ്യക്ഷന്മാരുടേതു് തിരസ്കരിക്കുകയും എക്സാമിനർ പത്രത്തിന്റേതു് സ്വീകരിക്കുകയും ചെയ്യണമെന്നും ആണല്ലോ ഈ കുറിപ്പിന്റെ താല്പര്യം. മതത്തേയും സന്മാർഗ്ഗത്തേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ കത്തോലിക്കാമതാദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങളെക്കാൾ കത്തോലിക്കാപത്രത്തിന്റെ നിർദ്ദേശമാണ് കത്തോലിക്കർ സ്വീകരിക്കേണ്ടതെന്നു പ്രചരണം നടത്തുന്നവർ കത്തോലിക്കാജനസാമാന്യത്തെ തീർച്ചയായും വഴിപിഴപ്പിക്കുകയാണുചെയ്യുന്നതു്. അതു് "ഒരു കത്തോലിക്കൻ" ചെയ്താൽ അവൻ സ്വയം വഴിപിഴച്ചിരിക്കുന്നവനാണെന്നു സ്പഷ്ടമാണ്. മതവും സന്മാർഗ്ഗവും പഠിപ്പിക്കുവാനും അവയുടെ കാര്യത്തിൽ കത്തോലിക്കരുടെ പ്രായോഗികമായ കർത്തവ്യമെന്തെന്നു് നിർദ്ദേശിക്കുവാനും കത്തോലിക്കാസഭയിൽ ദൈവദത്തമായ അധികാരമുള്ളതു് മാർപ്പാപ്പായ്ക്കും അവിടുത്തെ കീഴിലുള്ള മെത്രാന്മാർക്കും മാത്രമാകുന്നു. അതിനെതിരായി യാതൊരു കത്തോലിക്കാപണ്ഡിതനും പത്രാധിപർക്കും, വൈദികനായാലും അൽമേനിയായാലും, നിർദ്ദേശം നൽകാൻ അധികാരമില്ല. കുറിപ്പിൽ പറയുന്നപോലെ തിരു-കൊച്ചിയിലെ തെരഞ്ഞെടുപ്പിൽ ഐ. എസ്. പി. സ്ഥാനാർത്ഥികൾക്കു കത്തോലിക്കർ വോട്ടു ചെയ്യാൻ പാടുള്ളതല്ലെന്നു് അവിടത്തെ മെത്രാദ്ധ്യക്ഷന്മാർ ഇടയലേഖനങ്ങളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അവിടത്തെ കത്തോലിക്കർ ആ നിർദ്ദേശമാണ് അനുസരിക്കേണ്ടതു്; അതിനെതിരായി ബോംബെയിലെയോ അഥവാ തിരു-കൊച്ചിയിലെയോ പത്രാധിപന്മാരുടെ നിർദ്ദേശം തിരു-കൊച്ചിയിലെ ഏതൊരു കത്തോലിക്കനും അനുസരിച്ചാൽ അവൻ ദൈവദൃഷ്ടിയിൽ കുറ്റക്കാരനായിരിക്കും.

പ്രസ്തുത ലഘുലേഖയിൽ എക്സാമിനർ പത്രത്തിന്റെ മുഖപ്രസംഗത്തിനുമുമ്പായി വലിയ അക്ഷരത്തിൽ ചേർത്തിട്ടുള്ള 7 വരികളടങ്ങിയ തലക്കെട്ടിൽ ആ പത്രത്തെ പുകഴ്ത്തിയിട്ടുള്ളതു് "ഇൻഡ്യയിലെ കത്തോലിക്കാബിഷപ്പിന്റെ ഉടമസ്ഥതയിലുള്ള പത്രം" എന്നാണ്. ഇങ്ങനെ ഒരു ബിഷപ്പ് ഇല്ലതന്നെ! ആകയാൽ ആ പ്രയോഗവും കത്തോലിക്കാജനസാമാന്യത്തെ വഴിപിഴപ്പിക്കാൻ പോരുന്നതത്രെ. എക്സാമിനർ പത്രം ബോംബെയിലെ കത്തോലിക്കാ ആർച്ചുബിഷപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. ആ വൈദികാദ്ധ്യക്ഷനാകട്ടെ, അവിടത്തെ ഉടമസ്ഥതയിലുള്ള പത്രത്തിനാകട്ടെ, തിരു-കൊച്ചിയിലെ കത്തോലിക്കരുടെ കാര്യത്തിൽ അധികാരപൂർവ്വം നിർദ്ദേശം നൽകാൻ അവകാശമില്ല. തന്മൂലം അതു സ്വീകരിക്കാൻ തിരു-കൊച്ചിയിലെ കത്തോലിക്കർക്കു് ചുമതലയുമില്ല. മാത്രമല്ല ആ നിർദ്ദേശം തിരു-കൊച്ചിയിലെ കത്തോലിക്കാ വൈദികമേലദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങൾക്കു് (ലഘുലേഖ സമ്മതിക്കുന്നതുപോലെ) എതിരാകയാൽ അതു നിരാകരിക്കുവാനാണ് അവർക്കു ചുമതലയുള്ളതു്.

## മൂലത്തിലെ ആശയം തർജ്ജിമയിൽ വികൃതമാകുന്നു

എക്സാമിനർ പത്രത്തിന്റെ "സുവിശദമായ ആ മുഖപ്രസംഗമാണ് ചുവടെ ഉദ്ധരിക്കുന്നതു്" എന്നൊരു കുറിപ്പു് ഞങ്ങൾക്കു കിട്ടിയിരിക്കുന്ന രണ്ടു ലഘുലേഖകളിലും ചേർത്തിട്ടുണ്ട്. ഈ കുറിപ്പു് കാണുന്ന ഏതു വായനക്കാരനും തീർച്ചയായും വിചാരിക്കും, ആ മുഖപ്രസംഗം മുഴുവനും ലഘുലേഖകൾ ഉദ്ധരിക്കുന്നുണ്ടെന്നു്. എന്നാൽ ഐ. എസ്. പി. ക്കു ഗുണകരമെന്നു് തോന്നിയ ഭാഗങ്ങൾമാത്രം ഉദ്ധരിക്കുകയും, ഗുണകരമല്ലാത്ത ഭാഗം വിട്ടുകളയുകയുമാണ് ചെയ്തിരിക്കുന്നതു്. മൂലത്തിലെ മുഖപ്രസംഗത്തിൽ അവതാരികാരൂപത്തിൽ കൊടുത്തിരുന്ന ആദ്യത്തെ ഖണ്ഡിക തർജ്ജിമയിൽ ചേർത്തശേഷം, തുടർന്നുള്ള മൂന്നു ഖണ്ഡികകൾ മുഴുവനായും വിട്ടുകളഞ്ഞിരിക്കുന്നു. ഐ. എസ്. പി. യുടെ ഇതുവരെയുള്ള നിഷിദ്ധസ്വഭാവത്തെപ്പററിയാണ് ആ മൂന്നു ഖണ്ഡികകളും പ്രതിപാദിക്കുന്നതു്. അവയുടെ പശ്ചാത്തലത്തിൽ മുഖപ്രസംഗത്തിലെ ബാക്കിയുള്ള ഭാഗം വായിക്കുന്ന ഏതൊരു വായനക്കാരനും സംശയിക്കുവാൻ ന്യായമുണ്ട്, ഐ. എസ്. പി. യുടെ പുതിയ നയപ്രഖ്യാപനം തെരഞ്ഞെടുപ്പിന്റെ വിജയത്തിനുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ളതല്ലയോ എന്നു്; ഐ. എസ്. പി. കത്തോലിക്കർക്കു നിഷിദ്ധങ്ങളായ സിദ്ധാന്തങ്ങളും പരിപാടികളും എന്നേക്കുമായി ഉപേക്ഷിച്ചിട്ടുണ്ടോ എന്നു്. അങ്ങനെയുള്ള ഖണ്ഡികകൾ തർജ്ജിമയിൽ വിട്ടുകളഞ്ഞതും, വിട്ടുകളഞ്ഞിട്ടുണ്ടെന്നു് വാക്കാലോ അടയാളങ്ങളാലോ സൂചിപ്പിക്കുകപോലും ചെയ്യാതിരുന്നതും മൂലത്തിലെ ആശയത്തെ വികൃതമാക്കുന്ന പ്രവൃത്തിയല്ലയോ? അതിന്റെ ഫലം തർജ്ജിമ വായിക്കുന്നവരെ തെററിദ്ധരിപ്പിക്കുക എന്നതല്ലയോ?

മൂലത്തിലെ വാചകങ്ങൾ പരിഭാഷപ്പെടുത്തിയിരിക്കുന്നതിലും കൃത്രിമങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. സ്ഥലച്ചുരുക്കത്താൽ രണ്ടുദാഹരണങ്ങൾ മാത്രം ചൂണ്ടിക്കാണിക്കാം. മൂലത്തിലെ ഒരു ഖണ്ഡിക ഇങ്ങനെയാണ്: There is the unquestionable principle that just compensation must be given for everything taken from one who justly owns it. It is maintained, however, by some that the zamindars do not justly own their colossal estates, partly because they did not get them justly, partly because they never occupied their property, since to do so effectively is impossible.

ഈ ഭാഗം ലഘുലേഖയിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണ്:

"ഭൂമിയുടെ ന്യായമായ ഉടമസ്ഥന്മാർക്കു് നീതിയായ പ്രതിഫലം കൊടുക്കണമെന്നതാണ് തത്വം. പക്ഷെ ജന്മിമാരുടെ കൈവശം ഇത്ര വമ്പിച്ച നിലങ്ങൾ എങ്ങിനെ വന്നുകൂടി, അതു് ന്യായമായ മാർഗ്ഗങ്ങളിലൂടെ സമ്പാദിച്ചതല്ലെന്ന പരിഗണനക്കു് പ്രസക്തിയുണ്ട്. ഒന്നാമതു് ഇത്രയേറെ ഭൂമി സ്വയം ആർജ്ജിക്കുക അസാദ്ധ്യമാണ്."

എക്സാമിനർ പത്രത്തിന്റെ മുഖപ്രസംഗം ഉപസംഹരിച്ചിരിക്കുന്നതിങ്ങനെയാണ്:

The latest manifesto of the Indian Socialist Party is on the whole as good as those of most other parties. Catholics would do well in joining parties and bring to bear on discussions their knowledge of the teachings of the Church.

ഇതു ലഘുലേഖകൾ ഇങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നു.

ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടിയുടെ തെരഞ്ഞെടുപ്പു് വിജ്ഞാപനം തികച്ചും സ്വീകാര്യയോഗ്യമാണ്. പാർട്ടിയിൽ ചേർന്നു തങ്ങളുടെ അഭിപ്രായങ്ങൾക്കു് പരിഗണന നേടുവാൻ ശ്രമിക്കുന്നതാണ് കത്തോലിക്കർക്കു് നല്ലതു്.

## എക്സാമിനർ പത്രത്തിനെതിരു് ന്യൂലീഡർ പത്രം

ഐ. എസ്. പി. യുടെ പുതിയ വിജ്ഞാപനം "ആസന്നമായ പൊതുതിരഞ്ഞെടുപ്പിനെ പ്രത്യക്ഷമായി ലക്ഷ്യീകരിച്ചുകൊണ്ടു"ള്ളതാണെന്ന പ്രസ്താവത്തോടുകൂടിയാണ് എക്സാമിനർ പത്രം അതിനെ വിമർശിക്കുന്നതു്. വിജ്ഞാപനം പ്രധാനമായും സാമ്പത്തികവ്യവസ്ഥിതിയെ പരാമർശിക്കുന്നതാകയാൽ അതിനെപ്പററിമാത്രമേ പത്രം ചർച്ചചെയ്യുന്നുള്ളു. ഐ. എസ്. പി. യുടെ മുമ്പിലത്തെ വിജ്ഞാപനങ്ങളിൽ സ്വകാര്യസ്വത്തുടമസ്ഥതയിലുള്ള പൗരന്മാരുടെ അവകാശം നിഷേധിക്കപ്പെട്ടിരുന്നെന്നും, പുതിയ വിജ്ഞാപനത്തിൽ ആ നിഷേധം കാണുന്നില്ലെന്നും പത്രം പറയുന്നു. അതിനുള്ള ന്യായം പത്രം ചൂണ്ടിക്കാണിക്കുന്നതു്, സെമിൻദാരികൾ മുതലായ ഭൂവുടമകളിൽനിന്നും പിടിച്ചെടുക്കുന്ന വസ്തുക്കൾക്കു് "ഏതാണ്ടൊരു നഷ്ടപരിഹാരം" കൊടുക്കാൻ വിജ്ഞാപനത്തിൽ സമ്മതിച്ചിട്ടുണ്ടെന്നുള്ളതാണ്. "ഒഴിപ്പിക്കപ്പെട്ട ഭൂവുടമകൾക്കു് 30 ഏക്കർ നിലം പതിച്ചുകിട്ടും. കൂടാതെ 10 കൊല്ലത്തേക്കു് 70 ഏക്കർ നിലത്തിനുള്ള വർഷാന്തപ്പാട്ടം അനുവദിക്കപ്പെടും." എക്സാമിനർപത്രത്തിന്റെ ഈ ന്യായവാദത്തെ മദ്രാസിലെ "ന്യൂലീഡർ" പത്രത്തിൽ ഖണ്ഡിച്ചിട്ടുണ്ട്. ഈ നഷ്ടപരിഹാരം യഥാർത്ഥമായ നഷ്ടപരിഹാരമല്ലെന്നും, അതൊരു പിച്ചകൊടുക്കൽ മാത്രമാണെന്നും, അങ്ങനെ കൊടുത്തു് ഭൂവുടമകളിൽനിന്നു വസ്തുക്കൾ എടുക്കുന്നതു് സ്വകാര്യസ്വത്തുടമയുടെ നിഷേധമാണെന്നും ന്യൂലീഡർപത്രത്തിൽ വാദിച്ചിരിക്കുന്നു. ഈ പത്രം മദ്രാസു് കത്തോലിക്കാ മെത്രാപ്പോലീത്തായുടെ ഉടമസ്ഥതയിലുള്ളതാണ്. പ്രസ്തുത വാദം, ഒരു പണ്ഡിതലേഖകനാണ് പുറപ്പെടുവിച്ചിരിക്കുന്നതെങ്കിലും, ഡബിൾകോളത്തിൽ ചേർത്തു അതിനു വളരെ പ്രാധാന്യവും മൗനമായ അംഗീകാരവും ആ പത്രം നൽകിയിരിക്കുന്നു.

## സോഷ്യൽ ആക്ഷൻ മാസികയും എതിരു്

മഹാപണ്ഡിതന്മാരായ ജസ്വീററ് വൈദികരുടെ പത്രാധിപത്യത്തിൽ പൂനായിൽനിന്നു പുറപ്പെടുന്ന "സോഷ്യൽ

"ആക്ഷൻ" എന്ന മാസികയുടെ ഈ ഡിസംബർലക്കത്തിൽ ഐ. എസ്സ്. പിയുടെ വിജ്ഞാപനം വിമർശിച്ചിട്ടുണ്ട്. അതിന്റെ ഉപസംഹാരം ഇങ്ങനെയാണ്:

"സോഷ്യലിസ്റ്റ് പരിപാടി സമാധാനപൂർണ്ണവും പ്രജായത്തപരവുമായ മാർഗ്ഗങ്ങളാൽ പ്രാവർത്തികമാക്കുന്നതിനു സാധിക്കാത്തവിധം അത്രവളരെ ദൂരവ്യാപകവും വിപ്ലവാത്മകവുമാകുന്നു. ഒരു സേച്ഛാധിപതിയുടെ നിർദ്ദയമായ നടപടികൾക്കേ ഈ സോഷ്യലിസ്റ്റ് ആദർശങ്ങൾ വേഗത്തിലും കാര്യക്ഷമമായും പ്രയോഗത്തിൽ വരുത്താൻ സാധിക്കുകയുള്ളു. സോഷ്യലിസ്റ്റ് പദ്ധതിയിൽ വ്യക്തിക്കു് പരിഗണനയില്ലെന്നാണ് കാണുന്നതു്. വ്യക്തിയെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ചുമതല എല്ലായ്പോഴും ഏറെറടുക്കുന്നതു് പൊതു സ്ഥാപനങ്ങളായിരിക്കും."

എക്സാമിനർ പത്രത്തിന്റെ വിമർശനത്തിൽ അടിസ്ഥാനവ്യവസായങ്ങളുടെ രാഷ്ട്രസാൽക്കരണത്തെപ്പററി മാത്രമേ പ്രതിപാദിച്ചിട്ടുള്ളു. സോഷ്യൽ ആക്ഷൻ മാസികയാകട്ടെ, ബാങ്കുകളും ഇൻഷ്വറൻസുകളും പണമിടപാടുകൾ ചെയ്യുന്ന മററു സ്ഥാപനങ്ങളും രാഷ്ട്രസാൽക്കരിക്കുമെന്നു വിജ്ഞാപനത്തിൽ പറയുന്നുണ്ടെന്നുള്ള വസ്തുത ചൂണ്ടിക്കാണിക്കുകയും ഐ. എസ്സ്. പി ഭാവിക്കുന്നതരം പ്രജായത്തഭരണത്തിനു് ആ രാഷ്ട്രസാൽക്കരണപരിപാടി അശേഷം അനുയോജ്യമല്ലെന്നു ഉൽബോധിപ്പിക്കുകയുംചെയ്യുന്നു.

അപ്രകാരംതന്നെ തൊഴിലാളികളുടെ ക്ഷേമഭോഗങ്ങളുടെ കാര്യവും. "രോഗം, വാർദ്ധക്യം മുതലായ ദുരിതാവസ്ഥകളിൽ ക്ഷേമഭോഗങ്ങൾ (സോഷ്യൽ ഇൻഷ്വറൻസ്) കൊടുത്തുകൊള്ളാമെന്നു പാർട്ടി ഉറപ്പുനൽകുന്നുണ്ട്. എന്നാൽ ഈ ആനുകൂല്യങ്ങൾക്കു് തൊഴിലാളികൾ ഒരു വില കൊടുക്കേണ്ടിവരും. അംഗീകൃതമായ ഒരു ട്രേഡ്യൂണിയനിൽ അവരെല്ലാം അംഗങ്ങളായിരിക്കണം. അവൻ തന്റെ സ്വാതന്ത്ര്യം ബലികഴിച്ചു് ട്രേഡ്യൂണിയനിൽ ചേരാൻകഴിയൂ എന്നർത്ഥം."

ഐ. എസ്സ്. പിയുടെ വിജ്ഞാപനത്തിൽ വ്യക്തിക്കു പരിഗണനയില്ലെന്നും, തൊഴിലാളിപോലും സംഘടനയിൽ ചേരാനോ ചേരാതിരിക്കാനോ ഉള്ള തന്റെ സ്വാതന്ത്ര്യം ബലികഴിക്കാൻ നിർബ്ബന്ധനാണെന്നുമുള്ള സംഗതി കത്തോലിക്കാ സാമാന്യദൃഷ്ടിയിൽ ആക്ഷേപകരമാണെന്നു സ്പഷ്ടമാണല്ലോ. അക്കയാൽ ഐ. എസ്സ്. പിയുടെ വിജ്ഞാപനം കത്തോലിക്കാ സാമാന്യദൃഷ്ടിയിൽ നിഷിദ്ധമല്ലെന്നുള്ള എക്സാമിനർ പത്രത്തിന്റെ അഭിപ്രായത്തോടു് സോഷ്യൽ ആക്ഷൻ മാസിക യോജിക്കുന്നില്ലെന്നുവേണം ന്യായമായി വിചാരിക്കാൻ.

## ഐ. എസ്സ്. പിയും വിദ്യാഭ്യാസപ്രശ്നവും

ലോകമാസകലമുള്ള സോഷ്യലിസ്റ്റ് സംഘടനകൾ, വിദ്യാഭ്യാസപ്രശ്നത്തിൽ പ്രത്യേകിച്ചും, കത്തോലിക്കർക്കു സ്വീകാര്യമല്ലാത്ത നിലയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതു്. കത്തോലിക്കാ മാതാപിതാക്കന്മാർക്കു് അവരുടെ മക്കളെ കത്തോലിക്കാ സ്കൂളുകളിൽ പഠിപ്പിക്കുവാൻ അവകാശമുണ്ടെന്നുള്ള വാദം അവർ എവിടെയും നിഷേധിച്ചുകൊണ്ടിരിക്കുകയാണ്. ഉദാഹരണമായി ബൽജിയത്തിലും ഫ്രാൻസിലും കത്തോലിക്കർ നേതൃത്വം വഹിക്കുന്ന പാർട്ടിയും സോഷ്യലിസ്റ്റുകാർ നേതൃത്വം വഹിക്കുന്നപാർട്ടിയും തമ്മിൽ ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ ഭിന്നിപ്പിനു കാരണം ഇതാണ്. ബൽജിയത്തിലെ സോഷ്യലിസ്റ്റ്നേതാവായ ഡോക്ടർ സ്പാക്ക് അവിടത്തെ കത്തോലിക്കാപാർട്ടിയുടെ പ്രസ്തുതവാദം സമ്മതിച്ചുകൊടുക്കേണ്ടതു് ന്യായമാണെന്നു് തന്റെ അനുയായികളെ ഒരിക്കൽ ഉദ്ബോധിപ്പിച്ചെങ്കിലും, അവർ അതിനെതിരായി ബഹളം കൂട്ടിയതിനാൽ അദ്ദേഹം അതു പിൻവലിക്കേണ്ടിവന്നു. "സാർവ്വദേശീയ സോഷ്യലിസ്റ്റ് സംഘടന കത്തോലിക്കർക്ക ഉപദ്രവകരങ്ങളായ ചില സിദ്ധാന്തങ്ങൾ ഇനിയും വച്ചുകൊണ്ടിരിക്കുകയാണ്" എന്നു് എക്സാമിനർ പത്രത്തിന്റെ മുഖപ്രസംഗത്തിൽ, ഐ. എസ്സ്. പിയുടെ ലേഖകൻ വിട്ടുകളഞ്ഞഭാഗത്തു്, പറഞ്ഞിട്ടുണ്ട്. ഇൻഡ്യൻ സോഷ്യലിസ്റ്റ്പാർട്ടി വിദ്യാഭ്യാസത്തിന്റെ രാഷ്ട്രസാൽക്കരണത്തിൽ നിർബ്ബന്ധമുള്ളവരാണെന്നാണ് ഇതുവരെ അറിയപ്പെട്ടിട്ടുള്ളതു്. അവരുടെ പുതിയ വിജ്ഞാപനത്തിൽ ആ പ്രശ്നത്തെപ്പററി ശബ്ദിച്ചിട്ടുപോലുമില്ല. അതുകൊണ്ടായിരിക്കണം, എക്സാമിനർപത്രം വിജ്ഞാപനത്തിന്റെ വിമർശനത്തിൽ ആ കാര്യം വിട്ടുകളഞ്ഞതു്.

## പുരുഷോത്തമദാസ് ഠുക്കാദാസിന്റെ സാക്ഷ്യം

ഐ. എസ്സ്. പി. പാർലമെൻററി ബോർഡ് ചെയർമൻ ശ്രീ പുരുഷോത്തമദാസ് ഠുക്കാദാസ് കഴിഞ്ഞ മേയ്മാസം 28-ാം൹ തിരുവനന്തപുരത്തു മാസ്കട്ട് ഹോട്ടലിൽ വച്ചു നടത്തിയ പ്രസ് കോൺഫറൻസിൽ പ്രസ്താവിച്ചതിങ്ങനെയാണ്:

"പ്രൈമറിവിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതിനു സ്കൂളുകൾ ഗവൺമെൻറിന്റെ പരിപൂർണ്ണമായ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതു് ആവശ്യമാണെന്നാണ് വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പാർട്ടിയുടെ അഭിപ്രായം. അതിനായി പ്രൈമറിസ്കൂളുകൾ മുഴുവൻ ദേശവൽക്കരിക്കുക എന്നതായിരിക്കും പാർട്ടിയുടെ നയം."

ഐ. എസ്സ്. പിയുടെ പഴയ വിജ്ഞാപനങ്ങളിൽ ഉൾക്കൊള്ളിച്ചിരുന്ന മാർക്സിസത്തിലുള്ള വിശ്വാസം അതിന്റെ പുതിയ വിജ്ഞാപനത്തിൽ അശേഷം കാണുന്നില്ലെന്നുള്ള വസ്തുത എക്സാമിനർ പത്രം (ലഘുലേഖകൻ വിട്ടുകളഞ്ഞഭാഗത്തു്) ചൂണ്ടിക്കാണിക്കുകയും, പുതിയ വിജ്ഞാപനം കത്തോലിക്കർക്കു് അസ്വീകാര്യമല്ലെന്നുള്ളതിനു് അതു പ്രധാന ന്യായമാണെന്നു പ്രസ്താവിക്കുകയും ചെയ്തിരുന്നു. എന്നാൽ ശ്രീ ഠുക്കാദാസ് പ്രസ്തുത കോൺഫറൻസിൽ പറഞ്ഞവാക്കുകൾ ശ്രദ്ധേയമാണ്. "എന്നെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ സോഷ്യലിസ്റ്റ്പാർട്ടി മാർക്സിസത്തെ അടിസ്ഥാനപ്പെടുത്തിയ ഒന്നാണോ അല്ലയോ എന്നതിനെപ്പററി ഒന്നുംതന്നെ പറയാനില്ല." "ബാങ്കുകൾ, ഇൻഷ്വറൻസുകൾ, കയററുമതി, ഇറക്കുമതിമുതലായവ സ്റ്റേററിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരണമെന്നാണ് സോഷ്യലിസ്റ്റ് പാർട്ടിയുടെ അഭിപ്രായം" എന്നും അദ്ദേഹം പ്രസ്താവിച്ചു.

## ശ്രീ പട്ടത്തിന്റെ പാർട്ടി

അഖിലേന്ത്യാ സോഷ്യലിസ്റ്റ്പാർട്ടിയുടെ വിദ്യാഭ്യാസനയം എങ്ങനെയിരുന്നാലും, ശ്രീ പട്ടംതാണുപിള്ളയുടെ നേതൃത്വത്തിലുള്ള തിരു-കൊച്ചി സോഷ്യലിസ്റ്റ്പാർട്ടിയുടെ നില എന്താണെന്നും എന്തായിരിക്കുമെന്നും സംശയിക്കേണ്ടതില്ല. അദ്ദേഹം സ്റ്റേററ് കോൺഗ്രസിന്റെ നേതൃത്വം വഹിച്ചിരുന്നപ്പോഴും, പിന്നീട് ചീഫ് മിനിസ്റ്ററായിരുന്ന കാലത്തു്, ക്രിസ്ത്യാനികളുടെ സ്കൂളുകൾ സംബന്ധിച്ചുള്ള അവകാശവാദത്തിനു് എതിരായിരുന്നെന്നു പ്രസിദ്ധമാണല്ലോ. പനമ്പിള്ളിപദ്ധതി നിയമസഭയിൽ ചർച്ചചെയ്യപ്പെട്ടപ്പോൾ ശ്രീ പട്ടം ചെയ്ത പ്രസംഗം ശ്രീ പനമ്പിള്ളിയെപ്പോലും ക്ഷോഭിപ്പിക്കുകയും അദ്ദേഹത്തിന്റെ സുദീർഘമായ ഖണ്ഡനത്തിനു് വിഷയമാകുകയും ചെയ്ത കഥ ആർക്ക മറക്കാൻ കഴിയും! ആ പ്രസംഗത്തിലെ ചില ഭാഗം ഉദ്ധരിക്കാം.

"വിദ്യാഭ്യാസം ഇന്നു് ഒരു കച്ചവടകാര്യമായിത്തീർന്നിരിക്കുന്നു. ന്യൂനപക്ഷങ്ങൾക്കു് അവർ ആഗ്രഹിക്കുന്നപടി ചില വ്യവസ്ഥകൾക്കധീനമായി സ്വന്തം പള്ളിക്കൂടങ്ങൾ നടത്താൻ ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. അതു് അവരുടെ കുട്ടികളെ പഠിപ്പിക്കാൻ മാത്രമാണ്. മിഷണറിമാർ അതു വിസ്മരിച്ചിരിക്കുന്നു. വിദ്യാഭ്യാസമണ്ഡലത്തിൽ മിഷനറികൾ ധാരാളം സേവനം നടത്തിയിട്ടുണ്ടെന്നുള്ളതു ഞാൻ സമ്മതിക്കുന്നു. പക്ഷേ ഇത[illegible] നമുക്കു് ഒരു ഭാരമായിത്തീരരുതു്. [illegible]ാണ് സർ സി. പി. രാമസ്വാമി അന്നു് ഒരു ഉദ്ധനയം എടുത്തതു്. അതു് നീതിയേയും ന്യായത്തേയും അടിസ്ഥാനമാക്കിയ ഒരു നിലയായിരുന്നു. അവരവരുടെ പ്ലാനനുസരിച്ചു് അവരവരുടെ കുട്ടികളെ പഠിപ്പിക്കണമെങ്കിൽ അതിനുള്ള ചെലവു് അവരവർ സഹിക്കണം. എന്നാൽ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ട ചുമതല സ്റ്റേററിനായിരിക്കണം. ഭരണഘടനയിൽ അതിനു വ്യക്തമായ വ്യവസ്ഥയുണ്ട്. അതിൽനിന്നും മന്ത്രി പിന്നോട്ടു മാറാൻ പാടില്ല. സെക്കൻഡറിവിദ്യാഭ്യാസകാര്യത്തിൽ കെട്ടിടം പണിയിച്ചിട്ടുള്ളതല്ലാതെ മാനേജുമെൻറുകൾ ഒന്നും ചെലവാക്കിയിട്ടില്ല. മുൻപു് സെക്കൻഡറി സ്കൂളിലെ മിഡിൽസ്കൂളിലെ ലാഭമെടുത്താണ് പല മാനേജുമെൻറുകളും ഹൈസ്കൂൾ പണിചെയ്തിട്ടുള്ളതു്. അവർ പൊതുജനങ്ങളിൽനിന്നും പണം പിരിച്ചിട്ടുണ്ട്. ഇതെല്ലാം അന്വേഷിക്കേണ്ടതാണ്. ഈ കെട്ടിടങ്ങളും ഗവൺമെൻറു് ഏറെറടുക്കണം. നഷ്ടപരിഹാരം ചിലതു കൊടുക്കേണ്ടിവന്നാൽ കൊടുക്കണം. അതിനൊന്നും വലിയ എതിരുണ്ടാകയില്ല. മൈതീൻകുഞ്ഞു പറഞ്ഞതുപോലെ വിദ്യാഭ്യാസം ദേശീകരിക്കണം. ബിഷപ്പന്മാരോടു് എനിക്കു് ബഹുമാനമുണ്ട്. പക്ഷേ ഞാൻ ചോദിക്കുന്നു, എന്തുകൊണ്ടാണ് ഈ ഗവൺമെൻറു് ബിഷപ്പന്മാരുടെ ആജ്ഞ അനുസരിച്ചു പ്രവർത്തിക്കാൻപോകുന്നതു? ഇതിനെ ചെറുക്കാൻ മന്ത്രിക്കു് ഉശിർ ഇല്ലേ? എന്തിനു നിയമനലിസ്റ്റ്കാര്യത്തിൽ മന്ത്രി ഇപ്പോൾ പിറകോട്ടുപോകുന്നു? പുനരാലോചനയെന്നും, രാജിയെന്നും മററും എന്തിനിപ്പോൾ പാർട്ടിയംഗങ്ങൾ പ്രസംഗിക്കുന്നു? ബിഷപ്പന്മാരുടെ പ്രഖ്യാപനത്തിൽ അവർ ഉപയോഗിച്ചിരിക്കുന്ന ഭാഷ ഒട്ടും ആശാസ്യമല്ല. ആ വാക്കേ ഞാൻ ഇപ്പോൾ ഉപയോഗിക്കുന്നുള്ളു. ഉശിരുണ്ടെന്നു മന്ത്രി പറഞ്ഞു. പക്ഷേ ആ ഉശിരു് ഇപ്പോൾ കാണുന്നില്ല. പ്രൈമറിവിദ്യാഭ്യാസപദ്ധതിയിൽ മി. പനമ്പിള്ളി പരാജയപ്പെട്ടതുകൊണ്ടാണ് ഇപ്പോഴും ക്ഷീണഹൃദയനാകാനിടവന്നിരിക്കുന്നതു്. ധീരനായ വിദ്യാഭ്യാസമന്ത്രി മുൻപു് എടുത്തിരിക്കുന്ന നിലയിൽനിന്നു് വ്യതിചലിക്കുമോ എന്നു് ഞാനും ഈ സഭയിലെ മററംഗങ്ങളും ആശങ്കയോടെ കാത്തിരിക്കുകയാണ്. ബിഷപ്പന്മാർ ഇതാ അന്ത്യശാസനം പുറപ്പെടുവിച്ചിരിക്കുന്നു. ഇതിനെല്ലാം പരിഹാരമെന്താണ്?

"സ്കൂൾ നടത്താനുള്ള ഉത്തരവാദം ഗവൺമെൻറിനാണെന്നു ധീരമായി പ്രഖ്യാപിക്കുക. ഡിനോമിനേഷനൽ സ്കൂൾ വേണമെങ്കിൽ അവർ നടത്തട്ടെ. തിരു-കൊച്ചി പൗരനെന്ന നിലയിൽ ഞാൻ പറയുന്നു, ഈ ബിഷപ്പന്മാർ എന്നെ ആക്ഷേപിക്കുകയാണെന്നു്. അവരുടെ ചെങ്കുപ്പായത്തെ ഞാൻ ബഹുമാനിക്കുന്നു. പക്ഷേ ആ കുപ്പായം ഉപയോഗിച്ചു് അവർ വ്യവസ്ഥാപിതാധികാരത്തെ ചോദ്യംചെയ്യുന്നതു ശരിയല്ലെന്നു് അവരെ മനസ്സിലാക്കണം. ഇതിൽ കീഴടങ്ങാൻ പോകയാണോ? പിൻതിരിപ്പൻശക്തികളുടെ മുൻപിൽ ഗവൺമെൻറ് മുട്ടുകുത്താൻ പോകുകയാണോ? അവരുടെ സ്വാർത്ഥതാല്പര്യത്തിന്റെ മുൻപിൽ ഗവൺമെൻറു് അടിപണിയാൻ പോകുകയാണോ?"

## ബാംഗ്ളൂരിലെ ബിഷപ്പസ് കോൺഫറൻസ്

കത്തോലിക്കർ വോട്ടുചെയ്യേണ്ടതിനെ സംബന്ധിച്ചു് ഇൻഡ്യൻ മെത്രാധ്യക്ഷസംഘത്തിന്റെ സ്റ്റാൻഡിംഗ് കമ്മിററി ബാംഗ്ളൂരിൽ സമ്മേളിച്ചു പുറപ്പെടുത്തിയ പ്രസ്താവനയിലെ ഒരു ഭാഗം ഇങ്ങനെയാണ്:

"മനുഷ്യവ്യക്തിയുടെ അന്തസ്സും സ്വാതന്ത്ര്യവും സംരക്ഷിക്കുകയും, കുടുംബത്തിന്റെയും സമുദായത്തിന്റേയും മുഴുവനായ അവകാശങ്ങൾ (Integrity) പരിരക്ഷിക്കുകയും, മതത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും സ്വാതന്ത്ര്യത്തെ പരിപാലിക്കുകയും അങ്ങനെ സർവ്വാധിപത്യപരമായ ഭൗതികതത്വത്തെ കാര്യക്ഷമമായി തടഞ്ഞുനിർത്തുകയും ചെയ്യുന്ന സ്ഥാനാർത്ഥികൾക്കുവേണം ഓരോ കത്തോലിക്കനും വോട്ടുചെയ്യാൻ."

ഞങ്ങൾ അടിവരയിട്ടിരിക്കുന്ന ഭാഗം ഈ പ്രകൃതത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. പ്രാഥമികവിദ്യാഭ്യാസംപോലും രാഷ്ട്രസാൽക്കരിക്കുമെന്ന നയം ഖണ്ഡിതമായി സ്വീകരിച്ചിരിക്കുന്ന ഐ. എസ്സ്. പിയിൽ ചേരുകയോ അവരുടെ സ്ഥാനാർത്ഥികൾക്കു വോട്ടുകൊടുക്കുകയോ ചെയ്യുന്നതു് മെത്രാധ്യക്ഷന്മാരുടെ പ്രസ്തുതനിർദ്ദേശത്തിനു നേരെ വിപരീതമാണല്ലോ. ഐ. എസ്സ്. പിയുടെ പുതിയ വിജ്ഞാപനത്തിൽ "പ്രാഥമികവിദ്യാഭ്യാസം സൗജന്യവും സാർവ്വത്രികവുമായിരിക്കും" എന്നാണ് പ്രസ്താവിച്ചിരിക്കുന്നതു്. അതു രാഷ്ട്രസാൽക്കരിക്കുമോ ഇല്ലയോ എന്നതിനെപ്പററി മൗനമവലംബിക്കുന്നു. എന്നാൽ അക്കാര്യത്തിൽ സംശയത്തിനവകാശമില്ലെന്നു് ഠുക്കാദാസിന്റെ വാക്കുകൾ വെളിപ്പെടുത്തുന്നു. തിരു-കൊച്ചിയിൽ പ്രാഥമികവിദ്യാഭ്യാസം മാത്രമല്ല സെക്കൻഡറിവിദ്യാഭ്യാസംപോലും രാഷ്ട്രസാൽക്കരിക്കണമെന്നു ശ്രീ പട്ടം ശഠിച്ചു പറഞ്ഞിട്ടുണ്ട്.

മതസ്വാതന്ത്ര്യത്തെപ്പററി പുതിയ വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ളതു് "ന്യൂനപക്ഷങ്ങൾക്കു് അവരുടെ മതം സ്വതന്ത്രമായി വിശ്വസിക്കുവാനും അനുഷ്ഠിക്കുവാനും സ്വാതന്ത്ര്യമുണ്ടായിരിക്കും" എന്നാണ്. മതം പ്രചരിപ്പിക്കുവാനുള്ള അവകാശം വിട്ടുകളഞ്ഞിരിക്കുന്നതു് ചിന്താർഹമായിരിക്കുന്നു. മനുഷ്യവ്യക്തിയുടെ സ്വാതന്ത്ര്യത്തിനു വിജ്ഞാപനത്തിൽ പരിഗണന നൽകിയിട്ടില്ലെന്നു മുകളിൽ സൂചിപ്പിച്ചുവല്ലോ. നിഷിദ്ധങ്ങളായ പാർട്ടികളുമായോ നിഷിദ്ധരായ സ്ഥാനാർത്ഥികളുമായോ കൂട്ടുകെട്ടുള്ളവർക്കും കത്തോലിക്കർ വോട്ടുചെയ്യരുതെന്നും മെത്രാധ്യക്ഷന്മാരുടെ പ്രസ്താവനയിൽ ഉൽബോധിപ്പിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റ്പാർട്ടിയോടും അവർ നേതൃത്വം വഹിക്കുന്ന ഐക്യമുന്നണിയോടും യാതൊരു സന്ധിയോ കൂട്ടുകെട്ടോ പാടുള്ളതല്ലെന്നു് ഐ. എസ്സ്. പി. നേതാവായ ശ്രീ ജയപ്രകാശ് ഏതാനുംദിവസങ്ങൾക്കുമുമ്പു് ഇന്നാട്ടിൽ പല കേന്ദ്രങ്ങളിലുംവച്ചു് ശക്തിയുക്തം ഉൽബോധിപ്പിച്ചെങ്കിലും, തിരു-കൊച്ചിയിലെ ചില ഐ. എസ്സ്. പി. സ്ഥാനാർത്ഥികൾക്കുവേണ്ടി ഐക്യമുന്നണി സ്ഥാനാർത്ഥികൾ പിന്മാറുകയും അവർക്കു പിന്തുണനൽകുകയും ചെയ്യുന്നതായി കാണുന്നു. (ഉദാഹരണമായി ചങ്ങനാശേരി നിയോജകമണ്ഡലത്തിൽ). ഇതിന്റെ അർത്ഥം വിജ്ഞാപനങ്ങളും നേതാക്കന്മാരുടെ ഉൽബോധനങ്ങളും കത്തോലിക്കർക്കു സ്വീകാര്യമായവിധം ഭേദപ്പെട്ടുകൊണ്ടിരുന്നാലും സാക്ഷാൽ മാർക്സ്യൻ സിദ്ധാന്തങ്ങൾ ഇതുവരെ സ്വീകരിച്ചുപോന്ന ഐ. എസ്സ്. പിയുടെ അംഗങ്ങൾ തദനുസരണം ഹൃദയപരിവർത്തനം വന്നവരായിരിക്കുമെന്നു് ഒരിക്കലും ഉറപ്പിച്ചുകൂടെന്നാണ്. തിരു-കൊച്ചിയിലെ ഐ. എസ്സ്. പി. സ്ഥാനാർത്ഥികൾ പുതിയ വിജ്ഞാപനത്തിനുമുമ്പു് മാർക്സ്യൻസിദ്ധാന്തങ്ങൾ സ്വീകരിച്ചിരുന്നവരായിരുന്നാലെ അതിനുശേഷവും അവ സ്വീകരിക്കുന്നവരായിത്തന്നെയിരിക്കുന്നില്ലെന്നു് എന്താണുറപ്പു്? പുതിയ വിജ്ഞാപനത്തിൽ നിർദ്ദോഷങ്ങളെന്നു് എക്സാമിനർപത്രം അഭിപ്രായപ്പെടുന്ന സമ്പത്തികപരിപാടി തെരഞ്ഞെടുപ്പിന്റെ വിജയത്തിനുമാത്രമായി ഉദ്ദേശിച്ചിട്ടുള്ളതാണെന്നും, തെരഞ്ഞെടുപ്പിൽ വിജയംലഭിച്ചു അധികാരത്തിൽ വന്നാൽ ആ പരിപാടി ഭേദപ്പെടുത്തി പഴയപോലെ മാർക്സ്യൻ പരിപാടിതന്നെ ഐ. എസ്സ്. പി പ്രയോഗത്തിൽ വരുത്തിയേക്കുമെന്നു വിചാരിക്കാൻ ന്യായമില്ലെന്നുണ്ടോ? കോൺഗ്രസ്സ് പാർട്ടിയുടെ ആദർശങ്ങളും പരിപാടികളും ന്യൂനപക്ഷങ്ങളുടെ ന്യായമായ അവകാശങ്ങളെ ആദരിക്കുന്നവയാണെങ്കിലും, ആദരിക്കേണ്ടതാണെന്നു് ഭരണഘടനയിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും, അതെല്ലാം വിസ്മരിച്ചു് തിരു-കൊച്ചിയിലും മററു ചില സംസ്ഥാനങ്ങളിലും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കെതിരായി അവിടങ്ങളിലെ അധികാരികൾ പല നടപടികളും നടത്തുന്നുണ്ടെന്നു് പരസ്യമാണല്ലോ. ഐ. എസ്സ്. പിയുടെ കാര്യത്തിലും പൊതുവായ ആദർശങ്ങളും പരിപാ

ടികളും ന്യൂനപക്ഷങ്ങൾക്കു ദോഷകരങ്ങളല്ലാതിരുന്നാൽത്തന്നെയും, തിരു-കൊച്ചിയിലെ ഐ. എസ്സ്. പി. അവർക്കെതിരായ നടപടികൾ സ്വീകരിക്കുകയില്ലെന്നു ധൈര്യം പറയാൻ ആർക്കു കഴിയും? തന്മൂലം പുതിയ വിജ്ഞാപനത്തിന്റെ നിരർത്ഥകത കാരണമായി പറഞ്ഞു ഐ. എസ്സ്. പിയിൽ ചേരാനോ അവരുടെ സ്ഥാനാർത്ഥികൾക്കു വോട്ടുകൊടുക്കാനോ തിരു-കൊച്ചിയിലെ കത്തോലിക്കർ പാടുള്ളതല്ലെന്നാണു് അനുമാനിക്കേണ്ടതു്.

## സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

## അടുത്തയാഴ്ചയിൽ

ഡിസംബർ

16 ഞാ: സുവാറ 3-ാം ഞായർ.
17 തി: ലസാറസ്
18 ചൊ: റൂഫസ്സും സോസിമൂസും
19 ബു: അനസ്താസിയൂസ്
20 വ്യാ: ഫിലൊഗോണ്യൂസ്
21 വെ: മാർ തോമാശ്ലീഹാ
22 ശ: ഫ്രാൻസെസ് സേവ്യർ കബ്രീനി

## For favours received



A. P. Andrews, Kuzhikattusery.

## മെത്രാപ്പോലീത്താ തിരുമേനിയുടെ സന്ദർശനങ്ങൾ

നവ. 28-ാം തീയതി എറണാകുളം മെത്രാപ്പോലീത്താ തിരുമേനി അങ്കമാലി ആശുപത്രിയിൽ പുതുതായി പണി ചെയ്ത വാർഡ് വെഞ്ചരിച്ചതിനുശേഷം വൈകുന്നേരത്തോടുകൂടെ എടക്കുന്നു സ്ഥാപനത്തിലെത്തി താമസിച്ചു. 30-ാംനു അവിടെനിന്നു മൂക്കന്നൂർ പള്ളിയിൽ പോയി അവിടെ പള്ളിക്കു ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന നിട്ടിന്റെ പണി നടന്നു കണ്ടു. അവിടെനിന്നു അനാഥശാലയിലേക്കുപോയി. അതിന്റെ തെക്കേ പാമ്പിൽ പണിചെയ്തിട്ടുള്ള ആശുപത്രികെട്ടിടം ആശീർവ്വദിക്കുകയുണ്ടായി. അനാഥശാലയിൽ അന്നു താമസിച്ചതിനുശേഷം പിറ്റേദിവസം കാലത്തു മാറ്റൂർ കവലയിൽ പണിതീർത്തിരിക്കുന്ന കപ്പേള വെഞ്ചരിച്ചു. അവിടെനിന്നു കൊററമത്തിലേക്കു് ആഘോഷപൂർവ്വം എഴുന്നള്ളി പുതിയ മഠത്തിന്റെ കെട്ടിടം ആശീർവ്വദിക്കുകയുണ്ടായി. ഉച്ചയോടുകൂടെ മെത്രാപ്പോലീത്താച്ചൻ കാഞ്ഞൂർപ്പള്ളിയിൽ വരുന്നതുകയും, അവിടെ പുതിയ മോൺസിഞ്ഞോർ ഡോക്ടർ കുര്യാക്കോസു നമ്പിയാപറമ്പിലിനെ അനുമോദിക്കുവാനായി ഇടവകക്കാർ നടത്തിയ യോഗത്തിൽ ആദ്ധ്യക്ഷംവഹിക്കുകയും ചെയ്തു. ഇടവകക്കാരുടെ വകയായി തയ്യാറാക്കിയിരുന്ന സ്ഥാനവസ്ത്രങ്ങൾ ലഘുപ്രസംഗത്തോടുകൂടെ മോൺസിഞ്ഞോർക്കു നൽകി. ശ്രേഷ്ഠമെത്രാനച്ചൻ തിരുമേനി അനുമോദനപ്രസംഗം നടത്തിയെന്നതു് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്. (എ. മിസ്സം)

## DUTY TO VOTE

Catholics would b gravly deficient in th ir duty f, to the extent of their means, they did not contr bute to the d rect on of the po itic l fe f h ir city, their province, their stat ; and this the m re because, to quote the words of L o XIII, Catho ics, by the fact of the doctrine they profess, are b und to act in an integral and conscent us manner. On the contrary, if they remain idl, the re ns of gov rnment will fall int the h n s of those whose op nion offer but scant h p of secur ty.

Pius XI.



## തിരു.കൊച്ചിവാർത്തകൾ.

### ഒഴിവുദിനങ്ങൾ

തിരു-കൊച്ചിസംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലങ്ങളിലും തിരഞ്ഞെടുപ്പു നടക്കുന്ന തീയതികൾ അതാതുസ്ഥലങ്ങൾക്കു് പൊതു ഒഴിവുദിനങ്ങളായി പ്രഖ്യാപിച്ചുകൊണ്ടു ഗവമ്മെന്റിൽനിന്നും ഒരസാധാരണഗസററു പുറപ്പെടുവിച്ചിരിക്കുന്നു. പോളിംഗ്സ്റ്റേഷനുകളായിട്ടുള്ള വിദ്യാലയങ്ങൾക്കു് തിരഞ്ഞെടുപ്പു നടക്കുന്നദിവസവും അതിന്റെ തലേദിവസവും ഒഴിവുദിനങ്ങളായിരിക്കുന്നതാണു്.

### തിരഞ്ഞെടുപ്പുയോഗങ്ങൾ

തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന എല്ലാ രാഷ്ട്രീയപാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും നിയമാനുസൃതമായി പ്രചരണം നടത്തുവാനും ജനങ്ങൾക്കു് ഉൽബോധനങ്ങൾ നല്കുവാനും സ്വാതന്ത്ര്യമുണ്ടെന്നും തത്സംബന്ധമായി ന്യായാനുസൃതമായ രീതിയിൽ നടത്തപ്പെടുന്ന പ്രചരണയോഗങ്ങളിൽ ബഹളമുണ്ടാക്കുവാൻ ശ്രമിക്കുന്നവർ ശിക്ഷാർഹരായിഭവിക്കുന്നതാണെന്നും ഗവമ്മെന്റിൽനിന്നും ഒരു പ്രസ്സ്നോട്ടുമൂലം വിജ്ഞാപനം ചെയ്തിരിക്കുന്നു. രാഷ്ട്രീയപാർട്ടികളും അപേക്ഷകരും മുഖാന്തരം വീടുകൾ സന്ദർശിച്ചു് വോട്ടർമാരോടു് പണം ആവശ്യപ്പെടുന്നതു് വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള ഗൗരവമായ കൈകടത്തലാണെന്നും അങ്ങനെ ചെയ്യുന്നവരുടെ മേൽ ഗവമ്മെന്റു കർശനമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും പ്രസ്സ്നോട്ടിൽ ഊന്നി പറഞ്ഞിരിക്കുന്നു.

### വിദ്യാഭ്യാസബോർഡു

വിദ്യാഭ്യാസപദ്ധതിയെ ഉപദേശിക്കുന്നതിനായി ഗവമ്മെന്റിൽനിന്നും ഒരു വിദ്യാഭ്യാസബോർഡു് അനുവദിച്ചിരിക്കുന്നു. പ്രസ്തുതബോർഡിൽ മി. എസ്സ്. രാമരാജ (പ്രൊഫസർ എൻജിനിയറിങ്ങ് കോളെജ), ഡാക്ടർ സി. ഒ. കരുണാകരൻ (പ്രിൻസിപ്പാൾ മെഡിക്കൽ കോളെജ), മി. പി. ശങ്കരൻ നമ്പ്യാർ (പ്രിൻസിപ്പാൾ കേരളവമ്മ കോളെജ), റവ. ഫാദർ വില്ല്യം (പ്രിൻസിപ്പാൾ സെന്റ് ബക്കമൻസ് കോളെജ), മി. കൈനിക്കര പത്മനാഭപിള്ള, മി. അലക്സാണ്ടർ വാകയിൽ, മി. ഇ. കെ. രാമൻമേനോൻ (റിട്ട സ്കൂൾ ഇൻസ്പെക്ടർ) എന്നിവർ ഉൾപ്പെടുന്നു. വിദ്യാഭ്യാസഡയറക്ടർ ബോർഡിന്റെ എക്സ് ഒഫിഷ്യോ ചെയർമൻ ആയിരിക്കും. ഇതിന്റെ കാലാവധി 3 കൊല്ലത്തേക്കാണു്.

### പൊതുഒഴിവുദിനങ്ങൾ

ഇൻഡ്യ ഒട്ടുക്കു് ഞായറാഴ്ചയ്ക്കുപുറമേയുള്ള പൊതുഒഴിവുദിനങ്ങൾ താഴെപ്പറയുന്നവയായിരിക്കും.

ബാങ്കു ഒഴിവുദിനം (ജനുവരി 1). റിപ്പബ്ലിക്കു് ദിനം (ജനുവരി 26), ഹോളി (മാർച്ച് 11-ാം, 12-ാം.) രാമനവമി (ഏപ്രിൽ 13) ദുഃഖവെള്ളിയാഴ്ച (ഏപ്രിൽ 11) ഇദുൽഫിതർ (ജൂൺ 24), ജന്മാഷ്ടമി (ആഗസ്റ്റ് 13), സ്വാതന്ത്ര്യദിനം (ആഗസ്റ്റ് 15), ഇദ് ഉസുഹാ (സെപ്റ്റംബർ 13), ദസറാ (സെപ്റ്റംബർ 25, 26, 27), മഹാത്മഗാന്ധിയുടെ ജന്മദിനം (ഒക്ടോബർ 2), ദീപാവലി (ഒക്ടോബർ 17, 18) ഗുരുനാനാക്കിന്റെ ജന്മദിനം (നവംബർ 1), ഇദ് ഇമിലാദ് (ഡിസംബർ 1), ക്രിസ്തുമസ (ഡിസംബർ 25).

(സ്ഥലച്ചുരുക്കം നിമിത്തം "ഇടവകവാത്തകൾ" അടുത്തലക്കത്തിലേക്കു നീക്കിവച്ചിരിക്കുന്നു)

ബാലസമിതി


## കുട്ടേപ്പായി

പ്രിയകുട്ടികളേ,

ഈശോ കാനായിൽ അധികം താമസിച്ചില്ല. എന്നാൽ നസ്രസിലേക്കല്ല പിന്നെ പോയതു് കഫർനാമിലേക്കാണു്. തന്റെകൂടെ അമ്മയും, ബന്ധത്തിൽപ്പെട്ട ഏതാനും സഹോദരന്മാരും, ശിഷ്യന്മാരും ഉണ്ടായിരുന്നു. മാർഗ്ഗമദ്ധ്യേ അവർ മഗ്ദല, ബെത്സയിദാ മുതലായ സ്ഥലങ്ങൾ സന്ദർശിക്കയുണ്ടായി. ദിവ്യനാഥൻ തല്ക്കാലവാസത്തിനായി തെരഞ്ഞെടുത്തതു കഫർനാം എന്ന പ്രസിദ്ധമായ പട്ടണമായിരുന്നു. അവിടെ പത്രോസിനു, ബെത്സയിദായിൽ ഉള്ളതിനു പുറമെ, വേറൊരു വീടുംകൂടെ ഉണ്ടു്. അയാളുടെ അമ്മായിയമ്മ അവിടത്തുകാരിയത്രെ. ആ ഭവനത്തിലാണു് ഈശോയും പരിവാരവും വിശ്രമിച്ചതു്.

ഇപ്പറഞ്ഞ സ്ഥലങ്ങൾ എവിടെയാണെന്നു നമ്മുടെ ഭൂപടം നോക്കിയാൽ കാണുകയില്ല ഭൂപടം എടുക്കുക. ഞാൻ അടയാളപ്പെടുത്തിത്തരാം എന്റെ വര മോശമായിരിക്കും. എങ്കിലും അതുനോക്കി നിങ്ങളുടെ പടത്തിൽ രേഖപ്പെടുത്തിക്കൊള്ളുക.

ഗലീലയാതടാകത്തിനു പണ്ടു് ജനെസറത്തു തടാകം എന്നും തിബേരിയാസ് കടലെന്നും പേരുണ്ടായിരുന്നു. ആ സ്ഥലങ്ങൾ അതിന്റെ തീരത്തു സ്ഥിതിചെയ്തിരുന്നതുകൊണ്ടായിരിക്കാം ആ പേരുകൾ അതിനുണ്ടായതു്. ആ ജലാശയത്തിന്റെ പടിഞ്ഞാറെ തീരത്താണു് മേൽപ്പറഞ്ഞ പട്ടണങ്ങളെല്ലാം.




ഈശോയുടെ ഈ യാത്രയുടെ ഉദ്ദേശത്തെപ്പററി വലിയതായി നമുക്കൊന്നും അറിഞ്ഞുകൂടാ. ചിലതെല്ലാം ഊഹിക്കത്തക്കതാണു്. ഒന്നാമതായി ആ ദേശങ്ങളാണു് അവിടുന്നു തന്റെ പ്രേഷിതരംഗമായി നിശ്ചയിച്ചിരുന്നതു്. ജനെസറത്തു സമനിലം—അതായതു തിബേരിയാസ് മുതൽ കൊറോസെയിൻവരെ 15 മൈലോളം വളഞ്ഞുനീണ്ടു കിടക്കുന്ന മനോഹരമായ പ്രദേശം. മലകളിൽ ചുററപ്പെട്ടുകിടക്കുന്ന ആ ശാദ്വലപ്രദേശം ഏററം ഫലഭൂയിഷ്ഠവും ഭൗമികപറുദീസാ എന്ന അപരനാമം പേറുന്നതും ആയിരുന്നു. ഏതൽകാരണത്താൽ അവിടെ ജനങ്ങൾ തിങ്ങിപ്പാർത്തിരുന്നു. അന്നു് അവിടെ ഉദ്യോഗസ്ഥന്മാരേയും, ഗ്രീക്കുകാരേയും, ഗ്രാമീണരേയും, മുക്കുവന്മാരേയും, ഗലീലയക്കാരേയും, സിറിയാക്കാരേയും, പരദേശികളേയും, റോമാക്കാരേയും, ഭടന്മാരേയും, ചുങ്കക്കാരേയും എന്നുവേണ്ട എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ടവരേയും ധാരാളമായി കാണാമായിരുന്നു. തന്റെ തത്വങ്ങൾ പ്രചരിക്കുന്നതിനു അത്തരം കേന്ദ്രം വളരെ ഉപകരിക്കുമെന്നു ദിവ്യനാഥൻ കണ്ടു. മാത്രമല്ല, വിശ്രമത്തിനും അപകടങ്ങളിൽനിന്നൊഴിഞ്ഞു രക്ഷപ്രാപിക്കുന്നതിനുംവേണ്ട താവളങ്ങൾ അവിടെ സുലഭമായിരുന്നു. ഗലീലയാതടാകത്തിന്റെ കിഴക്കേ തീരത്തുള്ള പർവ്വതനിരകളിൽ ചെന്നെത്താൻ ഏതാനും മണിക്കൂറുകൾ വള്ളത്തിൽ ഇരുന്നാൽമതി. ഇക്കാരണവും ദിവ്യനാഥനെ അങ്ങോട്ടാകർഷിച്ചിരിക്കണം. അവിടെ ഈശോ അഭയംപ്രാപിച്ചിരുന്ന സന്ദർഭങ്ങൾ കഥാഗതിയിൽ നാം കാണുന്നതാണു്.

കാനായിൽനിന്നു അവിടുന്നു ശിഷ്യന്മാരോടുകൂടെ ബെത്സയിദായിലേക്കും കഫർനാമിലേക്കും പോയതിനു വേറൊരു പ്രധാനകാരണംകൂടെയുണ്ടു്. ഗുരുശിഷ്യബന്ധത്തെ ദൃഢമാക്കുന്നതിനു ഈ സന്ദർശനം അഥവാ പ്രതിസന്ദർശനം ഉപകരിച്ചുകാണും. വന്നു കാണുന്നതിനുള്ള ക്ഷണം സ്വീകരിച്ച ശിഷ്യന്മാരെ, അവരുടെ ഭവനങ്ങളിൽ ചെന്നു കാണുന്നതിനും അനുഗ്രഹിക്കുന്നതിനും അവിടുന്നു തിരുമനസ്സായി. ദിവ്യനാഥൻ, വെള്ളം വീഞ്ഞാക്കിയ ആ അമാനുഷൻ, തങ്ങളുടെ ഉമ്മറത്തു കയറിയിറങ്ങിയപ്പോൾ അവരനുഭവിച്ച ആഹ്ലാദം ഊഹിച്ചുകൊള്ളുക. തങ്ങളെ ഇത്രയേറെ ബഹുമാനിച്ച ആ ദിവ്യഗുരുവിനുവേണ്ടി എന്താണു അവർ ചെയ്യാതിരിക്കുക; എന്തു ത്യാഗമാണു് അനുഷ്ഠിക്കാതിരിക്കുക! സ്നേഹത്തിന്റെ മുമ്പിൽ ഇടറിക്കാത്ത ഹൃദയമുണ്ടാവില്ല.

ഈശോ, ഈശോയ്ക്കുപകരം മേലുള്ളവർ, വിളിക്കുന്നിടത്തു നാം ചെല്ലുന്നപക്ഷം നാം അഭ്യർത്ഥിക്കാതെതന്നെ അവിടുന്നു നമ്മുടെകൂടെ വരും; കളിസ്ഥലത്തേക്കും, വിദ്യാലയത്തിലേക്കും, തെരുവിലേക്കും, പള്ളിയിലേക്കും, അവസാനം സ്വർഗ്ഗസ്ഥനായ പിതാവിന്റെ സന്നിധിയിലേക്കും. സ്വന്തം കൊച്ചച്ചൻ.

## പ്രഥമചരമവാർഷികം



നമ്പ്യാപറമ്പിൽ പുത്തൻപുരയിൽ ലൂക്കാ വറുഗീസ്, വാഴക്കുളം.

ജനനം: 1882 നവംബർ 7
മരണം: 1950 ഡിസംബർ 16

"ദയാപരനായ ഈശോയെ ഇദ്ദേഹത്തിന്റെ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളണമെ."

R. I. P.

"ഐക്യമുന്നണി"യുടെപിന്തുണയുള്ള

## "സ്വതന്ത്ര" സ്ഥാനാത്ഥികൾ

ഐക്യമുന്നണി സ്ഥാനാർത്ഥികൾ ആരൊക്കെയാണെന്നുള്ള ഇതിനകം പ്രസിദ്ധമായിട്ടുണ്ടല്ലോ. ഐക്യമുന്നണിയുടെ പിന്തുണയോടുകൂടി നിൽക്കുന്ന "സ്വതന്ത്ര"സ്ഥാനാർത്ഥികളുടെ ഔദ്യോഗികലിസ്റ്റു് താഴെ ചേർക്കുന്നു.

1) വക്കം—മജീദ 2) നെയ്യാററിൻകര—ജനാർദ്ദനൻനായർ 3) ചെങ്ങോട്ടു—ചട്ടനാഥകരയാളർ 4) ഓല്ലൂർ—ഓ. ലവൻപിള്ള 5) പെരുമ്പാവൂർ—ഗോവിന്ദപ്പിള്ള 6) കുന്നത്തുനാടു — പി. കെ. മത്തായി 7) ആലുവ—അബൂബക്കർ 8) ആലങ്ങാട്ടു് — ബാലകൃഷ്ണമേനോൻ 9) ചടയമംഗലം—(റിസവ്വ്ഷൻ) കൃഷ്ണശാസ്ത്രി 10) പൂഞ്ഞാർ—പി. എസ്സ്. ഗോപാലപിള്ള 11) അന്തൂർ—അച്ചിരാത്തരകൻ.

### പാർലമെന്റു്

1) തിരുവനന്തപുരം — ആനിമസ്ക്രീൻ 2) തൃശ്ശൂർ—മുണ്ടശ്ശേരി.

## മോചിപ്പിച്ചു

യുഗോസ്ലാവ്യായിലെ സ്റ്റെപ്പിനാക് മെത്രാപ്പോലീത്തായെ മോചിപ്പിച്ചിരിക്കുന്നു.

# കസേരകളി

(തോമസ് സെബാസ്റ്റ്യൻ
ബി. ഏ. എൽ. റ്റി.)

കസേരകളി രസകരമാണ്. കൊച്ചുകുട്ടികൾക്കു വളരെ വിനോദമുള്ള കളിയാണത്. കണ്ടുനില്ക്കുന്നവരുടെ രസം പറയാനുമില്ല.

9 കസേരയും 10 കാണികളും ഒട്ടുക്കാരും. മണികിലുക്കുമ്പോൾ ഒരു "വെപ്രാള"വും ചാടിക്കയറി ഒരിരുപ്പും. ചിലപ്പോൾ ഒരു കസേരയിൽ രണ്ടുപേർ. ചിലപ്പോൾ ഒരുത്തന്റെ പുറത്തു മറ്റൊരുത്തൻ. ചിലപ്പോൾ കസേര വെറുതെ കിടക്കും. ആകെക്കൂടെ കണ്ടുനില്ക്കുന്നവർക്കൊരു



രസവും കറക്കക്കാർക്കൊരു സംഭ്രമവും. ആദ്യകളിയിൽത്തന്നെ ഒരാളും ഒരു കസേരയും പുറത്തായി. ഇങ്ങനെ ഓരോ കളിയിലും ഒരാളും ഒരു കസേരയും പോകുന്നു. ഒരാൾ ജയിക്കുന്നതുവരെയാണ് കസേരകളി.

കസേരകളി കഴിയുമ്പോൾ കളിച്ചവർക്കു ബഹുക്ഷീണം. കണ്ടു ചിരിച്ചുനിന്നവർക്കു വായുകോപവും ഫലം. എന്നാലുമുണ്ടതിനൊരു രസം. കാണികളെ ഇത്രയധികം രസിപ്പിക്കുന്ന കളി വേറെ ഇല്ലെന്നുതന്നെ പറയാം.

ഇൻഡ്യയിലാകെ കസേരകളി തുടങ്ങിയിരിക്കുകയാണ് — കസേരയ്ക്കുവേണ്ടിയുള്ള ഓട്ടം. അതിന്റെ സെമിഫൈനൽസ് ഈ ആഴ്ചയിൽ തിരുകൊച്ചിയിലും നടക്കുന്നു. ഫൈനൽസു പിന്നീട് തലസ്ഥാനനഗരിയിൽവച്ചും നടക്കും. സെമിഫൈനൽസു ജയിക്കാൻ ചെലവും ഫൈനൽസു ജയിച്ചാൽ വരവുമാണ്. രണ്ടും ഭീമമാണ്. കാളപ്പെട്ടിക്കും പതിരുപെട്ടിക്കും ഓരോ തുട്ടാണെങ്കിൽ പണം മുടക്കാതെ തരമില്ല. ഈ പടം കാണിച്ചു വോട്ടുചെയ്യിക്കേണ്ട ആവശ്യം എന്താണാവോ? ബാലപാഠപ്പുസ്തകത്തിൽ കാളയും കുതിരയും കഴുതയും ഒട്ടകവും മറ്റുമുണ്ട്. വായന അറിവില്ലാത്തവരെ പടം കാണിച്ചു വായിപ്പിക്കാനാണത്. ഇതും അതിൻതന്നെയായിരിക്കും. എഴുത്തും വായനയും പൗരബോധവും ഒന്നുമില്ലാത്തവർക്കും ജീവിക്കാനവകാശമില്ലേ? വോട്ടുചെയ്യാനവകാശമില്ലേ? ഇല്ലെങ്കിൽ പിന്നെങ്ങനെ അതു ജനകീയമാകും? ആർക്കാണവർ വോട്ടുചെയ്യേണ്ടതു്. കോൺഗ്രസ്സും, സോഷ്യലിസവും കമ്മ്യൂണിസവും ഒന്നും അവർക്കു മാങ്ങായോ മത്തങ്ങായോ എന്നു നിശ്ചയമില്ല. എന്നാലും "ഓട്ട്" ചെയ്യണം. അതു പൗരാവകാശമാണ്. അതിനാണിപടം കാണിച്ചു വോട്ടുചെയ്യിക്കുന്നതു്. ഇതാണു ജനകീയഭരണത്തിന്റെ ബാലപാഠപരിശീലനം.

കസേരകളി കഴിയുമ്പോൾ ശരീരവും മനസ്സും മടിശീലയും ഒരുപോലെ പരുങ്ങലാകും. പിന്നെ അവരാ കസേരയിൽ ഒന്നിരിക്കും. ഒന്നു ചാരി ഇരിക്കും ഒന്നാശ്വസിക്കാൻ, ശ്വാസം ഒന്നു നേരെയാകാൻ. അതവർക്കാവശ്യമാണ്. നിന്നു കാലുകഴച്ചവർക്കൊന്നു് ഇരുന്നുകൂടാത്ത ഉത്തരവാദഭരണമാണോ നമ്മുടേതു്. അങ്ങനെ ഒന്നിരുന്നുപോകും. "ഉണ്ടവർക്കു പാ കിട്ടാഞ്ഞു് ഉണ്ണാത്തവർക്കു ഇല കിട്ടാഞ്ഞു്" എന്നു കേട്ടിട്ടില്ലേ? അങ്ങനെ ഒന്നിരുന്നു ശ്വാസം നേരെ വിട്ടുമ്പോഴാണ് കടക്കാരനും കടപ്പാട്ടുകാരനും ഒന്നിനുപുറകെ ഒന്നായി വന്നു ശല്യം തുടങ്ങുന്നതു്. എന്തുചെയ്യും, അവരെ തൃപ്തിപ്പെടുത്തിയും അതൃപ്തിപ്പെടുത്തിയും വിട്ടതിനുമുൻപു അടുത്ത കസേരകളിക്കു സമയവുമാകും.

ഒന്നും ചെയ്തില്ലെന്നൊരു പരാതി. അത്ഭുതം പ്രവർത്തിച്ചെന്നൊരു പ്രസ്താവന. എല്ലാവരേയും തൃപ്തിപ്പെടുത്താനൊരു പഞ്ചവത്സരപദ്ധതി പത്രത്തിലും. ഉള്ള സമയം പാഴാക്കാതെ ധർമ്മപുത്രർക്കു ബംഗ്ലാവുകളാക്കാറിനുവാദം. ഭീമസേനു വേണ്ടിടത്തോളം ഫുഡ്രേഷൻ. അർജ്ജുനനകുലസഹദേവന്മാർക്കും വാഗ്ദാനം. ഹനുമാൻ ഇനി ലങ്കയിലേക്കു ചാടണ്ടാ. ധനുഷ്കോടിയിൽനിന്നു തലൈമന്നാറി-

ലേക്കു ഒരു പാലം കെട്ടാൻ പത്തുകരിങ്ങാലികൊണ്ടു് ഒരു പണിപ്പുരതിന്നുകഴിഞ്ഞു.

അടുത്ത കസേരകളിക്കു ആരംഭമിട്ടു. പഞ്ചവത്സരപദ്ധതിനടപ്പാകണമെങ്കിൽ ഈ കളിയിൽ ജയിക്കാതെ പറ്റുമോ? ഓരോ കുടുംബത്തിനും പത്തേക്കർ തോട്ടവും തങ്കശ്ശേരിഹാർബർ ബംഗ്ലാവും, മട്ടപ്പാവിൻ വിമാനത്താവളവും ഓരോരുത്തർക്കും ടെഡജസ്റ്റഡ് ഫുഡ്ഡുമാണ് പുതിയ പഞ്ചവത്സരപദ്ധതിയിൽ കൊള്ളിച്ചിട്ടുള്ളതു്. കസേരകളിയിൽ തോറ്റാൽ എല്ലാം തോറ്റു. കരിങ്ങാലിപത്തു പോക്കടിച്ചതുതന്നെ.

---

വേദശാസ്ത്രപംക്തി

## അന്ത്യലേപനം

### കൂദാശാവചനങ്ങൾ

അന്ത്യലേപനത്തിൽ തിരുസൈത്തുകൊണ്ടു് നയനങ്ങൾ, ചെവികൾ, മൂക്ക്, അധരങ്ങൾ, കൈകൾ, കാലുകൾ എന്നിവയെ ലേപനംചെയ്യുന്നു. തത്സമയം ഓരോ അവയവത്തിനും യോജിച്ച വിധത്തിൽ കൂദാശാവചനങ്ങൾ ചൊല്ലുകയുംചെയ്യുന്നു. ഉദാഹരണമായി, നയനങ്ങൾ ലേപനംചെയ്യുമ്പോൾ പുരോഹിതൻ (കൽദായ സുറിയാനിറീത്തിൽ) ഇപ്രകാരം പറയുന്നു: "പരിശുദ്ധമായ ഈ ലേപനത്താലും തന്റെ മാധുര്യപൂർണ്ണമായ കാരുണ്യത്താലും, നീ കണ്ണുകൾ വഴി ചെയ്തിട്ടുള്ള തെറ്റുകളെല്ലാം കർത്താവു നിന്നോടു ക്ഷമിക്കട്ടെ." ചെവികളെ ലേപനംചെയ്യുമ്പോൾ "കണ്ണുകൾവഴി" എന്നതിനുപകരം "ചെവികൾ വഴി" എന്നുപയോഗിക്കുന്നു. അതുപോലെ മറ്റു ലേപനങ്ങളിലും യഥായോഗ്യം വാക്കുകൾ വ്യത്യാസപ്പെടുത്തുന്നു.

മേൽപ്രകാരം കൂദാശാവചനങ്ങൾ ചൊല്ലി ഓരോ അവയവവും ലേപനം ചെയ്യുന്നതിനുമുമ്പു രോഗി മരിച്ചുപോയേക്കുമെന്ന ഭയമുള്ളപ്പോൾ നെറ്റിയിൽമാത്രം ലേപനംചെയ്തുകൊണ്ടു് ഇപ്രകാരം കൂദാശാവചനങ്ങൾ ചൊല്ലുന്നു: "പരിശുദ്ധമായ ഈ ലേപനത്താലും തന്റെ മാധുര്യപൂർണ്ണമായ കാരുണ്യത്താലും നീ ചെയ്തിട്ടുള്ള തെറ്റുകളെല്ലാം കർത്താവു നിന്നോടു ക്ഷമിക്കട്ടെ." പിന്നീടു സമയം ലഭിക്കുന്നപക്ഷം മേൽക്കാണിച്ചതുപോലെ കൂദാശാവചനങ്ങൾ ചൊല്ലി ഓരോ അവയവവും പ്രത്യേകം പ്രത്യേകം ലേപനംചെയ്യുന്നതാണ്.

### കാർമ്മികൻ

ഈ കൂദാശ ഏതു പുരോഹിതൻ കൊടുത്താലും അതു സാധുവായിരിക്കും. എന്നു വരികിലും ഈ കൂദാശകൊടുക്കാൻ ആർക്കാണു ന്യായമായ അവകാശവും ചുമതലയും ഉള്ളതു് എന്നതിനെപ്പറ്റി തിരുസ്സഭ പ്രായോഗികമായ ചില നിയമങ്ങൾ നല്കിയിട്ടുണ്ടു്. സാധാരണയായി രോഗി വസിക്കുന്ന സ്ഥലത്തെ ഇടവക വികാരിയാണു അയാൾക്കു ഒടുവിലത്തെ ഒപ്രുശുമ നല്കേണ്ടതു്. അത്യാവശ്യപ്പെടുന്നപക്ഷം ഇടവകവികാരിയുടേയോ വൈദികമേലദ്ധ്യക്ഷന്റെയോ അനുവാദത്തോടുകൂടി മറ്റേതു പുരോഹിതനും ഈ കൂദാശ നല്കാവുന്നതാണ്. അനുവാദം നേരിട്ടു ലഭിച്ചിട്ടില്ലെങ്കിലും അനുവാദംലഭിക്കുമെന്ന പ്രതീക്ഷയുണ്ടായിരുന്നാൽമതി. (കാനോന 938, 2) ന്യായമായ അനുവാദം കൂടാതെയും അത്യാവശ്യപ്പെടാത്ത സാഹചര്യങ്ങളിലും സ്വന്തം അധികാരസീമയിൽപ്പെടാത്ത ഒരു വ്യക്തിക്കു് അന്ത്യലേപനം നൽകുന്ന വൈദികൻ ഗൗരവമായ പാപത്തിൽ ഉൾപ്പെടുന്നു. (Herve Vol. IV, no. 377) എന്നാൽ വികാരിയുടെ അധികാരത്തിനു വിധേയമായി അസിസ്റ്റേന്തിക്കും കൂദാശകൾ കൊടുക്കാൻ പൊതുവായ അനുവാദമുള്ളതാണ്. ആകയാൽ അന്ത്യകൂദാശ കൊടുക്കേണ്ടിവരുമ്പോൾ സ്വന്തം ഇടവകവികാരിയേയോ അദ്ദേഹത്തിന്റെ അസിസ്റ്റേന്തിയേയോ അദ്ദേഹത്തിൽനിന്നു അനുവാദമുള്ള മറ്റേതെങ്കിലും വൈദികനേയോ ആണു സാധാരണയായി വിളിക്കേണ്ടതു്. തക്കതായ അത്യാവശ്യംകൂടാതെ, മറ്റൊരു ഇടവകവികാരിയെ വിളിച്ചു കൂടാത്തതാകുന്നു. എന്നാൽ അദ്ദേഹത്തിന്റെ രോഗിയുടെ വികാരിയോ വൈദികമേലദ്ധ്യക്ഷനോ ഏതാദൃശസാഹചര്യങ്ങളിൽ അന്ത്യകൂദാശകൾ നല്കുന്നതിനു പൊതുവായ അനുവാദം കൊടുത്തിട്ടുള്ളപക്ഷം അദ്ദേഹത്തെ വിളിക്കുന്നതിനു വിരോധമില്ല. ഭിന്നറീത്തുകളിൽപ്പെട്ടവർ ഇടകലർന്നു വസിക്കുന്ന സ്ഥലങ്ങളിൽ അത്തരം അനുവാദം ഉണ്ടായിരിക്കാവുന്നതാണ്.

സന്യാസവൈദികരുടെ മന്ദിരങ്ങളിൽ വസിക്കുന്ന വേലക്കാർ, വിദ്യാർത്ഥികൾ, അതിഥികൾ ഇടങ്ങിയവരുൾപ്പെടെയുള്ള എല്ലാവർക്കും തിരുപ്പാഥേയവും അന്ത്യലേപനവും കൊടുക്കുകയോ മറ്റുള്ളവരെക്കൊണ്ടു് കൊടുപ്പിക്കുകയോ ചെയ്യാനുള്ള അവകാശവും ചുമതലയും ആശ്രമശ്രേഷ്ഠനാണുള്ളതു്. സന്യാസിനികളുടെ മന്ദിരമാണെങ്കിൽ മേൽപ്പറഞ്ഞ അവകാശവും ചുമതലയും സാധാരണ കുമ്പസാരക്കാരനോ അഥവാ അദ്ദേഹത്തിന്റെ ചുമതല നിർവ്വഹിക്കുന്ന വൈദികനോ ഉള്ളതാണ് (കാനോ. 514)



## പുസ്തകാഭിപ്രായം

### സത്യാനുഗമനം

പരിഭാഷകൻ ഫാ. തോമ്മസ് ഇഞ്ചെയ്ക്കലോടി. പക്ഷം 123. വില ണ. 10. സെന്റു് ജോസഫ്സ് പ്രിന്റിംഗ് ഹൗസ്, തിരുവല്ലാ.)

അന്യാദൃശമായ ഒരാസ്വാദ്യതയുണ്ടു് ഉത്തമങ്ങളായ ആത്മകഥകൾക്ക്. "സത്യാനുഗമനം" എന്ന ഈ പുസ്തകം ഈ പ്രസ്താവനയ്ക്കു് ഒരു മകുടോദാഹരണമത്രെ. റവ. അഗസ്റ്റിൻ റോത്തു്; ബാപ്റ്റിസ്റ്റുവിഭാഗത്തിൽപ്പെട്ട ഒരു പ്രോട്ടസ്റ്റന്റു പുരോഹിതനായിരുന്നു അദ്ദേഹം. സത്യാന്വേഷണഫലമായി സാക്ഷാൽ ശാന്തിനികേതനമായ കത്തോലിക്കാതിരുസഭയെ അഭയംഗമിച്ച അദ്ദേഹത്തിന്റെ സംഭവബഹുലവും ഹൃദയാവർജ്ജകവുമായ മാനസാന്തരചരിത്രമാണ് ഈ പുസ്തകത്തിലെ ഉള്ളടക്കത്തിൽ പ്രധാനഭാഗവും.

സത്യത്തിനൊരു പ്രത്യേക ആകർഷണശക്തിയുണ്ടു്, അപ്രതിരോധ്യമായ ഒരാലൗകികശക്തി. സത്യവും ശാന്തിയുമന്വേഷിച്ചു "സത്യമത"ത്തിലേക്കു് ആഗതരാകുന്ന അനേകായിരങ്ങളുടെ ഹൃദയവികാരങ്ങളെ പരിശോധിച്ചാൽ വെളിപ്പെടും ഈ പരമാർത്ഥം; പൂർണ്ണസത്യസമ്പാദനത്തിനായി എന്തെന്തു ക്ലേശങ്ങൾ തന്നെ സഹിക്കുന്നില്ല അവർ? ദൃഷ്ടാന്തമായി സത്യാനുഗമനത്തിലെ ആദ്യാദ്ധ്യായങ്ങൾ വായിച്ചുനോക്കുക. കഥാനായകനു തരണംചെയ്യേണ്ടിവന്ന പ്രതികൂലസാഹചര്യങ്ങൾ, അഭിമുഖീകരിക്കേണ്ടിവന്ന വിഷമപ്രശ്നങ്ങൾ, അനുഭവിക്കേണ്ടിവന്ന കഷ്ടനഷ്ടങ്ങൾ.... ഹൃദയസ്തോഭംകൂടാതെ ആർക്കുകഴിയും ഇതു വായിച്ചുതീർക്കുവാൻ?

കത്തോലിക്കാസഭയേയും പ്രോട്ടസ്റ്റന്റുസഭകളേയും താരതമ്യംചെയ്തുകൊണ്ടുള്ള ഒരു ചരിത്രചർച്ചയാണ് ഈ പുസ്തകത്തിലെ അവസാനത്തെ മൂന്നദ്ധ്യായങ്ങൾ. പ്രസ്തുത സഭകളെപ്പറ്റി, കത്തോലിക്കർചെയ്യുന്ന സത്യപ്രസ്താവനകൾ അകത്തോലിക്കരിൽ ഒരുപക്ഷേ ദുശ്ശങ്കയുളവാക്കിയേക്കാം. അതിനാൽ നാലും അഞ്ചും അദ്ധ്യായങ്ങളിലായി കത്തോലിക്കാസഭയെപ്പറ്റിയും പ്രോട്ടസ്റ്റന്റുസഭകളെപ്പറ്റിയും ചേർത്തിരിക്കുന്ന പ്രോട്ടസ്റ്റന്റുമഹാന്മാരുടെ അഭിപ്രായങ്ങൾ എങ്കിലും അകത്തോലിക്കരുടെ അവഗാഢമായ പരിചിന്തനങ്ങൾക്കു വിഷയമായിത്തീരട്ടെ. ഒരു ബാപ്റ്റിസ്റ്റു സമാഗതനായ മഹാകവി കെ. വി. സൈമൺ അവർകളുടെ സംശയങ്ങൾക്കുള്ള, മോൺ: നടുവത്തുശേരിയുടെ യുക്തിയുക്തമായ മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നതു് വളരെ സമുചിതമായിരിക്കുന്നു.

വിഷയമാധുര്യംകൊണ്ടും പ്രതിപാദനചാതുര്യംകൊണ്ടും ഈ പുസ്തകം ആദ്യന്തം ആകർഷകമായിരിക്കുന്നു. അകത്തോലിക്കാ സഹോദരരുടെ "സത്യാനുഗമനത്തിനു്" ഒരു കൈത്തിരിയായി ഈ പുസ്തകം കാണിച്ചുകൊടുക്കുകയെന്നതു് നമുക്കു ചെയ്യാവുന്ന പ്രശസ്തമായ ഒരു പ്രേഷിതവൃത്തിയായിരിക്കും. അപ്രകാരം "ഭയത്തിന്റെയും സംശയത്തിന്റെയും മരുഭൂമിയിൽ കിടന്നു വലയുന്ന ഒരൊറ്റ ആത്മാവിനെയെങ്കിലും കത്തോലിക്കാസഭയാകുന്ന ശാദ്വലപ്രദേശത്തേക്കു് ആനയിക്കുന്നതിനു പ്രേരകമായിത്തീരുമെങ്കിൽ" അതു് ഈ പുസ്തകത്തിനുലഭിക്കുന്ന വലിയ ഒരു വിജയമായിരിക്കും. അകത്തോലിക്കരും കത്തോലിക്കരും ഒരുപോലെ വായിച്ചിരിക്കേണ്ട ഈ പുസ്തകത്തിനു് ക്ഷിപ്രപ്രചാരം ആശംസിക്കുന്നതോടൊപ്പം, പ്രേഷിതചൈതന്യപ്രബുദ്ധനായ പരിഭാഷകനു ഹാർദ്ദമായ കൂപ്പുകൈ. (V. P.)

## വത്തിക്കാൻ ആക്രമിച്ചു

ഇക്കഴിഞ്ഞ രണ്ടുകൊല്ലത്തിനിടയ്ക്കു മൂന്നുതവണ വത്തിക്കാനിൽ ആക്രമണമുണ്ടായി. കമ്മ്യൂണിസ്റ്റുകാരുടെയല്ല. അതുപോലുള്ള മറ്റൊരുതരം പ്രാണികളുടെ —ചെതലുകളുടെ ആക്രമണം. ഈ രണ്ടുവകക്കാരുടെയും ആക്രമണത്തിൽ പല സാമ്യങ്ങൾ പറയുന്നുണ്ടു്. അകമേയാണു് ഇരുകൂട്ടരുടെയും ആക്രമണം നടക്കുക. കണ്ടെത്തുമ്പോഴേക്കും തൊണ്ടും തൊലിയുമേ ശേഷിക്കയുള്ളു. രണ്ടുകൂട്ടരും വളരെ സംഘടിതമായ രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നതു്. ചെതലുപട്ടാളങ്ങളുടെ നീക്കങ്ങൾ നോക്കിയാൽ അത്ഭുതംതോന്നും. സർവ്വാധികാരിയായ ഒരു രാജ്ഞിയാണ് സകലതും നിയന്ത്രിക്കുന്നതു്. കീഴുള്ളവരെല്ലാം പൂർണ്ണവിധേയത്വത്തിനു് ബാദ്ധ്യസ്ഥരാണ്. ഓരോരുത്തർക്കുള്ള വേലകൾ കൃത്യമായി വിഭജിച്ചുകൊടുത്തിരിക്കും — ഒഴികഴിവുകൂടാതെ അതുചെയ്തുകൊള്ളണം. പണിമുടക്കോ, അവധിക്കാലമോ അവർക്കില്ല. കമ്മ്യൂണിസ്റ്റുകാർ മറ്റു നാട്ടുകാരെ അടിമകളാക്കിക്കൊണ്ടുചെന്നു് സ്വന്തം യന്ത്രശാലകളിലും ഖനികളിലും മററും വേലചെയ്യിക്കുന്നതുപോലെ, ചെതലുകൾ മറ്റു വർഗ്ഗത്തിൽപ്പെട്ട എറുമ്പുകളെ പിടികൂടി പണി എടുപ്പിക്കുക പതിവാണ്. ഇങ്ങനെ സജ്ജീകൃതപരിപാടികളോടുകൂടിയുള്ള ചെതലുകളുടെ ആക്രമണം ചെറുത്തുനില്ക്കുക എളുപ്പമല്ല. വത്തിക്കാനിലെ ഭിത്തികളും മാർബിൾപ്പണികളുമൊഴിച്ചു സകലതും കരിക്കൽ അവരുടെ ആക്രമണത്തിനു വിധേയമായതായി പറയപ്പെടുന്നു. തക്ക പ്രതിവിധികൾ പ്രയോഗിച്ചിരുന്നതിനാൽ ഇക്കഴിഞ്ഞ ആക്രമണം അത്രതന്നെ ശക്തിപ്പെട്ടില്ല. കമ്മ്യൂണിസ്റ്റുചെതലുകളുടെ ഭീഷണികളും വത്തിക്കാനിൽ ഇത്രയൊക്കെയേ വിലപ്പോകയുള്ളു എന്നതിന്റെ ഒരു മുന്നടയാളമാണിതെന്നു നിരീക്ഷകർ അഭിപ്രായപ്പെടുന്നു.

**Social Problem,**
**Social Legislation,**
**Social Information,**
in
# "SOCIAL ACTION"
a monthly edited by
The Indian Institute of Social Order
St. Vincent Street, Poona 1.
Rs. 4/per year

# മോസ്കോയുടെ നീതിന്യായം

(മൊറീസ് മാനിംഗ്)

കമ്മ്യൂണിസ്റ്റുകാർ ചെയ്തുവരുന്നതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ തെററുകൾ മററുള്ളവരിൽ ആരോപിക്കുക അവരുടെ ഒരു പതിവാണ്. റഷ്യയിൽ വളരെക്കാലമായി അടിമവേലചെയ്യിക്കുന്ന കേന്ദ്രങ്ങൾ പൊതുവേ ഉണ്ടായിരിക്കെ; അനേകം ലക്ഷങ്ങളെക്കൊണ്ടു ദൈനംദിനം അടിമവേല ചെയ്യിക്കുന്ന റഷ്യ പാശ്ചാത്യരാഷ്ട്രങ്ങൾ അടിമവേല ചെയ്യിക്കുന്നുവെന്നു കുററപ്പെടുത്തുന്നു.

നീതിപാലനത്തിന്റെ കഥയും ഇതുതന്നെ.

സെപ്റ്റംബർ ആദ്യം യൂഗോസ്ലാവിയായിൽ "നീതിന്യായത്തെ വ്യഭിചരിപ്പിക്കുന്നു" എന്നു ബൽഗേറിയൻ കമ്മ്യൂണിസ്റ്റുറേഡിയോ പറയുകയുണ്ടായി. "പ്രോസിക്യൂഷനും, ഡിഫൻസും, ജഡ്ജിമാരും കുററം ആരോപിക്കുന്ന രീതിയിൽ നീതിനടത്തിപ്പു യൂഗോസ്ലാവിയായിലെ ഭരണാധികാരികൾക്കു യോജിച്ചതു മാത്രമാണ്" എന്നു ആ റേഡിയോ തുടർന്നു പറയുന്നു.

ഇപ്രകാരം "നീതിപരിപാലനത്തെ വ്യഭിചരിപ്പിക്കുന്നതിന്റെ ഫലമായി യഥാർത്ഥകമ്മ്യൂണിസ്റ്റുകാർ യൂഗോസ്ലാവിയായിലെ ജയിലുകളിലും, കോൺസെൻട്രേഷൻ ക്യാമ്പുകളിലും കിടന്നു യാതന അനുഭവിക്കുന്നു" എന്നും പ്രഖ്യാപിക്കുന്നുണ്ട്.

ഏതാണ്ട് ഈ കാലത്തുതന്നെ ഹംഗറിയിലെ കമ്മ്യൂണിസ്റ്റുറേഡിയോ യൂഗോസ്ലാവിയായിലെ "നിയമപരിപാലനത്തിന്റെ ആഭാസസ്വരൂപം" വിവരിക്കുകയുണ്ടായി.

എന്തുകൊണ്ടാണു പൗരസ്ത്യയൂറോപ്പിലെ കമ്മ്യൂണിസ്റ്റുഗവമ്മെൻറുകൾ യൂഗോസ്ലാവിയായിലെ നിയമപരിപാലനത്തിൽ ഇത്രയധികം ആസക്തി പ്രദശിപ്പിക്കുന്നതു? കമ്മ്യൂണിസ്റ്റുകാർ നീതിന്യായം എന്നു പറയുന്നതു് ഏതർത്ഥത്തിലാണെന്നു പരിശോധിച്ചാൽ ഈ ആരോപണങ്ങളുടെ കാരണം മനസ്സിലാകും. പൗരസ്ത്യയൂറോപ്യൻകമ്മ്യൂണിസ്റ്റുഗവമ്മെൻറുകൾ എല്ലാംതന്നെ സോവ്യററുഗവമ്മെൻറിനെയാണ് മാതൃകയായി സ്വീകരിച്ചിട്ടുള്ളതു് എന്നും വിസ്മരിക്കത്തക്കതല്ല.

## അവിടത്തെ 'നീതിനടത്തിപ്പ്'

മോസ്കോ യൂണിവേഴ്സിററിയുടെ ഔദ്യോഗികപത്രത്തിൽ 1950-ൽസോവിയററിലെ സമുന്നതവക്കീലന്മാരിൽ ഒരാളായ പോളിയാൻസ്കി പറയുന്നതു് റഷ്യയിലെ ക്രിമിനൽ കോടതികൾ "സോവിയററുഭരണത്തിന്റെയും പാർട്ടിയുടേയും (കമ്മ്യൂണിസ്റ്റുപാർട്ടി) നയപരിപാലനം നടത്തുന്ന സ്ഥലമാണ്" എന്നാണ്. കോടതികൾ രാഷ്ട്രീയഘടകമാണ്. നിയമം അനുസരിക്കുക എന്നു പറയുന്നതും പാർട്ടിക്കു വിധേയമാകുക എന്നു പറയുന്നതും റഷ്യയിൽ ഒരേ അർത്ഥത്തിലായിരിക്കും.

ഈ പത്രത്തിൽത്തന്നെ പോളിൻസ്കി പറയുന്നതു് രാഷ്ട്രീയത്തിനു പുറത്തു കാണുന്ന ജഡ്ജിയുടെ പ്രതിമ ഒരു യാഥാസ്ഥിതികസങ്കല്പമാണെന്നാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ജഡ്ജിമാർ നിയമത്താൽമാത്രം നിയന്ത്രിക്കപ്പെട്ടാൽ പോരാ, നീതിന്യായവകുപ്പിനാലും നിയന്ത്രിതരായിരിക്കണം. ഈ വകുപ്പ് അപ്പഴപ്പോൾ ഏതുതരം കുററത്തിനു് എത്ര കഠിനമുള്ള ശിക്ഷ കല്പിക്കണമെന്നു ജഡ്ജിമാർക്കു നിർദ്ദേശം കൊടുത്തുകൊണ്ടിരിക്കുന്നു.

ലനിന്റെ അഭിപ്രായം, നീതിന്യായപരിപാലനം എല്ലാ കമ്മ്യൂണിസ്റ്റുരാഷ്ട്രങ്ങളിലും വർഗ്ഗമാത്സര്യത്തിനു കാരണമാകിയിട്ടുണ്ടെന്നാണ്. അദ്ദേഹത്തിന്റെ "രാഷ്ട്രവും വിപ്ലവവും" എന്ന ബുക്കിൽ "സാധാരണജനങ്ങളുടെ ഏകാധിപത്യം സ്ഥാപിതമാകുന്നതു ബൂർഷ്വാ സമ്പ്രദായത്തിനുപരിയായി സാധാരണക്കാരൻ നിയമപരമായി പരിവർത്തനം വരുത്തിയല്ല, ബലം പ്രയോഗിച്ചാണ്" എന്നു പറഞ്ഞിരിക്കുന്നു വീണ്ടും സ്റ്റാലിന്റെ "ലനിനിസത്തെ സംബന്ധിച്ച പ്രശ്നം" എന്ന ബുക്കിന്റെ പത്താംപതിപ്പിൽ 28-ാം പേജിൽ ഒരു സ്റ്റേററിനെ "ഭരണകക്ഷിയുടെ കൈയിൽ വർഗ്ഗവൈരികളെ ഒതുക്കുവാനുള്ള ഉപകരണം"മായി നിർവ്വചിച്ചിരിക്കുന്നു.

ഇവയെല്ലാം ഉപരിയായി റഷ്യൻ റിപ്പബ്ലിക്കിലെ കറക്ററീവ് ലേബർ കോഡക്സിലെ 8-ാമത്തെ വകുപ്പു നിലനില്ക്കുന്നു. നീതിന്യായക്കോടതിയിലോ ഭരണപരമായ അധികാരത്തിൽനിന്നോ ശിക്ഷ അനുഭവിക്കുന്നവരെ നന്നാക്കുന്നതിനു് തൊഴിൽ ("കറക്ററീവ് ലേബർ") ശാലയിൽ അയക്കുന്നു. ഭരണാധികാരികളുടെ ശിക്ഷയെന്നു പറയുന്നതുകൊണ്ടുദ്ദേശിക്കുന്നതു് ജനങ്ങളെ വിസ്തരിക്കാതെതന്നെ ശിക്ഷിക്കുകയും "കറക്ററീവ്" ലേബറായി അയക്കുകയും ചെയ്യാമെന്നാണ്.

പൗരസ്ത്യയൂറോപ്പിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറുകളും സോവിയററു യൂണിയനും നീതിപരിപാലനം ഒരു രാഷ്ട്രീയായുധമായി ഉപയോഗപ്പെടുത്തുകയും ആ നീതിനടത്തിപ്പിൽ "അവിശ്വാസമുള്ളവരെന്നു" കരുതപ്പെടുന്നവരും "ആവശ്യമില്ലാത്തവരെന്നു" തോന്നിക്കുന്നവരും പുറംതള്ളപ്പെടുകയും ചെയ്യുന്നതിനാലാണ് അവർ മററു രാഷ്ട്രങ്ങൾ അപ്രകാരം ചെയ്യുന്നതായി ആരോപണം നടത്തുന്നതു്. അവരുടെ വിചാരം ഈ വിദ്യകൊണ്ടു അവർതന്നെ ചെയ്യുന്ന തെററു മററുള്ളവർ ധരിക്കുകയില്ലെന്നായിരിക്കും.



(ശിവറാം)

വടക്കേതിലെ കാരണവർക്കു് ഒരുകാര്യത്തിൽ വളരെ നിർബന്ധമാണ്. താൻ കാപ്പിയോ ചായയോ കുടിക്കുന്ന പാത്രം വേറാരും ഉപയോഗിക്കരുതു് എന്നു്. ഇക്കാരണത്താൽ ആ വീട്ടിൽ പലപ്പോഴും അടിബഹളം നടന്നിട്ടുപോലുമുണ്ട്. അതുകൊണ്ടായിരിക്കും മാത്തച്ചന്റെ ഗ്ലാസ്സ് ആരും പേടിയോടെമാത്രമേ കഴുകിവയ്ക്കാൻപോലും തൊടാറുള്ളു.

മാത്തച്ചൻ 10 മണിക്കുള്ള എക്സ്പ്രസ്സിനു് പോകാൻ കുപ്പായത്തിൽ കേറികഴിഞ്ഞു. നാലു ബട്ടൺസ് കഴിഞ്ഞ പെരുന്നാളിനു് പുതുതായി വാങ്ങിയതാണ്. അതു് മേശപ്പുള്ളിൽ വെച്ചിരുന്നു. ധൃതഗതിയിൽ മാത്തച്ചൻ മേശതുറന്നു് ബട്ടനുകൾ തപ്പുകയാണ്. അതവിടെങ്ങും കാണുകയുണ്ടായില്ല. "എടി റോസാമ്മേ! ഞാനീ മേശയിലിട്ടിരുന്ന ബട്ടൺസെവിടെ?" അപ്പച്ചൻ ഉറക്കെ മകളോടുചോദിച്ചു. മകൾ അപ്പച്ചന്റെ സഹായാർത്ഥം മേശയിൽ ബട്ടണുകൾ തിരയുകയാണ്. അതിലുണ്ടായിരുന്ന പുസ്തകങ്ങൾ, എഴുത്തുകൾ, ചെറിയ കുപ്പികൾ, സോപ്പുകഷണങ്ങൾ, കത്രിക, മൊട്ടുസൂചി, വായുഗുളിക, പാററഗുളിക, മഷിക്കുപ്പി, ഫില്ലർ, എല്ലാം റോസി വലിച്ചുപുറത്തിട്ടു. മേശയുടെ ഇരുട്ടുകള്ളികളിൽ വിരൽകൊണ്ടു തപ്പിനോക്കി. "ഹോ എന്റപ്പച്ചോ! കൈമുറിഞ്ഞു!" ചോരയൊലിപ്പിച്ചുകൊണ്ടു് അവൾ ചൂണ്ടുവിരൽ പുറത്തെടുത്തു. "ഞാനപ്പഴേ പറഞ്ഞു ബ്ലേഡ് മേശക്കകത്തു് അലക്ഷ്യമായി ഇടരുതു് എന്നു്." മറിയാമ്മ ആ രംഗത്തു് പ്രത്യക്ഷയായി പറഞ്ഞു.

"ബട്ടൻസിനാളാ പടിപ്പുറത്തല്ലേ വച്ചതു്. അതു് മേശയിലെങ്ങനെ കാണും." അമ്മച്ചി മകളെ ശാസിച്ചുകൊണ്ടു കൈവിരൽ മരുന്നുവയ്ക്കാൻ പറഞ്ഞു. ഏതായാലും മാത്തച്ചർ പടിപ്പുറത്തുനിന്നും ബട്ടനെടുത്തു് ഷർട്ടിൽ ഇട്ടു. പോകാൻ കുടയും ബാഗുമെടുത്തു് വരാന്തയിലെത്തി. "ഇനി പത്തുമിനിട്ടിനകം വണ്ടിവരും; ചായ തരുന്നെങ്കിൽ തന്നെ." മാത്തച്ചൻ ആവലാതിപ്പെട്ടു. "എടീ, റോസീ—നീ കാലത്തെ എടുത്ത പഞ്ചസാരക്കുപ്പി എവിടെടീ വെച്ചതു!" മറിയാമ്മ ഗർജ്ജിച്ചു അയ്യോ! അമ്മേ! അതു് ഔസേപ്പച്ചനു് കഷായം കുടിക്കാനിത്തിരി എടുത്തിട്ടു് ആ അമ്മിക്കല്ലിന്റെ ചുവട്ടിൽത്തന്നെ വെച്ചിരുന്നു"

മറിയാമ്മ പഞ്ചസാരക്കുപ്പിനോക്കി അമ്മിക്കല്ലിന്റെ ചുവട്ടിൽചെന്നപ്പോൾ കുപ്പി പൊട്ടി പഞ്ചസാര കാടിക്കുഴിയിൽ തൂവിക്കിടക്കുന്നതാണ് കണ്ടതു്. ഒരു കാക്ക പെട്ടെന്നു പറന്നുപോകയും ചെയ്തു. എന്റീശോ, ഇനി ഞാനെന്തിട്ടാണീ ചായകൊടുക്കുന്നേ!" പുകയത്തുകൂട്ടയിൽവെച്ചിരുന്ന കരുപ്പെട്ടി തപ്പിനോക്കി. "എടാ ഔസേപ്പച്ചാ, എവിടെടാ നീ കരുപ്പെട്ടിവെച്ചിരിക്കുന്നതു്?"

"എന്താ അമ്മച്ചീ! എല്ലാത്തിനും എന്നെത്തന്നെ കുററംപറയുന്നതു്! അമ്മച്ചിയല്ലേ അപ്പച്ചനു് അവലു് തിന്നാൻ തേങ്ങാക്കഷണവും കരുപ്പെട്ടിയുംകൂടി ഇന്നലെ വൈകുന്നേരം എടുത്തോണ്ടുപോണകണ്ടതു്?"

"നാ എടാ, അതാ കാൽപ്പെട്ടിയുടെ കീഴെ കാണും. അതിങ്ങെടുത്തുകൊണ്ടുവാ." ഔസേപ്പച്ചന്റെ ഭാഗ്യം, ഒരു കഷണം പൊട്ടിച്ചു് വായിലിട്ടിട്ടു് ബാക്കി അമ്മച്ചിയെ ഏല്പിച്ചു. ചായ ശരിയാക്കി. മാത്തച്ചന്റെ സ്വന്തം ഗ്ലാസ്സു ഒരുവിധത്തിൽ ചായിപ്പിന്റെ മൂലയിൽനിന്നും കണ്ടുപിടിച്ചു് അതിൽ ചായ ഒഴിച്ചു് വരാന്തയിൽ അക്ഷമനായി നില്ക്കുന്ന ഭർത്താവിനു കൊണ്ടുകൊടുത്തു. പത്തുമണികഴിഞ്ഞു് രണ്ടുമിനിട്ടായി. വണ്ടിക്കവലയിലേക്കു് രണ്ടു മിനിട്ടു നടന്നാൽമതി. വണ്ടിയുടെ ഒച്ചകേട്ടതുമില്ല. അതിനാൽപരാക്രമം കൂടാതെ ചായകുടിച്ചുകൊണ്ടിരുന്ന മാത്തച്ചൻ ഭാര്യയോടു് അൽമാരിയിൽനിന്നു് കുറച്ചുവടക്കൻപുകയിലകൂടി എടുക്കാൻ ആജ്ഞാപിച്ചു. ചായകുടിച്ചുഗ്ലാസ്സ് വാതിൽപ്പടിയിൽത്തന്നെവെച്ചിട്ടു് ഷർട്ടിൽതപ്പിയപ്പോഴാണ് വെള്ളയെഴുത്തുകണ്ണടയും ഫൗണ്ടൻപേനയും മുളകുവിററ കണക്കെഴുതിയ ഡയറിയുമെടുത്തില്ലല്ലോ എന്നോർത്തതു്. പുകയിലകിട്ടിയതു് തലയിണച്ചുവട്ടിൽനിന്നാണെന്നു പറഞ്ഞു് പരിഭ്രമിച്ചു പുറത്തേക്കുവന്ന മറിയാമ്മ അറിയാതെ പടിയിൽവെച്ചിരുന്ന ഗ്ലാസ്സ് ഒരു തട്ട്. ഗ്ലാസ്സു തെറിച്ചു നുറുകഷണമായി. അതിനകത്തുണ്ടായിരുന്ന കാൽപാത്രം ചക്കരച്ചായ മാത്തച്ചന്റെ അലക്കിയെടുത്ത മുണ്ടിലും വീണു. "എടീ! കഴുതേ! നിനക്കു് കണ്ണുകണ്ടൂടെ—എന്റെ ഗ്ലാസ്സ്—കഷ്ടം! ഞാനതു് തൃശ്ശിനാപ്പള്ളീന്നു് നാലുരുപാകൊടുത്തു വാങ്ങിയതാണ്? നോക്കു ഈ മുണ്ടിനി എന്തിനുകൊള്ളാം?" അയാളുടെ "മുണ്ടില്ല, മുണ്ടില്ല"


For favours received



Fr. J. Matheikal


എന്നു എന്നെ ആട്ടിപ്പായിച്ചിട്ടും ഞാൻ പോരാതെ കടയിൽ ഇരുപ്പുപിടിച്ചിട്ടാണീ മൻമൽമുണ്ടു് റേഷൻവിലയ്ക്കു് ആ ലോനച്ചൻ തന്നതുതന്നെ."

എററിനു് ബഹളത്തിനിടയിൽ വണ്ടിപോയതു് മാത്തച്ചനറിഞ്ഞില്ല. ആളുകൾ അയൽവീട്ടിലെ വേലിക്കു് മുകളിൽക്കൂടിച്ചാടി മുററത്തുവന്നു നിരന്നുകഴിഞ്ഞു. നാണംകേട്ടുകൊണ്ടൊന്നും പറയാനാവാത്തപോലെ മറിയാമ്മ തൂണുചാരി ഇരുന്നുപോയി. അയൽവക്കത്തെ ഏലിക്കുട്ടിയും സരോജവും തങ്കമ്മയും ത്രേസ്യായും ചാണ്ടിയും ചക്കിയും ലൂയിസും പൗലോസും എല്ലാവരും അവിടെ കൂടി. സംഗതികൾ അറിഞ്ഞപ്പോൾ പൊട്ടിച്ചിരിച്ചുപോയി.

മിക്കവീടുകളിലും ഇങ്ങനെയുള്ള സംഭവങ്ങൾ ദുർലഭമല്ല. ഓരോ സാധനങ്ങൾക്കും പ്രത്യേകം ഓരോ സ്ഥാനങ്ങൾ വീട്ടിലുണ്ടായിരിക്കണം. സാധനങ്ങൾ എടുക്കുന്നവർ അവ എടുത്തസ്ഥാനത്തുതന്നെ വയ്ക്കാൻ ശീലിക്കണം. വീട്ടിലുള്ള മിക്ക അംഗങ്ങളും ഇക്കാര്യത്തിൽ ശ്രദ്ധയില്ലാത്തവരാണ്. അരിവാളും വെട്ടുകത്തിയും പേനാക്കത്തിയും മററും അലക്ഷ്യമായി അവിടെയും ഇവിടെയും ഇടുക, കിട്ടുന്ന ബ്ലേഡും പിന്നും ആണിയും തുന്നൽസൂചിയുമൊക്കെ മേശയിലാക്കി അടയ്ക്കുക, ഗ്ലാസ്സുപാത്രങ്ങൾ, ഓട്ടുപാത്രങ്ങൾ എണ്ണക്കുപ്പികൾ മുതലായവ വാതുക്കൽത്തന്നെ വച്ചിട്ടുപോകുക ഇതെല്ലാം കുടുംബത്തിൽ അപകടങ്ങൾ ഉണ്ടാക്കുന്ന പ്രവൃത്തികളാണ്.

മാത്തച്ചന്റെ പോക്കുമുടങ്ങിയതും ഗ്ലാസ്സു പൊട്ടിയതും റോസിയുടെ കൈമുറിഞ്ഞതും അലക്കിയമുണ്ടു് കറപിടിച്ചതും എല്ലാം എന്തുകൊണ്ടാണെന്നു് നിങ്ങൾ മനസ്സിലാക്കിയിരിക്കുമല്ലോ.


വീട്ടിലെ അമ്മമാരും മററംഗങ്ങളും അവരുടെ വീടു് അപകടങ്ങളില്ലാത്ത സ്ഥലമായി സൂക്ഷിക്കാൻ ശ്രദ്ധിക്കണം.

(തുടരും)


അഭിനവ സംഭാഷണ ഗദ്യശൈലിയുടെ വിധാതാവായ സി കെ മററം. എം ആർ എ. എസ്. എഫ്. ആർ. എസ്. എ. (ലണ്ടൻ) അവർകളുടെ വിമർശനപാടവത്തിന്റെയും ഉൽകൃഷ്ടഗദ്യരീതിയുടെയും നികഷമായ

പൂവാംകായും

എന്ന വിപുലഗ്രന്ഥം അച്ചടിയിൽ

'എടീ, കഴുതേ നിനക്കു കണ്ണുകണ്ടുടേ? എന്റെ ഗ്ലാസ്സ്!'

# ചെറുകഥ

## കുടുംബപാരമ്പര്യം

(തോമസ് പതിയിൽ)

വളരെ അധികം സന്തോഷത്തോടെയാണ് ജായസ് അന്നു വീട്ടിലേക്കു തിരിച്ചത്. അവന്റെ ആഹ്ലാദം ഹൃദയത്തിനുള്ളിൽ തങ്ങിനിന്നില്ല. അതു ചില പൊട്ടിച്ചിരികളും മൂളിപ്പാട്ടുകളുമായി ബഹിർഗമിച്ചുകൊണ്ടിരുന്നു. പരീക്ഷാഫലം അറിയാൻ കാത്തുനില്ക്കുന്ന ഒരു വിദ്യാർത്ഥിയുടെ ഹൃദയത്തുടിപ്പോടെ അവൻ വീട്ടിലേക്കു തിരിച്ചു.

കുസൃതിക്കാരനായ ആന്റണി ബേബിച്ചന്റെ ചെവിയിൽ മന്ത്രിച്ചു "കണ്ടില്ലേ ജായസിന്റെ ഒരു നിഗളം. ഒന്നു മിണ്ടേണമല്ലോ?" പക്ഷെ ജായസ് ഇതൊന്നും ശ്രദ്ധിച്ചില്ല. അവൻ ഏകാഗ്രചിത്തനായി വീട്ടിലേക്കു പായുകയാണ്. മതിൽ ചാടിക്കടന്നു അവൻ വീട്ടിലേക്കു കയറി. "അമ്മേ, അമ്മേ," ജായസ് വിളിച്ചു. മകന്റെ ഓടിക്കിതച്ച വരവുകണ്ടു ചോറുവിളമ്പിക്കൊടുക്കുവാനായി അടുക്കളയിലേക്കു ഓടിയ ലൂസി തിരിഞ്ഞുനിന്നു ചോദിച്ചു: "എന്താണ് ജായസേ?"

"അമ്മേ, ഞാൻ ഒരു മിഷനറിയായി."

ആ സാധ്വസ്ത്രീ ശിലാപ്രതിമപോലെ സ്തംഭിച്ചുനിന്നുപോയി. തന്റെ ഏകസന്താനം—ആദ്യത്തേതും അവസാനത്തേതുമായ ജായസ്—കുടുംബത്തിന്റെ വെള്ളിനക്ഷത്രം — ഒരു മിഷനറിയാകുകയോ? അവൾക്കതു ചിന്തിക്കുവാൻ കഴിഞ്ഞില്ല.

"എന്റെ മകനേ, അപ്പച്ചനേയും അമ്മച്ചിയേയും ഈ സ്ഥിതിയിൽ ഇട്ടാവച്ചോ?" ലൂസി ആർദ്രമായ മിഴികളോടെ അവനെ നോക്കി. അവളുടെ കണ്ണുകളിൽനിന്നും അശ്രുക്കൾ അടന്നുവീണു.

അപ്പോൾ മാത്രമാണ് ജായസിനു അമ്മയുടെ പരിഭ്രമം മനസ്സിലായതു്. "അമ്മേ, ഞാൻ ദൂരെയെങ്ങും പോകുവാനല്ല. ഒരു മിഷനറിയാകുവാൻ അപ്പച്ചനേയും അമ്മച്ചിയേയും ഉപേക്ഷിക്കണമെന്നില്ല. നമ്മുടെ ഇടവകയിൽ മിഷൻലീഗിന്റെ ഒരു ശാഖ സ്ഥാപിച്ചു. ഞാൻ അതിന്റെ ഒരു ലീഡറാണ്."

ഇത്രയും കേട്ടപ്പോഴേക്കും ലൂസിയുടെ ഹൃദയം ശാന്തമായി. അവളുടെ മുഖം പ്രഫുല്ലമായി. ഷർട്ടുമാറിവരുവാൻ മകനെ പുഞ്ചിരിയോടെ പറഞ്ഞയച്ചു. ജായസ് സന്തോഷത്തോടെ ഊണുകഴിച്ചു.

അന്നു വൈകിട്ടു ഊണിനിടയിൽ ലൂസി ഭർത്താവിനോടു പറഞ്ഞു: "ജായസ് ഇന്നു എന്നെ വല്ലാതെ ഭയപ്പെടുത്തി."

"അവൻ അത്രസ്ഥായോ! അവനീയിടെ ഒരു കുസൃതിയായിത്തീർന്നിരിക്കയാണ്." സ്നേഹനിർഭരമായ കണ്ണുകളോടെ ജായസിനെ നോക്കി അവിരാച്ചൻ പ്രതിവചിച്ചു. ജായസ് മിഷൻലീഗിൽ ചേർന്നുവെന്നും, അവൻ അതിൽ ഒരു ലീഡറാണെന്നും, മിഷൻപിരിവിനായി ഒരു പെട്ടിക്കൂടെ കൊണ്ടുവന്നിട്ടുണ്ടെന്നും ലൂസി ഭർത്താവിനെ ധരിപ്പിച്ചു. അവിരാച്ചനു് അത്ര രുചിച്ചില്ല. പക്ഷെ ജായസിന്റെ ഹിതത്തിനുവിരുദ്ധമായി എന്തെങ്കിലും പറയുവാനുള്ള മനക്കരുത്തു ആ പുത്രവത്സലനില്ലായിരുന്നു.

പിറ്റേദിവസം ജായസ് മിഷൻപെട്ടിയും കുറെ പ്രാർത്ഥനാഹാരങ്ങളുമെടുത്തുകൊണ്ടു മിഷൻപിരിവിനു പുറപ്പെട്ടു. പലതരത്തിലുള്ള വർണ്ണക്കടലാസുകൾകൊണ്ടു് അവൻ ആ പെട്ടി മനോഹരമായി അലങ്കരിച്ചിരുന്നു.

"മിഷനെ സഹായിപ്പിൻ."

ആ ബാലഭിക്ഷുവിന്റെ ശബ്ദം ശ്രവണമധുരമായി അന്തരീക്ഷത്തിൽ മുഴങ്ങി. സുഗന്ധവാഹിയായ വടക്കൻ കാററു അവനെ മന്ദമായി തലോടി. തത്തമ്മച്ചുവപ്പും ചുവപ്പുമായ ഇലഞ്ഞിമരങ്ങൾ പൂക്കൾ അടർത്തിവിട്ടു് അവനെ അനുഗ്രഹിച്ചു. അർദ്ധപ്രായമായ തെങ്ങിൻതൈകൾ ഇലകൾ ആട്ടി അവനെ മാടിവിളിച്ചു. അകലെ മരക്കൊമ്പുകളിലിരുന്നു പൈങ്കിളികൾ പാട്ടുപാടി അവനെ സ്വാഗതംചെയ്തു.

"ഭാരതമിഷനെ സഹായിപ്പിൻ!"

മണിനാദംപോലുള്ള ആ മധുരസ്വരം അന്തരീക്ഷത്തിൽ വീണ്ടും അലയടിച്ചു. കൂലിക്കാരൻ കുഞ്ഞുവറീതിന്റെ വീട്ടിലേക്കാണ് ആദ്യമായി അവൻ കയറിച്ചെന്നതു്.

ഏഴുവയസ്സുള്ള മാത്തൻ ഓടിച്ചെന്നു അമ്മയോടുപറഞ്ഞു: "അമ്മച്ചീ, കൊച്ചുമുതലാളി, ദാ, അപ്പുറത്തുവന്നിരിക്കുന്നു."

കുഞ്ഞേലിച്ചേടത്തി ബദ്ധപ്പെട്ടു ഓടിവന്നു.

"കുഞ്ഞു. ഈ വെയിലത്തു എന്താണ് ഇങ്ങോട്ടിറങ്ങിയതു്!"


"ഭാരതമിഷനെ സഹായിപ്പിൻ!"

ജായസ് ആ പഴയപല്ലവി തന്നെ ഏററുപാടി.

അവിരാച്ചൻമുതലാളിയുടെ മകൻ തന്റെ കുടിലിൽ ഭിക്ഷാടനത്തിനായി

ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു

### ഉപകാരസ്മരണ



വർഗീസ് ജോസഫ് മുട്ടമ്മണ്ണിൽ
വായ്പൂരു്

വന്നിരിക്കുന്നുവെന്നറിഞ്ഞപ്പോൾ അവളുടെ ഹൃദയം വികാരവിവശമായി. അവൾ ചോദിച്ചു:

"എന്തേ, കുഞ്ഞു പറയുന്നതു്? എനിക്കു മനസ്സിലാകുന്നില്ല."

ജായസ് ഒരു പ്രസംഗത്തിനു തന്നെ തയാറായി. ഭാരതത്തിൽ വിദൂരസ്ഥലങ്ങളിൽ മിഷൻപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വൈദികരുടേയും കന്യാസ്ത്രീകളുടേയും സഹപ്രവർത്തകരുടേയും ബുദ്ധിമുട്ടുകളേയും ആവശ്യങ്ങളേയുംപററി അവൻ വിവരിച്ചു കേൾപ്പിച്ചു. കുഞ്ഞേലിച്ചേടത്തിയുടെ ഹൃദയത്തെ അതു സാരമായി സ്പർശിച്ചു. ഓടിച്ചെന്നു് ഒരു രണ്ടണത്തുട്ടു് എടുത്തുകൊണ്ടുവന്നു അവൾ ജായസിന്റെ നേർക്കുനീട്ടി.

"ഈ ഭാരത്തിൽക്കൂടി അങ്ങു ഇട്ടേച്ചാൽമതി." പെട്ടിനീട്ടിക്കാണിച്ചുകൊണ്ടു ജായസ് പറഞ്ഞു.

ക്ണിം...ിം...ി എന്ന ശബ്ദത്തോടെ ആ ലോഹത്തുട്ടു ആ പെട്ടിയിൽ വീണു. അവന്റെ ഹൃദയത്തിന്റെ അഗാധതയിൽ ചെന്നു തട്ടിപ്പുറപ്പെട്ട ഒരു സ്വരമായിരുന്നു, അതു്. അവന്റെ ഹൃദയം ആനന്ദത്താൽ തുള്ളിച്ചാടി. മുല്ലമൊട്ടുകളെ വെല്ലുന്ന ആ രണ്ടുവരിപ്പല്ലുകൾ ഉള്ളിലൊതുങ്ങാത്ത സന്തോഷത്തെ പുറത്തുകാട്ടുമാറായി വെമ്പൽകൊണ്ടു.

"അടുത്തയാഴ്ചയിൽവരുമല്ലോ? അപ്പോൾ സുകൃതങ്ങളുടെ കണക്കു് ഏല്പിക്കാം."

"വരാം." എന്നു പറഞ്ഞു കൃതജ്ഞത നിറഞ്ഞ നയനങ്ങളോടെ അവൻ വിടവാങ്ങി.

ജായസ് അന്നു പത്തൻപതു വീടുകൾ കയറിയിറങ്ങി. എല്ലായിടത്തും ഉദാരമായ സംഭാവനകളും, സഹായവാഗ്ദാനങ്ങളും അവനു ലഭിച്ചു. മണിമാളികകളും മൺമാടങ്ങളും അവൻ തള്ളിനീക്കി. ചെററക്കുടിലിലും പുലമാടങ്ങളിലും ആ സ്നേഹഭിക്ഷു കയറിച്ചെന്നു. ക്ഷീണമെന്നൊന്നു അവൻ അറിഞ്ഞില്ല. മഹാനായ അലക്സാണ്ടർ ചക്രവർത്തി ഇനിയും കീഴടക്കുവാൻ സാമ്രാജ്യങ്ങളില്ലല്ലോ എന്നോർത്തു വ്യസനിച്ചതുപോലെ ജായസും തന്റെ വാർഡിൽ ഇനിയും വീടുകൾ ഇല്ലല്ലോ എന്നോർത്തു ദുഃഖിച്ചു.

അവൻ ഇടയ്ക്കിടെ ആ പെട്ടി കിലുക്കിക്കൊണ്ടിരുന്നു അപ്പോൾ പുറപ്പെട്ട കിലുകിലാരവം എത്ര ആകർഷകമായി അവനു തോന്നി!! വീണാസ്വരത്തേക്കാൾ അതു ഇമ്പമേറിയതായിരുന്നു. മന്ദമാരുതനിൽ ചാഞ്ചാടുന്ന കുറിച്ചെടികളുടെ കളമർമ്മരത്തേക്കാൾ അതു മധുരമയമായിരുന്നു. ഹൃദയത്തിൽ ആനന്ദത്തുടിപ്പും ചുണ്ടത്തു പൊട്ടിച്ചിരിയുമായി അവൻ വീട്ടിലേക്കു തിരിച്ചു.

അവിരാച്ചൻ മുതലാളി ജായസിനെ കാണാതെ വിഷാദവാനായി രണ്ടാംനിലയിൽ കയറി ഇരിക്കുകയാണ്. ഇടയ്ക്കിടെ ലൂസിയെ വിളിച്ചു് ശകാരിച്ചിരുന്നു. വഴിയേപോയ ചെറിയാച്ചനോടു് അവിരാച്ചൻ ചോദിച്ചു:

"ജായസിനെ കണ്ടോ?"

"കൊച്ചുമുതലാളി ഒരു പെട്ടിയുമായി "മിഷനെ സഹായിപ്പിൻ" എന്നു പറഞ്ഞുകൊണ്ടു് നമ്മുടെ ചാക്കോമൂപ്പന്റെ മാടത്തിലേക്കു് കയറുന്നതു കണ്ടു."

അവിരാച്ചൻമുതലാളിയുടെ അഭിമാനചിന്ത അദ്ദേഹത്തെ തട്ടിയുണർത്തി. "കുടുംബത്തിന്റെ പാരമ്പര്യം നശിപ്പിക്കാൻ ജനിച്ചവനാണ് അവൻ." അദ്ദേഹം ക്രുദ്ധനായി പല്ലിറുമ്മി. "ഏതായാലും അവൻ ഇങ്ങു വരട്ടെ." എന്നു പറഞ്ഞുകൊണ്ടു് അക്ഷമനായി വരാന്തയിൽക്കൂടി ഉലാത്തിത്തുടങ്ങി.

ജായസ് തന്റെ ആദ്യത്തെ മിഷൻപിരിവിന്റെ സാഫല്യം ഓർത്തു ഉന്മത്തനായി മെല്ലെ ഒരു മൂളിപ്പാട്ടു പാടി ഗേയിററുകടന്നു വരികയാണ്. ഇടയ്ക്കിടയ്ക്കു പാട്ടിനു താളമായി അണത്തുട്ടുകൾ നിറഞ്ഞ ആ പെട്ടി കിലുക്കിക്കൊണ്ടിരുന്നു. അങ്ങനെ ജയഘോഷത്തോടെ സാമ്രാജ്യങ്ങൾ കീഴടക്കി വരുന്ന ഒരു രാജകുമാരനെപ്പോലെ അവൻ വീട്ടിലേക്കു കയറി.

"ജായസേ! ഇവിടെ വാ—?" അവിരാച്ചൻ വിളിച്ചു.

അവൻ ആ പെട്ടിയും കുലുക്കിക്കൊണ്ടു് ഗോവണിപ്പടികൾ ചാടിക്കയറി പിതാവിന്റെ അടുക്കലേക്കു് ഓടി. ജായസിനെ കണ്ടപ്പോഴേക്കും അവിരാച്ചൻമുതലാളിയുടെ മുഖം ക്രുദ്ധമായി. നാണയങ്ങൾ കിലുങ്ങുന്ന ആ പെട്ടി അവന്റെ കൈയിൽനിന്നും പിടിച്ചുപറിച്ചു ദൂരെയെറിഞ്ഞു.

"ജായസ്!" അദ്ദേഹം അലറി.

അവൻ ഇതികർത്തവ്യതാമൂഢനായി തലകുനിച്ചുനിന്നു. അവൻ തന്നോടു തന്നെ ചോദിച്ചു "എന്തേ അപ്പച്ചനിത്രമാത്രം കോപിക്കുവാൻ?" തന്റെ സർവ്വസ്വവുമായി കരുതിയിരുന്ന ആ മിഷൻപെട്ടി സ്വന്തപിതാവിന്റെ കൈകളാൽ തൃണസമാനം ദൂരെയെറിയപ്പെട്ടപ്പോൾ അവന്റെ ഹൃദയം വെന്തുനീറി. ചിന്തകൾ തന്നെ വീർപ്പുമുട്ടിക്കുന്നതായി അവനു തോന്നി.

"ജായസ്," വീണ്ടുമദ്ദേഹം വിളിച്ചു. വീണ്ടും മൗനം—

"കുടുംബത്തിന്റെ അഭിമാനത്തെ മറന്നു ചാക്കോയുടെ മാടത്തിലും വറീതിന്റെ കുടിലിലുമായി പിച്ചപ്പാത്രവും കൊണ്ടു നടക്കുവാൻ നിന്നോടാരു പറഞ്ഞു? നമ്മുടെ കുടുംബത്തിന്റെ പാരമ്പര്യം പുലർത്തേണ്ടവനാണ് നീ. എന്റെ സകല സ്വത്തുക്കളുടേയും അവകാശിയാണ് നീ. പണം എത്രവേണമെങ്കിലും ചോദിക്കൂ! തരുവാൻ ഞാൻ തയാറാണ്. പക്ഷെ അവിരാച്ചൻ മുതലാളിയുടെ മകൻ "ജായസ്" തെരുവുകളിൽക്കൂടിയും, കുടിലുകളിൽക്കൂടിയും ഭിക്ഷാടനത്തിനു നടക്കുവാൻ ഞാൻ അനുവദിക്കുകയില്ല."

ജായസിന്റെ ഹൃദയം ചിന്താഭാരത്താൽ മൂകമായി. ചുടുരക്തം തിളച്ചുമറിഞ്ഞുകൊണ്ടിരുന്ന ആ കവിൾത്തടങ്ങൾ വിളറിപ്പോയി. അവന്റെ കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞു. അവൻ പൊട്ടിക്കരഞ്ഞു. ജായസ് കണ്ണുയർത്തിനോക്കിയപ്പോഴാണ് ലൂസി കണ്ണുനീരോടെ വാതില്ക്കൽ വന്നുനില്ക്കുന്നതു കണ്ടതു്. അമ്മയെ കണ്ടപ്പോൾ അവൻ ധൈര്യംപൂണ്ടു അവിരാച്ചൻ അപ്പോഴും ക്രുദ്ധനായി അവനെ നോക്കിക്കൊണ്ടിരുന്നു. എങ്കിലും ആ കൊച്ചുഹൃദയം ഒരു സമരത്തിനുതന്നെ തയാറായി. ആദ്രപൂർണ്ണമായ സ്വരത്തിൽ അവൻ വിളിച്ചു

"അപ്പച്ചാ!"

"അപ്പച്ചന്റെ മകനായിരിക്കുന്നതിലും ഈ കുടുംബത്തിലെ ഒരംഗമായിരിക്കുന്നതിലും ഞാൻ അഭിമാനംകൊള്ളുന്നു. എന്നാൽ ഞാൻ ഭാരതത്തിന്റെ സന്താനമാണ്. കത്തോലിക്കാസഭയുടെ വിനീതസേവകനാണ്. എന്റെ സഹോദരങ്ങൾ അതെ, ഭാരതത്തിന്റെ അരുമസന്താനങ്ങൾ, പട്ടിണിയുടേയും അജ്ഞതയുടേയും മദ്ധ്യത്തിൽ, കിടക്കുവാൻ വീടില്ലാതെ, ഉടുക്കുവാൻ വസ്ത്രമില്ലാതെ, മാർഗ്ഗദർശനത്തിനുപദേശിയില്ലാതെ, അലഞ്ഞുതിരിയുന്നു. അവർക്കുവേണ്ടി മിഷനറിമാർ ചെയ്യുന്ന പ്രയത്നങ്ങളിൽ അവരെ അല്പമെന്നു സഹായിക്കുവാൻ, പുറകിൽനിന്നു ഉത്തേജനം നൽകുവാൻ എന്റെ കുടുംബത്തിന്റെ പാരമ്പര്യം എന്നെ അനുവദിക്കുകയില്ലെന്നോ? മിഷനെ സഹായിക്കാൻ പണം എത്രവേണമെങ്കിലും അങ്ങു തരാമെന്നോ? ഈ ജായസ് അതുകൊണ്ടു് തൃപ്തനാകണമെന്നോ? അവിടുത്തെ നൂറുരൂപാനോട്ടുകളെക്കാൾ എത്രയോ വിലപിടിച്ചവയാണ് ആ അണത്തുട്ടുകൾ. വിധവയുടെ കൊച്ചുകാശുപോലെ അവ അമൂല്യമാണ്. പണത്തിനുവേണ്ടി മാത്രമല്ല മിഷനറിമാർ കൈനീട്ടുന്നതു്. പിന്നെയോ പ്രാർത്ഥനകളും പരിത്യാഗങ്ങളുംവഴി അവരെ സഹായിക്കണം. അപ്പച്ചാ, ഞാൻ സഭയ്ക്കുവേണ്ടി, ഭാരതമിഷനുവേണ്ടി, എന്റെ സഹോദരങ്ങൾക്കുവേണ്ടി ഭിക്ഷയാചിക്കുന്നതു് അവിടുത്തെ കുടുംബപാരമ്പര്യം സഹിക്കില്ലെങ്കിൽ, ആ കുടുംബത്തിലെ ഒരംഗമായിരിക്കുന്നതിൽ എന്റെ ഹൃദയം വേദനിക്കുന്നു. എന്റെ ചുമതലകളുടെ മുൻപിൽ അപ്പച്ചൻ ഒരു വിലങ്ങുതടിയായി നില്ക്കരുതു്. എന്റെ ധിക്കാരത്തെ അങ്ങു ക്ഷമിക്കുക. അവിടുത്തെ ജായസിനെ അങ്ങു ശിക്ഷിച്ചുകൊള്ളുക. ഞാൻ ശിക്ഷയേല്ക്കുവാൻ തയാറായി ഇതാ നില്ക്കുന്നു."

ഉദ്ധതനായ ആ മുതലാളി തന്റെ പുത്രന്റെ മുൻപിൽ മറുപടിപറയുവാൻ വാക്കുകിട്ടാതെതപ്പി. പശ്ചാത്താപത്തോടെ അദ്ദേഹം പറഞ്ഞു. "ജായസ് നിന്റെ അപ്പച്ചന്റെ അറിവില്ലായ്മയെ ക്ഷമിക്കുക." അവിരാച്ചൻ, ദൂരെയെറിഞ്ഞ ആ മിഷൻപെട്ടിയുമെടുത്തുകൊണ്ടു് ജായസിനോടൊത്തു കാപ്പികുടിക്കുവാൻ ഗോവണിപ്പടി ചവുട്ടി ഇറങ്ങി. ആ പെട്ടിക്കകത്തു കിടന്നു ആ ലോഹത്തുട്ടുകൾ ജായസിന്റെ ഹൃദയത്തോടൊത്തു കിലുകിലെ പൊട്ടിച്ചിരിച്ചു.


## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം, ആലുവാ

അങ്കമാലി—എറണാകുളം—പെരുമ്പാവൂർ—ചാലക്കുടി

ഡെപ്പോസിററുകൾ സ്വീകരിക്കുന്നു.

| | |
|---|---|
| 15 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് | 3% |
| ഒരു കൊല്ലം | 4½% |
| രണ്ടു കൊല്ലം | 5% |
| മൂന്നു കൊല്ലം | 5½% |

Sathya Deepam

Vol. 25 | Ernakulam December 12, 1951 | No. 17

ആരോഗ്യപംക്തി

# ശരിയായ കാഴ്ചയുണ്ടാകുന്നതിന്

നിരവധിയാളുകൾ തങ്ങളുടെ കുഞ്ഞുങ്ങളെ ആരോഗ്യത്തിന്റേയും സന്തോഷത്തിന്റേയും മാർഗ്ഗത്തിലൂടെ നയിക്കുന്നതിനുള്ള പരിശ്രമത്തിൽ ചിലപ്പോൾ അവരുടെ കണ്ണിന്റെ കാഴ്ച ശാരീരികവും മാനസികവുമായ പൊതുപ്രവർത്തനങ്ങളുടെ ഭാഗമാണെന്നുള്ള വാസ്തവം വിസ്മരിക്കാറുണ്ട്.

കാഴ്ചയാണ് മറ്റെല്ലാവറെറക്കാളും ഏററവും വിലയേറിയതെന്നു പറയുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല; കാരണം ഈ ദർശനം മൂലമാണ് നാം അറിവും അനുഭവവും അധികമായി നേടുന്നത്. ശരിയായ കാഴ്ച, ശാരീരികവും മാനസികവുമായ പ്രവർത്തനങ്ങളുടെ പരിപൂർണ്ണ സഹകരണഫലമായുണ്ടാകുന്നതാണ്. ഈ സഹകരണം ജനനംമുതലാരംഭിക്കുന്ന പരിശീലനത്തിൽനിന്ന് രൂപവത്കരിക്കപ്പെടുന്നതാണ്. ഒരു ശിശുവിന്റെ ജീവിതത്തിൽ വസ്തുക്കൾ, വിശപ്പ്, ദാഹം, നിദ്ര മാതൃസ്നേഹം മുതലായ അതിന്റെ ശാരീരികാവശ്യങ്ങളും അനുഭവങ്ങളുമായി ഇടപഴകുന്നതുവരെ വസ്തുക്കൾക്ക് ഒരു വിലയുമില്ല. എന്നാൽ ഒരു ശിശുവിന്റെ ഒന്നാമത്തെ കൊല്ലത്തിൽ അതു് ക്രമേണ വസ്തുക്കൾ ദർശിച്ചും സ്പർശിച്ചും തിരിച്ചറിയുകയും, അപ്രകാരം സിദ്ധിക്കുന്ന അറിവും താല്പര്യവും നയനങ്ങളുടെ പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു.

മനുഷ്യന്റെ കണ്ണ് ജനനസമയത്തു് താരതമ്യേന വലുതാണ്; എങ്കിലും അതു് തുടരെ വളർന്നുകൊണ്ടിരിക്കയും യൗവനാരംഭത്തോടുകൂടി അതിന്റെ അന്തിമരൂപം പ്രാപിക്കയും ചെയ്യുന്നു. അതാതു് വ്യക്തികളനുസരിച്ച് നയനത്തിന്റെ അന്ത്യരൂപത്തിനും വ്യത്യാസം ഉണ്ടായിരിക്കും. ഒരു ശിശുവിന്റെ നയനങ്ങൾ ഏററവും അയവുള്ളതും, പരിതസ്ഥിതികളനുസരിച്ച് മാററങ്ങൾ സൗകര്യങ്ങളോടു കൂടിയതുമാകുന്നു. കൺമണികളുടെ ചലനത്തെ നിയന്ത്രിക്കുന്ന കട്ടികൂടാത്ത മാംസപേശികളും—ഓരോ നയനത്തിലും ഇവ ആറെണ്ണം വിതമുണ്ട്—ഈ പ്രായത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ് ചെയ്യുന്നതു്. നയനങ്ങൾ അന്ത്യരൂപം പ്രാപിക്കുന്നതിനുമുമ്പേ ഗണ്യമായ തോതിൽ വളരുന്നതും പരിവർത്തനങ്ങൾ സംഭവിക്കുന്നതും 6മുതൽ 16വരെയുള്ള വയസ്സിനിടയ്ക്കാണ്. ഈ കാലഘട്ടത്തിൽ നയനങ്ങൾ കാണുന്നതിനുപയോഗിക്കപ്പെടുന്നതൊഴികെ അവ വളരുകയും പല മാററങ്ങൾ അവയ്ക്കു സംഭവിക്കുകയും ചെയ്യുന്നു.

ജനനംമുതൽ യൗവനാരംഭംവരെയുള്ള ജീവിതഘട്ടത്തിൽ കാഴ്ചയുടെ ആവശ്യവും കർത്തവ്യവും ഏററവും ഗഹനവും അപരിഹാര്യവുമായതാണ്. അച്ചടിയന്ത്രങ്ങളും കൃത്രിമവെളിച്ചവും കണ്ടുപിടിക്കപ്പെട്ടതോടുകൂടി വിദ്യാഭ്യാസപദ്ധതികൾ അതിവേഗത്തിൽ പുരോഗമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിന്റെ ഫലമായി കുട്ടികൾക്ക് അഞ്ചുവയസ്സു പ്രായമാകുമ്പോൾ, ചിലപ്പോൾ അതിനു മുമ്പും, വായിക്കുന്നതിനും, എഴുതുന്നതിനും, കണക്കുകൾ കൂട്ടുന്നതിനും പഠിച്ചു തുടങ്ങുന്നു. പരിഷ്കൃതരാജ്യങ്ങളിലുള്ള കുഞ്ഞുങ്ങളുടെ കണ്ണുകൾ, ഒരു ദിവസത്തിൽ അനേകം മണിക്കൂർനേരം അടുത്തും അകലെയും സ്ഥിതിചെയ്യുന്ന അക്ഷരങ്ങൾ, സംഖ്യകൾ, ചിത്രങ്ങൾ മുതലായവയിന്മേൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്. ഇതു കൂടാതെ ചില കുട്ടികൾ സ്കൂൾസമയം കഴിഞ്ഞു് സംഗീതവും അഭ്യസിക്കുന്നു; ഇതും അടുപ്പക്കാഴ്ചയാവശ്യമുള്ള മറെറാരു പഠനമാണ്.

വിദ്യാർത്ഥികളുടെ ആവശ്യം ഒപ്പിച്ച് ശരിയായ പൊക്കത്തിലുള്ള ഡസ്കുകൾ സകല വിദ്യാർത്ഥികൾക്കും നൽകുന്നതിനു് എല്ലാ സ്കൂളുകൾക്കും ഒന്നുപോലെ കഴിയുന്നതല്ല. കുഞ്ഞുങ്ങളുടെ ആരോഗ്യത്തെയും സുഖത്തെയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർ, തങ്ങളുടെ പരിശ്രമങ്ങളെ അന്തർദേശീയവും, സാമ്പത്തികവും, സാമൂഹ്യവുമായ പ്രശ്നങ്ങൾ വിഫലമാക്കുന്നുവെന്നു് ഗ്രഹിക്കേണ്ടതാകുന്നു. ചില സന്ദർഭങ്ങളിൽ കുട്ടികൾക്ക് സ്കൂൾകെട്ടിടത്തിന്റെ വെളിയിൽപോയി കളിക്കുന്നതിനു് സൗകര്യം ലഭിക്കാതിരിക്കുമ്പോൾ വിദൂരസ്ഥങ്ങളായ സാധനങ്ങളിന്മേൽ കാഴ്ച പതിക്കുന്നതിനു് കഴിയാതാകുന്നു. ഇതുമൂലം നയനത്തിന്റെ ക്രമവത്കരണത്തിന്റെ ശക്തി വേണ്ടതുപോലെ പ്രയോഗിക്കപ്പെടുകയോ ശക്തിപ്പെടുകയോ ചെയ്യുന്നതല്ല. തന്മൂലം അടുത്തുള്ള വസ്തുക്കൾ കാണത്തക്കവണ്ണമായ രീതിയിലാണ് കണ്ണുകൾ രൂപം പ്രാപിക്കുന്നതു്. ഇതുമൂലം ദൂരെയുള്ള വസ്തുക്കളിൽ കാഴ്ച കേന്ദ്രീകരിപ്പാൻ കഴിവില്ലാതായിത്തീരുന്നു. ഈ അവസ്ഥയ്ക്കാണ് സാധാരണമായി അടുപ്പക്കാഴ്ച എന്നു പറയുന്നതു്.

കാഴ്ചക്കുറവ് പരിഹരിച്ച്, അതഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ഇന്നധികംപേർക്കും അറിയാവുന്നതാണ്. എന്നാൽ അവ അശേഷം പഠിച്ചിട്ടില്ലാത്തവരുടെ പ്രയോജനത്തെ മാത്രം പരിഗണിച്ച് ചിലതു് ചുരുക്കമായി ചുവടെ ചേർത്തുകൊള്ളുന്നു.

കുഞ്ഞുങ്ങൾ കുറച്ചുകാലത്തേക്ക് മൂക്കുകണ്ണാടി ഉപയോഗിച്ചാൽത്തന്നെയും കാഴ്ച അഭിവൃദ്ധിപ്പെടുന്നതു് കണ്ണിന്റെ മാംസപേശികൾക്കു വിശ്രമം നല്കുകയും, എല്ലാവിധ ഉൽക്കണ്ഠയും ദൂരീകരിക്കയും, വീണ്ടും അവയ്ക്കു വ്യായാമം കൊടുക്കയും ചെയ്യുന്നതുമൂലമാകുന്നു.

ഏററവും നിസ്സാരമായ അസ്വസ്ഥതകൾ എന്തെങ്കിലും നയനങ്ങൾക്കുണ്ടായാലുടൻ അനേകം കുട്ടികളും മൂക്കുകണ്ണാടി ഇപ്പോൾ ഉപയോഗിക്കാറുണ്ട്. എന്നാൽ കുഞ്ഞുങ്ങളുടെ കാഴ്ച ഗണ്യമായ തോതിൽ എപ്പോഴും മാറിക്കൊണ്ടിരിക്കുന്നു എന്നുള്ള വസ്തുത പലരും വിസ്മരിക്കുകയാണ് ചെയ്യുന്നതു്. ഇപ്രകാരമുള്ള ഒരു പരിവർത്തനഘട്ടത്തിൽ ഒരു നയനവിദഗ്ദ്ധൻ കണ്ടുപിടിക്കുന്ന നിസ്സാരമായ കെടുതികൾ മിക്കവാറും അരമണിക്കൂറോ മറേറാ മാത്രം നിലനില്ക്കുന്നതും, അതിന്റെ അന്ത്യം അനിശ്ചിതമായതുമാകുന്നു. എന്നാൽ പരിതസ്ഥിതികൾ അനുകൂലമായിത്തീരുമ്പോൾ കാഴ്ച ശരിയായിക്കൊള്ളുന്നതാണ്.

മൂക്കുകണ്ണാടി ഒരിക്കലുപയോഗിച്ചുതുടങ്ങുകയും, പിന്നീട് സ്കൂളുകളിൽവച്ചു പുസ്തകങ്ങളും ബുക്കുകളും കണ്ണിനടുത്തുവച്ച് വായിക്കുകയും എഴുതുകയും ചെയ്യുന്നസമയം തുടരെ ഉപയോഗിക്കയും ചെയ്യുമ്പോൾ, തന്മൂലം ക്രമേണ കണ്ണിന്റെ കേടു വർദ്ധിക്കുന്നതായിട്ടാണ് തെളിഞ്ഞിട്ടുള്ളതു്. ഇതിന്റെ ഫലമായി നാളുകൾ കഴിയുന്തോറും ശക്തി കൂടിയ കണ്ണാടികൾ ഉപയോഗിക്കേണ്ടതായും യൗവ്വനമാകുമ്പോഴേക്കും കണ്ണാടികൂടാതെ യാതൊന്നും ചെയ്യാനാവാത്ത പതനത്തിലെത്തുകയും ചെയ്യുന്നതായിരിക്കും.

ശരിയായ കാഴ്ചയുണ്ടാകുന്നതിനു് കാലേക്കൂട്ടി കുഞ്ഞുങ്ങളെ സഹായിക്കുന്നതായാൽ അവർക്ക് മൂക്കുകണ്ണാടി ഉപയോഗിക്കാതെ തന്നെ കഴിക്കാവുന്നതാണ്. രോഗപ്രതിരോധം, അതു് ചികിത്സിച്ച് സൗഖ്യമാക്കുന്നതിനെക്കാൾ എളുപ്പമാണ്, പ്രത്യേകിച്ചും കാഴ്ചയെ സംബന്ധിച്ചിടത്തോളം. ഇന്നത്തെ പരിതസ്ഥിതിയിൽ സ്കൂൾദിനങ്ങൾ സുഖമായി കഴിക്കാവുന്നതും, ആരോഗ്യകരവും ന്യായവുമായ കാഴ്ച ആയുഷ്ക്കാലത്തിനായി സജ്ജീകരിക്കാവുന്നതുമാകുന്നു.

(കേരളദീപം)

## അറിയിപ്പ്

മി. ററി. വി. സ്ലനിസ്ലാവോസ്, തെക്കേക്കരയെ കാളിയാർ ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ,
സത്യദീപം

## ഭയങ്കരം! ഭയങ്കരം!!

രണ്ടു ലോകമഹായുദ്ധങ്ങളിൽ സേവനംനടത്തി പല കീർത്തിമുദ്രകൾ നേടിയിട്ടുള്ള ഒരു അമേരിക്കൻ നാവികസേനാനായകൻ എഴുതിയിരിക്കയാണ്: "രണ്ടു ഭീകരസമരങ്ങളിലും ഞാൻ ദർശിച്ചിട്ടുള്ളതിനെക്കാൾ ഭയങ്കരമായ ഒരു കാഴ്ചയാണ് ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ ഞാൻ ബോസ്റ്റൺ നഗരത്തിൽ കാണാനിടയായതു്. 17വയസ്സുമാത്രം പ്രായമുള്ള ഒരു യുവാവ് ഒരു ഒൻപതുനില കെട്ടിടത്തിന്റെ മുകളിൽനിന്നു താഴേക്കു ചാടി ആത്മഹത്യ ചെയ്യാൻ സന്നദ്ധനായിനില്ക്കുന്നു. വലിയ ഒരു ജനാവലി താഴെ കൂടിയിട്ടുണ്ട്. അവർ ആർത്തുവിളിച്ചുകൊണ്ട് പറയുന്നു, "ഭേഷ്", ഭേഷ്, ചാടുക!" ഒരു പെൺകുട്ടി ഉച്ചത്തിൽ ആക്രോശിക്കയാണ്, "ചാടുക! ചാടുക! ഇത്തരം കാഴ്ചകളാണ് എനിക്കു രസകരം." നാവികസേനാനി തുടരുന്നു: "മനുഷ്യവർഗ്ഗം ഇത്ര ഭയങ്കരമായി അധ:പതിച്ചുപോയതെന്തുകൊണ്ടെന്നു ഞാൻ അമ്പരന്നുനിന്നു അന്വേഷണത്തിൽ, ഏതാനും ദിവസങ്ങൾക്കുമുമ്പ് നഗരത്തിൽ പ്രദർശിപ്പിച്ച ഒരു സിനിമയിലെ നായകൻ ഇതുപോലെ പ്രാണത്യാഗം ചെയ്യുന്നതായി കണ്ട ഈ യുവാവും ഈ ജനക്കൂട്ടവും അന്നത്തെ രംഗം അഭിനയിക്കുന്നതിനെപ്പററി അത്ഭുതപ്പെടാനില്ലെന്നു മനസ്സിലായി. ഇത്തരം ചിത്രങ്ങൾ പ്രദർശിപ്പിക്കുവാൻ അനുവദിക്കുന്ന അധികാരികളേയും, അവ ദർശിക്കുവാൻ കുട്ടികളെ അനുവദിക്കുന്ന മാതാപിതാക്കന്മാരേയും കുറിച്ച് എന്തുപറയേണ്ടു എന്നു ഞാൻ അറിയുന്നില്ല. ഭയങ്കരം! ഭയങ്കരം!! എന്നു പറയാനുള്ളു." സാമാന്യ്ഗികമായി നടക്കുന്ന ആത്മഹത്യകളെപ്പററി പര്യാലോചിച്ചാൽ അതിലും ഭയങ്കരംതന്നെ!

## ചൈനായിലെ മർദ്ദനം

### ബ്രിട്ടന്റെ പ്രതിഷേധം

ബ്രിട്ടീഷ് അമേരിക്കൻ മിഷനറിമാരെ അറസ്റ്റുചെയ്തു ബന്ധനത്തിൽ വെക്കുന്ന ചൈനായിലെ കമ്മ്യൂണിസ്റ്റുഗവമെന്റിന്റെ നയത്തിലും നടപടികളിലുമുള്ള പ്രതിഷേധം ബ്രിട്ടൻ പെക്കിംഗിലെ ബ്രിട്ടീഷ് അധികാരികൾ മുഖേന വെളിപ്പെടുത്തിയിരിക്കുന്നു. ചൈനായിൽ ദീർഘകാലമായി ജീവകാരുണ്യപരമായ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന മിഷനറിമാരോടും മററുള്ളവരോടും ചൈനായിൽ മനുഷ്യോചിതമല്ലാത്ത പെരുമാററംതന്നെ നടക്കുന്നുവെന്നു കാനഡായിലെ വിദേശകാര്യവകുപ്പു പ്രസ്താവിക്കുന്നു. അഞ്ചുമാസംമുൻപുണ്ടായ ബ്രിട്ടീഷ് പ്രതിഷേധത്തെത്തുടർന്ന് സ്ഥിതിഗതികൾ കൂടുതൽ വഷളാകുകയാണ് ചെയ്തതു്. ഉടൻതന്നെ ഗവമെണ്ടിന്റെ നടപടികൾക്ക് വ്യതിയാനമുണ്ടാക്കണമെന്ന് പ്രതിഷേധപ്രസ്താവനയിൽ നിർദ്ദേശമുണ്ട്. അഞ്ചു കന്യാസ്ത്രീകൾ ഉൾപ്പെടെ ഏഴു കാനഡാക്കാർ അറസ്റ്റുചെയ്യപ്പെട്ടിരിക്കുന്നുവെന്ന് കാനഡായുടെ പ്രസ്താവനയിൽ കാണുന്നു. മിഷനറിമാരെ 45ദിവസത്തോളം കന്യാസ്ത്രീകളേയും നാട്ടുകടത്തുവാനായി ബന്ധിച്ചിട്ടുള്ളതായി ഹോംകോങ്ങിൽ നിന്നുള്ള റിപ്പോർട്ടു അറിയിക്കുന്നു.

Church Distribution
Pictures, Calendars
& Xmas Cards

ഭക്തിപരമായ ചെറിയ പടങ്ങൾ, ചരമവാർഷിക പടങ്ങൾ എല്ലാതരങ്ങളും—കട്ടിയുള്ള ആർട്ടുപേപ്പറിൽ ഭംഗിയുള്ള നിറങ്ങളിൽ അച്ചടിച്ചിട്ടുള്ളതു്.

പ്രഥമദിവ്യകാരുണ്യസ്വീകരണസ്മാരകങ്ങൾ, വിവിധവലിപ്പത്തിലുള്ള ഫാത്തിമാചിത്രങ്ങൾ — കുറഞ്ഞ വിലനിരക്ക്.

1952-ലെ ഫാത്തിമാകലണ്ടറുകൾ—വില 100 ക്ക് 40 ക. യും 16 ക. യും.

65തരം ചെറിയചിത്രങ്ങളുടെ സൗജന്യക്യാററ്ലോഗിനു് 1 ക. 4 ണ. യ്ക്കു് തപാൽ സ്റ്റാമ്പയക്കുക.

എഴുത്തുകൾ ഇംഗ്ലീഷിൽമാത്രം

Fatima Publications,
58/3 Dubash Chambers,
Kumpta Street, Ballard Estate
Bombay 1

